Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 || 1129 ഇടവം 12 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു — എറണാകുളം 1954 മേയ് 26 || ലക്കം 38

## പത്താംപീയൂസ് മാർപ്പാപ്പായുടെ വിശുദ്ധപദപ്രഖ്യാപനം

### എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെയും, വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെയും ഇടയലേഖനങ്ങൾ

ഈ മേയ്മാസം 29-ാനു- പത്താംപീയൂസ് മാർപ്പാപ്പാ തിരുമേനിയെ വിശുദ്ധനായി പ്രഖ്യാപനം ചെയ്യുവാൻ പോവുകയാണെന്നുള്ള വസ്തുത നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. 1903 ആഗസ്റ്റ് മുതൽ 1914 ആഗസ്റ്റ്‌വരെ തിരുസഭയുടെ പരമാദ്ധ്യക്ഷസ്ഥാനം പ്രശസ്തമായവിധത്തിൽ അലങ്കരിക്കുകയും സഭയുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കുതകിയ കാര്യങ്ങൾ പലതും നേടുകയും ചെയ്തിട്ടുള്ള ഒരു മഹാത്മാവാണവിടുന്ന്.

സാമുദായികമോ സാമ്പത്തികമോ ആയ ഔന്നത്യത്തേക്കാൾ വ്യക്തിപരമായ വിശുദ്ധിക്കും കഴിവുകൾക്കുമാണ് തിരുസഭ പരിഗണന നൽകുന്നതെന്നുള്ളതിന് ഒരുത്തമോദാഹരണമാണ് പത്താംപീയൂസിൻെറ ചരിത്രം. സമുദായത്തിൻെറ താഴ്ന്നപടിയിൽ സ്ഥിതിചെയ്തിരുന്ന ഒരു ദരിദ്രകുടുംബത്തിലാണവിടുന്ന് ജനിച്ചത്. സ്വന്തം സാമർത്ഥ്യവും, സർവ്വോപരി ജീവിതവിശുദ്ധിയുംവഴിയായി അദ്ദേഹം പടിപടിയായിട്ടുയരുകയും അവസാനം തിരുസഭയുടെ പരമാധികാരിയായിട്ട വരോധിക്കപ്പെടുകയും ചെയ്തു. ഇപ്പോളിതാ സർവ്വാദരണീയനായ ഒരു വിശുദ്ധനായിട്ട് അദ്ദേഹം പ്രഖ്യാപിക്കപ്പെടുവാൻ പോകുന്നു. എളിയനിലയിൽനിന്നും അത്യുന്നതങ്ങളായ സ്ഥാനങ്ങളിലേക്കുയർത്തപ്പെട്ടപ്പോഴെല്ലാം അദ്ദേഹം ദാരിദ്ര്യത്തിൻേറയും എളിമയുടേയും വിനയത്തിൻേറയും ദീനാനുകമ്പയുടേയും ചൈതന്യം അഭംഗമായി ജീവിതകാലം മുഴുവൻ പുലർത്തിക്കൊണ്ടുപോന്നിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ.

മാർപ്പാപ്പാ എന്നുള്ള നിലയിൽ അദ്ദേഹത്തിൻെറ ശ്രദ്ധ പ്രധാനമായും പതിഞ്ഞതു് തിരുസഭയുടെ ആദ്ധ്യാത്മികജീവനെ പുനരുജ്ജീവിപ്പിച്ച് പ്രബലമാക്കി പുലർത്തിക്കൊണ്ടുവരിക എന്നുള്ളതിലായിരുന്നു.

തിരുസഭയുടെ വിശ്വാസസംഹിതകളുടേയും ആദ്ധ്യാത്മികചൈതന്യത്തിൻേറയും അടിത്തറ മാന്തുവാൻ പോരുന്ന മോഡേണിസം (Modernism) എന്ന പാഷണ്ഡതയുടെ നിഗൂഢങ്ങളായ പ്രവർത്തനങ്ങളെ അദ്ദേഹം ശ്രദ്ധാപൂർവ്വം പഠിക്കുകയും ധൈര്യപൂർവ്വം എതിരിടുകയും ചെയ്തു. അങ്ങനെ ഒരു വലിയ വിപത്തിൽനിന്നും തിരുസഭയെ അദ്ദേഹം സംരക്ഷിച്ചു.

ആദ്യകാലങ്ങളിൽ കൂടക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്ന പതിവു തിരുസഭയിൽ നിലവിലുണ്ടായിരുന്നുവെങ്കിലും 17-ാംശതാബ്ദത്തിൽ പ്രചരിച്ചുതുടങ്ങിയ ജാൻസൻെറ അബദ്ധസിദ്ധാന്തങ്ങൾവഴിയായി പ്രയോജനകരമായ ആ പതിവിന് കോട്ടംതട്ടിത്തുടങ്ങി. ദിവ്യകാരുണ്യം സ്വീകരിക്കുവാനുള്ള യോഗ്യത സാധാരണ ജനങ്ങൾക്കില്ലെന്നും പറഞ്ഞ്, ദിവ്യകാരുണ്യത്തോടുള്ള ബഹുമാനംകൊണ്ടെന്നുള്ള ഭാവത്തിൽ ജനങ്ങളെ കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുകയായിരുന്നു ജാൻസനും കൂട്ടുകാരും ചെയ്തിരുന്നത്. അങ്ങനെ വിശ്വാസികൾക്കു പാപത്തിനു പരിഹാരം ചെയ്യുന്നതിനും, പരീക്ഷകളെ ജയിക്കുന്നതിനും, പുണ്യത്തിൽ പുരോഗമിക്കുന്നതിനും, ദൈവാനുഗ്രഹങ്ങൾ സമൃദ്ധിയായി ലഭിക്കുന്നതിനും വേണ്ടി ദിവ്യനാഥൻ സ്ഥാപിച്ച വിശുദ്ധ കർബ്ബാനയിൽനിന്നും ആളുകൾ അകലുവാൻ തുടങ്ങി. തന്മൂലം തിരുസഭയുടെ ആദ്ധ്യാത്മിക ചൈതന്യം ക്ഷയിക്കുവാൻ ഇട വന്നു.




വിശുദ്ധനായ 10-ാംപീയൂസ് പാപ്പാ

ഈ തെററായ നിലപാടിനെ എതിർത്ത് കൂടക്കൂടെയും നിവൃത്തിയുണ്ടെങ്കിൽ എല്ലാദിവസവും ദിവ്യകാരുണ്യം സ്വീകരിക്കുവാൻ വിശ്വാസികളെ ആഹ്വാനം ചെയ്തതു് പത്താംപീയൂസ് മാർപ്പാപ്പായാണ്. കൂടെക്കൂടെ ദിവ്യകാരുണ്യം സ്വീകരിക്കുന്നവർ ചാവദോഷങ്ങളിൽനിന്നു മാത്രമല്ല മനഃപൂർവ്വമായ പാവദോഷങ്ങളിൽനിന്നുപോലും അകന്നിരിക്കുന്നതാണ് അഭിലഷണീയമായിട്ടുള്ളതെങ്കിലും, ആത്മാവ് ചാവദോഷത്തിലല്ലാതിരിക്കുകയും ദൈവസ്നേഹത്തിൽ കൂടുതൽ വളരണമെന്ന് ആഗ്രഹമുണ്ടായിരിക്കുകയും ശരിയായ ഒരുക്കമുണ്ടായിരിക്കുകയും ചെയ്യുമ്പോഴെല്ലാം കത്തോലിക്കാവിശ്വാസികൾക്കു ദിവ്യകാരുണ്യം സ്വീകരിക്കാവുന്നതാണെന്ന് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് പ്രഖ്യാപിച്ചു. അങ്ങനെ, അകന്നുപൊയ്ക്കൊണ്ടിരുന്ന ആ അമൂല്യങ്ങളായ അനുഗ്രഹങ്ങളുടെ ഉറവ വീണ്ടും സാധാരണ ജനങ്ങൾക്ക് അനുഭവിക്കാനിടയായി.

പത്താംപീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ട് തിരുസഭയിൽ ആരംഭിച്ച വിപ്ലവാത്മകമായ മറെറാരു പരിഷ്കാരം തിരിച്ചറിവായ കുട്ടികൾക്കെല്ലാം, വയസ്സേതായാലും, കുമ്പസാരിക്കുകയും വി. കുർബാന സ്വീകരിക്കുകയും ചെയ്യാമെന്നു നിശ്ചയിച്ചതാണ്.

സ്വഭാവവും വ്യക്തിത്വവും രൂപമെടുക്കുന്ന ബാല്യകാലത്ത് ആത്മാവിൻെറ അപ്പമായ ദിവ്യകാരുണ്യത്തിൽനിന്നും ലഭിക്കുന്ന അനുഗ്രഹവും ശക്തിയും ഉണ്ടായാലേ കുട്ടികളുടെ സ്വഭാവരൂപീകരണം എളുപ്പത്തിൽ സാധിക്കുകയുള്ളുവെന്ന് അവിടുന്ന് മനസ്സിലാക്കി. സുധീരമായ അവിടുത്തെ ഈ തീരുമാനം ഭാവിതലമുറകളുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്ക് എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്നുള്ളതു് ഊഹ്യമാണല്ലോ. തൻമൂലം അവിടുന്ന് "കുട്ടികളുടെ മാർപ്പാപ്പാ" എന്ന പേരിൽക്കൂടി അറിയപ്പെടുന്നുണ്ട്. ഇക്കാര്യത്തിൽ നാം അവിടുത്തോട് എന്നെന്നും കൃതജ്ഞതയുള്ളവരായിരിക്കേണ്ടതാണ്.

പത്താംപീയൂസ് മാർപ്പാപ്പാതിരുമേനിയോട്, നമ്മെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേകമായ കടപ്പാടുകൂടിയുണ്ട്. തിരുമനസ്സുകൊണ്ടാണ് 43 കൊല്ലങ്ങൾക്കുമുമ്പ് നമ്മെ മെത്രാൻസ്ഥാനത്തേക്ക് തിരഞ്ഞെടുത്തതു്. നമ്മുടെ അതിരൂപതയുടെ ആദ്യത്തെ അധിപനായിരുന്ന കാലംചെയ്ത മെത്രാനച്ചനോടും തിരുമനസ്സുകൊണ്ട് വളരെ കാരുണ്യവും വാത്സല്യവും പ്രദർശിപ്പിച്ചിരുന്നു. ഒരു മെത്രാനുപയോഗമുള്ള പല

ളും മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് മെത്രാനച്ചനു് സംഭാവന ചെയ്യുകയുണ്ടായി. കൂടാതെ സ്വന്തം കൈപ്പടയിൽ ഒരു കത്തും അദ്ദേഹത്തിനയച്ചിട്ടുണ്ടു്.

അങ്ങനെ, അസാധാരണമായ ജീവിതവിശുദ്ധികൊണ്ടും പ്രശസ്തങ്ങളായ സേവനങ്ങൾകൊണ്ടും തിരുസഭയുടെ ചരിത്രത്തിൽ അതിപ്രധാനമായ ഒരു സ്ഥാനമലങ്കരിക്കുന്ന പത്താംപീയൂസു് മാപ്പാപ്പാ തിരുമേനിയെ ഇത്ര വേഗം വിശുദ്ധന്മാരുടെ ഗണത്തിലേക്കുയർത്തുവാൻ കരുണയുണ്ടായ ദൈവത്തിനു്, നാം ഈയവസരത്തിൽ പ്രത്യേകം നന്ദിപറയണം. പുതിയ വിശുദ്ധൻവഴി ദൈവം നിങ്ങളെ ഏവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

## വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം

1903 ആഗസ്റ്റു് മുതൽ 1914 ആഗസ്റ്റു് 20-ാംതീയതി തൻെറ അനശ്വരസമ്മാനം സ്വീകരിക്കുന്നതിനു ദൈവം അദ്ദേഹത്തെ വിളിച്ചതുവരെ, മാപ്പാപ്പാപദം അലങ്കരിച്ചിരുന്ന പത്താംപീയൂസിൻെറ ആസന്നമായ വിശുദ്ധപദപ്രഖ്യാപനത്തെപ്പററി എല്ലാവർക്കും അറിവുള്ളതാണല്ലോ. റോമിൽ, വിശുദ്ധ പത്രോസിൻെറ ബസ്സിലിക്കയിൽവച്ചു് ഈ മാസം 29-ാംനു-യാണു് പ്രസ്തുത കർമ്മം നടത്തപ്പെടുന്നതു്. അൾത്താരയിലേക്കു് ഉയർത്തപ്പെടുന്ന വ്യക്തി ഒരു മാപ്പാപ്പാകൂടെ ആണെന്ന വസ്തുത ഈ കർമ്മത്തിൻെറ സവിശേഷതയെ വർദ്ധിപ്പിക്കുന്നു. അതു ഈ സംഭവത്തെ കൂടുതൽ മഹനീയമാക്കിത്തീർക്കുകയും തന്മൂലം അതു നമുക്കു കൂടുതൽ സന്തോഷത്തിനു വക നൽകുകയും ചെയ്യുന്നുണ്ടു്.

മാപ്പാപ്പാപദത്തിലേക്കു് ഉയർത്തപ്പെടുന്നതിനു മുൻപും അതിനു ശേഷവും, മഹോന്നതമായ ജീവിതവിശുദ്ധിയാലും വ്യക്തിപര

For favours received
through Pope Pius X
By
John Figueiredo,
Palluruthy

മായ പുണ്യസമൃദ്ധിയാലും മഹാനായ ഈ പരിശുദ്ധപിതാവു് പരിശോഭിച്ചിരുന്നുവെന്നതു് സുവിദിതമാണു്. വിനയാധിക്യംനിമിത്തം ഏററവും വൈമനസ്യത്തോടുകൂടിയാണു് പത്താംപീയൂസു്, ദൈവഹിതത്തിനു പരിപൂർണ്ണവിധേയനായി, സമുന്നതമായ ഈ സ്ഥാനം സ്വീകരിച്ചതു് എന്ന വസ്തുത ചരിത്രം അനുസ്മരിപ്പിക്കുന്നു. തിരുമേനിയെ ക്രിസ്തുവിൻെറ വികാരിയായി തിരഞ്ഞെടുക്കുന്നതിനു്, പരിശുദ്ധാത്മാവിയാൽ നയിക്കപ്പെടുന്ന കർദ്ദിനാൾ തിരുസംഘത്തെ പ്രേരിപ്പിച്ചതു് അവിടുത്തെ വ്യക്തിപരമായ വിശുദ്ധിയാണു്. സഭയുടെ അവകാശസംരക്ഷകൻ, കത്തോലിക്കാ വിശ്വാസസത്യങ്ങൾക്കു വേണ്ടി അടരാടുന്ന യോദ്ധാവു്, വൈദികജീവിതത്തേയും അദ്ധ്യയനരീതിയേയും പരിഷ്ക്കരിച്ച മഹാൻ, ദിവ്യകാരുണ്യ ഭക്തിപ്രചാരകൻ, കാനോൻനിയമ പരിഷ്ക്കരണം ആരംഭിച്ചു ഭൂരിഭാഗവും പൂർത്തിയാക്കിയ നിയമപടു, സർവ്വോപരി, പുണ്യപാരമ്യത്താലും ജീവിതവിശുദ്ധിയാലും എല്ലാവരുടേയും ബഹുമാനാദരവുകൾക്കു് പാത്രമായ വ്യക്തി, എന്നീ നിലകളിൽ വിശുദ്ധ പത്രോസിൻെറ പിൻഗാമികളുടെ സുദീർ

ഘമായ അണിയിൽ അവിടുന്നു പരിലസിക്കുന്നു. അടുത്തടുത്തും അനുദിനവുമുള്ള ദിവ്യകാരുണ്യസ്വീകരണം എന്ന പുരാതന സമ്പ്രദായം പുനരാരംഭിക്കുകയും ഏഴുവയസ്സു പ്രായമുള്ള കുട്ടികൾക്കു് ദിവ്യകാരുണ്യം നൽകണമെന്ന പരിഷ്ക്കാരം ഏർപ്പെടുത്തുകയും ചെയ്ത മാപ്പാപ്പായെന്ന നിലയിൽ അവിടുന്നു പ്രത്യേകം സ്നേഹാദരപൂർവ്വം സ്മരിക്കപ്പെടുന്നു. പിന്നീടുള്ള തലമുറകൾക്കു് ഇതു മഹത്തായ ആദ്ധ്യാത്മികപ്രചോദനവും, സമൃദ്ധമായ വരപ്രസാദങ്ങളുടേയും അമൂല്യമായ അനുഗ്രഹങ്ങളുടേയും ഉറവയും ആയിത്തീർന്നിട്ടുണ്ടു. ജീവിതത്തിൻെറ പ്രാരംഭഘട്ടത്തിൽ മനുഷ്യനെ നാശത്തിലേക്കു് ആനയിക്കുന്ന തിന്മകൾക്കു അതു ഏക്കാലവും പ്രബലമായ പ്രതിവിധിയായിരിക്കുന്നതുമാണു്.

നിര്യാതനാകുന്നതിനു വളരെ മുൻപുതന്നെ പത്താംപീയൂസിൻെറ ജീവിതവിശുദ്ധിയുടെ സൗരഭ്യം ലോകമെങ്ങും വ്യാപിച്ചിരുന്നു. ജീവിതകാലത്തിൽ അവിടുന്നു പല അത്ഭുതങ്ങളും പ്രവർത്തിക്കുകയുണ്ടായി; മരണാനന്തരം തിരുമേനിയുടെ മാദ്ധ്യസ്ഥത്താലുണ്ടായ അത്ഭുതങ്ങളും നിരവധിയാണു്.

അതിനാൽ വീരോചിതമായ നിലയിൽ അവിടുന്നു് പരിശീലിച്ച പുണ്യങ്ങളും, അദ്ദേഹത്തിനു് സംലബ്ധമായിരുന്ന ദിവ്യവരങ്ങളും, തൻെറ ജീവിതവിശുദ്ധിയെപ്പററിയുള്ള പ്രഖ്യാതിയും, ജീവിതകാലത്തും മരണശേഷവും അവിടുത്തെ മാദ്ധ്യസ്ഥം വഴി നടന്നിട്ടുള്ള അത്ഭുതങ്ങളും, തൻെറ ശവകുടീരത്തിലേക്കു് തുടർച്ചയായി ഓടിക്കൂടുന്ന വിശ്വാസികളുടെ പ്രവാഹവും, തിരുമേനിയെ അൾത്താരയിലേക്കുയർത്തിക്കാണുവാൻ വിശ്വാസികൾ പ്രദർശിപ്പിച്ച ഏകയോഗവും ഹൃദയംഗമവുമായ ആഗ്രഹവും, തിരുമേനിയെ ധന്യനെന്നും വിശുദ്ധനെന്നും പ്രഖ്യാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ റോമൻകച്ചേരിയുടെ അത്യുന്നത കർദ്ദിനാളന്മാരെ പ്രേരിപ്പിക്കയത്രെ ചെയ്തതു്. ഈ നടപടിയുടെ സന്തോഷസന്ദായകമായ സമാപനമാണു് ഈ മാസം 29-ാംതീയതി റോമയിൽവച്ചു നടത്തപ്പെടുന്നതു്.

ഇത്തരുണത്തിൽ അവിടുത്തെ കൃപാതിരേകത്തിനു് ദൈവത്തോടു് കൃതജ്ഞത പ്രകാശിപ്പിക്കുവാൻ വിശ്വാസികളെ ഏവരേയും ഉദ്ബോധിപ്പിക്കുകയും ഈ സന്ദർഭം സമുചിതമായി ആഘോഷിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തുകൊള്ളട്ടെ,

—o—

## ബർമ്മാക്കാർ നാമകരണച്ചടങ്ങിൽ സംബന്ധിക്കുന്നു

29-ാംതീയതി നടക്കുന്ന വാഴ്ത്തപ്പെട്ട പത്താംപീയൂസിൻെറ പുണ്യപദപ്രഖ്യാപനത്തിൽസംബന്ധിക്കുന്നതിനു ബർമ്മയിൽനിന്നു ഒരു തീർത്ഥകസംഘം സംഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. ബർമ്മയിലെ വിദ്യാഭ്യാസമന്ത്രിയും ഒരു കത്തോലിക്കനുമായ താൻ ആഗ് എന്ന ദേഹമാണു് അതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതു്. അവർ മരിയതീർത്ഥങ്ങൾ പലതും സന്ദർശിക്കുന്നതാണു്. ബർമ്മയുടെ ആകെ ജനസംഖ്യ രണ്ടുകോടിയോളം വരുമെങ്കിലും അവിടെ കത്തോലിക്കർ ഒന്നരലക്ഷത്തോളമെയുള്ളു.

—o—

തിരുസഭാചരിത്രം 29

# ആദിമസഭയിലെ ആചാരാനുഷ്ഠാനങ്ങൾ

(പ്രഫസർ പി. ററി. തോമസ് എം. എ.)

(തുടർച്ച)

## കർബാന

അപ്പസ്തോലന്മാരുടെ കാലത്തു് ദിവ്യബലി അർപ്പിച്ചിരുന്നതു് സായാഹ്നവേളയിലാണു്. ദിവ്യബലിക്കു മുൻപായി വിശ്വാസികളെല്ലാവരുംചേർന്നു് ഒരു പൊതുഭോജനം നടത്തിയിരുന്നു. നമ്മുടെ കർത്താവിൻെറ അന്ത്യഭോജനത്തെ അനുസ്മരിപ്പിക്കുന്ന ഈ ചടങ്ങിനു് സ്നേഹസദ്യ (Agape അഥവാ love-feast) എന്നാണു് പറഞ്ഞുവന്നിരുന്നതു്. വിശ്വാസികൾ കാഴ്ചയായി കൊണ്ടുവന്നിരുന്ന വിഭവങ്ങൾകൊണ്ടാണു് ഈ സദ്യ ഒരുക്കിയിരുന്നതു്. സ്നേഹസദ്യയോടുകൂടി പ്രാർത്ഥനകളും, വേദപുസ്തകപാരായണവും, സ്തോത്രഗീതാലാപവും നടത്തപ്പെട്ടിരുന്നു.

സ്നേഹസദ്യയ്ക്കുശേഷം ദിവ്യകർമ്മങ്ങൾ ആരംഭിക്കുന്നു. ആദ്യമായി വേദപുസ്തകത്തിൽനിന്നും ചില ഭാഗങ്ങൾ വായിക്കുന്നു. അതിനുശേഷം മെത്രാൻ വായിക്കപ്പെട്ട കാര്യങ്ങളെ അധികരിച്ചു് വിശ്വാസികളോടു് പ്രസംഗിക്കുന്നു. അതിനെത്തുടർന്നു് സ്തോത്രഗീതങ്ങൾ, പരസ്യമായ സമൂഹപ്രാർത്ഥന, സാധുക്കൾക്കുവേണ്ടിയുള്ള ധർമ്മശേഖരണം ഇവ നടക്കുന്നു. ഈ ഘട്ടത്തിൽ വിശ്വാസികൾ പരസ്പരം സമാധാനത്തിൻെറ ചുംബനം നൽകുന്നു. ഇത്രയും കഴിഞ്ഞു് ദിവ്യബലി ആരംഭിക്കുന്നു. അപ്പവും വെള്ളം കലർത്തിയ വീഞ്ഞും കാർമ്മികനായ മെത്രാൻെറ പക്കലേക്കു് കൊണ്ടുവന്നുകഴിയുമ്പോൾ അദ്ദേഹം ചില പ്രാർത്ഥനകൾ ഉച്ചരിക്കുന്നു. ദിവ്യബലിയുടെ സമയത്തു് ചൊല്ലുന്നതിനുവേണ്ടി പ്രത്യേകം നിർദ്ദിഷ്ടങ്ങളായ പ്രാർത്ഥനകൾ ഒന്നും അക്കാലത്തു് ഇല്ലായിരുന്നു. അപ്പവും വീഞ്ഞും മുൻപിൽവച്ചുകൊണ്ടു് കാർമ്മികൻ അദ്ദേഹത്തിനു് ഉചിതമെന്നു തോന്നുന്ന വാക്കുകളിൽ പല പ്രാർത്ഥനകൾ അർപ്പിക്കുകയും ദൈവത്തോടു് നന്ദിപ്രകാശിപ്പിക്കയും ചെയ്തിരുന്നു. കൂദാശകർമ്മസമയത്തു (Consecration) കാർമ്മികൻ നമ്മുടെ കർത്താവിൻെറ പീഡാനുഭവത്തെ അനുസ്മരിപ്പിക്കുന്ന ഒരു പ്രാർത്ഥനയും ഇന്നും വൈദികർ ഉച്ചരിച്ചുപോരുന്ന അതേ കൂദാശാവചനങ്ങളും ചൊല്ലിയിരുന്നു.

അതിനുശേഷം പ്രധാനകാർമ്മികൻ ക്രിസ്തുവിൻെറ ശരീരവും രക്തവുമാകുന്ന കൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും വിശ്വാസികൾക്കു നൽകുന്നതിനായി ശമ്മാശന്മാരെ ഏല്പിക്കുന്നു. ദിവ്യബലിയിൽ സംബന്ധിച്ചിരുന്ന എല്ലാ വിശ്വാസികളും വിശുദ്ധ കർബാന കൈക്കൊള്ളുമായിരുന്നു. അപ്പവും വീഞ്ഞും അവരവരുടെ കൈകൾകൊണ്ടു വാങ്ങിയാണു് ഉൾക്കൊണ്ടിരുന്നതു്. കർബാനയിൽ സംബന്ധിക്കാൻ നിവൃത്തിയില്ലാതിരുന്ന വിശ്വാസികളുടെ പക്കലേക്കു് ശമ്മാശന്മാർ ദിവ്യകാരുണ്യം കൊണ്ടുപോയികൊടുത്തിരുന്നു. വീട്ടിൽവച്ചു സൂക്ഷിച്ചു് ദിവസേന കൈക്കൊള്ളുന്നതിനായിട്ടു് കൂദാശചെയ്യപ്പെട്ട അപ്പം വിശ്വാസികളെ ഏല്പിച്ചുകൊടുത്തിരുന്നു. ഇന്നത്തെപ്പോലെ അപ്പത്തിൻെറ രൂപത്തിൽ മാത്രം വിശുദ്ധ കർബാന സ്വീകരിക്കുന്ന രീതിയും അന്നു് അനുവദിക്കപ്പെട്ടിരുന്നുവെന്നു് ഇതിൽനിന്നു മനസ്സിലാക്കാം. മതപീഡനകാലങ്ങളിൽ വിശ്വാസികൾ കൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും അവരവരുടെ വീടുകളിൽ സൂക്ഷിക്കുക പതിവായിരുന്നു. ദീർഘയാത്രയ്ക്കു പുറപ്പെടുമ്പോൾ അവയെ കൂടെകൊണ്ടുപോവുകയും ചെയ്തിരുന്നു. "ചുള്ളികൾകൊണ്ടുണ്ടാക്കിയ ഒരു കൂടയിൽ ക്രിസ്തുവിൻെറ ശരീരവും ഒരു ഗ്ലാസിൽ ക്രിസ്തുവിൻെറ രക്തവും സംവഹിക്കുന്നവനേക്കാൾ ധനികനായി ആരുമില്ല" എന്നു് വി. ജറോം പ്രസ്താവിക്കുന്നു.

രണ്ടാംശതാബ്ദത്തിൻെറ ആരംഭത്തോടുകൂടി സായാഹ്നസമയത്തിനുപകരം അതിരാവിലെ ദിവ്യബലിയർപ്പിക്കുന്ന പതിവു് നടപ്പിലായി. അതോടുകൂടി ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനു മുൻപു് ഉപവാസം അനുഷ്ഠിക്കുന്ന ക്രമവും നടപ്പിൽവന്നു. സ്നേഹസദ്യ ദിവ്യബലിയോടനുബന്ധപ്പെടാത്ത ഒരു സാമൂഹ്യാചാരമായി തുടർന്നുപോന്നു. സാധുക്കളെ സഹായിക്കുന്നതിനും ക്രിസ്ത്യാനികൾക്കു് പരസ്നേഹപ്രവൃത്തികളിൽ അഭിനിവേശം ജനിപ്പിക്കുന്നതിനുംവേണ്ടിയുള്ള ഒരു മതപരമായ ചടങ്ങായി അതവശേഷിച്ചു എന്നാൽ കാലക്രമേണ അതു് വളരെ അഴിമതികൾക്കു് ഇടയാക്കിയതിനാൽ പള്ളികളിൽവച്ചു് സ്നേഹസദ്യ നടത്തുന്ന ഏർപ്പാടു് നിറുത്തലാക്കി. A. D. 692-ൽ നടന്ന ട്രൂളോ(Trullo)യിലെ സൂനഹദോസു് അതിനെ പൂർണ്ണമായി നിരോധിക്കയും ചെയ്തു.

ആദ്യത്തെ മൂന്നു ശതകങ്ങളിൽ ദിവ്യബലി ഞായറാഴ്ചകളിൽ മാത്രമാണു് അനുഷ്ഠിക്കപ്പെട്ടിരുന്നതു് എന്നാൽ ഈ കാലത്തിൻെറ അവസാനഘട്ടത്തിൽ റോമയിലും ആഫ്റിക്കയിലും അനുദിനം ദിവ്യബലി അർപ്പിക്കപ്പെട്ടിരുന്നതായിക്കാണുന്നു.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

എ. കെ. ജോസഫ്, കാട്ടൂർ

വൈദികരുടെയും ശമ്മാശന്മാരുടെയും സഹായത്തോടുകൂടി മെത്രാനാണു് ദിവ്യബലി അർപ്പിച്ചിരുന്നതു്. മെത്രാൻെറ പ്രത്യേക അനുവാദത്തോടും, അദ്ദേഹം നൽകുന്ന അധികാരത്തോടുംകൂടി മാത്രമേ ഒരു വൈദികനു് കർബാന അർപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളു. ഒരു സ്ഥലത്തു് പല ദൈവാലയങ്ങളുണ്ടായിരുന്നാൽ മെത്രാൻെറ പള്ളിയിൽവച്ചു് ദിവ്യബലി അർപ്പിക്കയും അവിടെ നിന്നു് കൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും മററു പള്ളികളിലേക്കു കൊണ്ടുപോവുകയുമായിരുന്നു പതിവു്. സഭയുടെ ഐക്യത്തിൻെറ അടയാളമായിരുന്ന ഈ ആചാരം റോമയിൽ വളരെ നാൾ നിലനിന്നുപോന്നു.

മേൽകൊടുത്തിട്ടുള്ള വിവരണത്തിൽനിന്നും ദിവ്യബലിയുടെ രൂപത്തിലോ സാരാംശത്തിലോ



# ടെലെവിഷൻ (T V) ബിഷപ്പ്

(തോമസ്സ് മത്തിപ്പറമ്പിൽ)

ക്രൈസ്തവലോകത്തു് പ. പിതാവു് പന്ത്രണ്ടാംപീയൂസു് തിരുമനസ്സുകൊണ്ടു് കഴിഞ്ഞാൽ ഏററം സ്വാധീനശക്തിയുള്ള ഒരു സ്വരം ടെലിവിഷൻ മുഖേന മുഴങ്ങുന്ന ആ അൻപത്തെട്ടുകാരൻേറതാണു്—ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ.

ഷീൻ തിരുമേനി ഒരു പരിചിതവസതി സന്ദർശിച്ചപ്പോൾ



ബിഷപ്പ് ഷീൻ

അവിടുന്നു പറയുകയുണ്ടായി, അവരുടെ വാസസ്ഥലം അത്ര പഴയതായി തോന്നുന്നില്ല എന്നു്. കാരണം, കേവലം അവർ ബാലരാണു്, ദൈവത്തിൻേറ സന്താനങ്ങളാണു് എന്നവിടുന്നു പറഞ്ഞു. അവരുടെ ജീവിതം രണ്ടാമത്തെ ബാല്യകാലമാണെന്നുള്ള ആശയത്തോടു യോജിപ്പിച്ചാണു് അദ്ദേഹം പറഞ്ഞതു്.

ലോകത്തിലേക്കും വലിയ ന്യൂയോക്കു് അതിരൂപതയിലെ നാല്പത്തിയേഴുലക്ഷത്തിൽപ്പരം കത്തോലിക്കരുടേയും ചിന്ത, അവരുടെ സഹായമെത്രാനു് അവരിൽ ഓരോരുത്തരിലും വ്യക്തിപരമായ ശ്രദ്ധയുണ്ടെന്നുള്ളതാണു്. അതിനെ അന്വർത്ഥമാക്കിക്കൊണ്ടുതന്നെയാണു് ഷീൻ തിരുമേനിയുടെ പോക്കു്. ഒരിക്കൽ അവിടുത്തെ ധൃതഗതിയിലുള്ള പോക്കിനിടയിൽ, ഒരു ഹോട്ടലിൻെറ വാതായനത്തിൽ നിന്നിരുന്ന ഒരു ഐർലണ്ടുകാരൻെറ ഇടതുകരത്തിലിരുന്ന ജപമാല അവിടുന്നു കാണുകയും, പെട്ടെന്നു തിരിഞ്ഞു അതു് വെഞ്ചരിച്ചുകൊടുക്കുകയുംചെയ്തു. മന്ദസ്മിതം തൂകി അയാളോടു അല്പം സംസാരിച്ചതിനുശേഷമാണു് അവിടുന്നു കടന്നുപോയതു്.

ഇപ്രകാരമുള്ള സംഗതികളാണു് അദ്ദേഹത്തെ ഒരു പ്രത്യേക മനുഷ്യനാക്കുന്നതു് ഷീൻ തിരുമേനി വലിയ പട്ടണങ്ങളെ ഹൃദയംഗമമായി സ്നേഹിക്കുന്നു: അതുകൾ അപ്രകാരം അദ്ദേ-

ട്ടം. ന്യൂയോക്കുതന്നെ അദ്ദേഹത്തോടു ഒരു പ്രത്യേക പ്രതിപത്തി കാണിക്കുന്നുണ്ടു്. എല്ലാ ആഴ്ചയിലുമുള്ള തൻെറ റേഡിയോ പ്രഭാഷണത്തിനു് (Catholic Hour) വാഷിംഗ്ടണിൽനിന്നും അദ്ദേഹം അവിടേക്കു വരുന്നു. ഇതിനുവേണ്ടി എല്ലാപ്രസംഗകർക്കുമുള്ള 25 ഡോളർ സ്റ്റൈപ്പൻറിനും പുറമെ യാത്രച്ചിലവിനുവേണ്ടി 25 ഡോളറിൻെറ ചെക്കുംകൂടെ നൽകുന്നു. തൻെറ കുറെ കാലത്തെ പ്രസംഗങ്ങൾകൊണ്ടു് വലിയ തുക സമ്പാദിക്കുവാൻ കഴിയുമെന്നു വിചാരിക്കുന്നവർ, യാഥാർത്ഥ്യം മനസ്സിലാക്കാത്തതുകൊണ്ടാണു് അപ്രകാരം അനുമാനിക്കുന്നതു്.

തമാശുകൾ ഷീൻ തിരുമേനിയുടെ ഒരു കൂടപ്പിറപ്പാണു്. അതിൽ അസൂയാലുക്കളും ഇല്ലാതില്ല. അവിടുത്തേക്കു അഭിനയവും നല്ലവശമാണു്. തൻെറ വിരലുകളാണു് അതു നിർവ്വഹിക്കുന്നതു്. ഈ വസ്തുത ഹോളിവുഡ്ഡിലെ താരങ്ങൾപോലും വകവച്ചുകൊടുക്കുന്നു. ബിഷപ്പ് ഷീനിനു് 8000-ൽപ്പരം കത്തുകൾ ഒരാഴ്ചയിൽ കിട്ടുന്നുണ്ടു്. തൻെറ ടെലിവിഷൻ പ്രദർശനം നൽകുന്ന ഡ്യൂമോണ്ഡു് (Du Mond) ലേക്കു പ്രതിവാരം 5000 അപേക്ഷകളാണു് അരമണിക്കൂർമാത്രം ദീർഘിക്കുന്ന അവിടുത്തെ ദർശനത്തിനു വേണ്ടി പ്രവഹിക്കുന്നതു്. 1100 അപേക്ഷകൾ പ്രാവർത്തികമാക്കുന്നുണ്ടുതാനും. ഇതു പ്രദർശനം നൽകുന്ന അഡെൽഫിതിയേററിൻെറ (Adelphi theatre) മുഴുവൻ കഴിവാണു്. കറുത്ത മേൽവസ്ത്രവും ധരിച്ചു് തൻെറ രണ്ടു അസിസ്റ്റൻറന്മാരോടുകൂടി (Mgr. Charles J. Mc Bride and Father Joseph J. Tennant) 7. 25-നു് ആഗതനാകുന്ന അവിടുത്തെ ശ്രവിക്കുവാൻ ജനം തടിച്ചുകൂടിയിരിക്കും. ദിനംപ്രതി അവിടത്തെ പ്രസംഗമണ്ഡപങ്ങൾ കൂടിക്കൂടിയാണു വരുന്നതു്. 1952 ഫെബ്രുവരിയിൽ അവിടുത്തേക്കു മൂന്നു സ്റ്റേഷൻ ഉണ്ടായിരുന്നതു് മെയ് ആയപ്പോഴേക്കും 35 ആയി. രണ്ടുവർഷത്തേക്കു ഈ ഇനത്തിൽ ഒരു കോടി ഡോളർ ലഭിച്ചു. പക്ഷേ, ഒരു സെൻറുപോലും സ്വന്തം ആവശ്യത്തിനു് എടുക്കാതെ ആ തുക മുഴുവൻ വേദപ്രചാരണാർത്ഥം 603 മിഷൻ ഡിസ്ട്രിക്ടുകളിലായി ചിലവഴിക്കുന്നു. 1952 നവംബറിനും 1953 മേക്കും ഇടയ്ക്കു അവിടുത്തേക്കു 75 സ്ഥലങ്ങളിൽ പ്രസംഗിക്കേണ്ടിയിരുന്നു. തിയേററിൽ അവിടുന്നു ആഗതനാകുമ്പോൾ അവിടെക്കാണുന്ന ഏതാനും വ്യക്തികളുമായി സ്വല്പം സംസാരിക്കുന്നു. അതിനുശേഷം യാത്രയിൽ ഉപയോഗിച്ചിരുന്ന വേഷം മാറുന്നു. ചുമന്ന പീത്തവച്ച കറുത്ത പുറംകുപ്പായം, തൻെറ സ്ഥാനാരോഹണവേളയിൽ (1951 ജൂൺ11) പ. പിതാവു കല്പിച്ചു സമ്മാനിച്ച സ്വർണ്ണക്കുരിശു്, ചുമന്ന പട്ടം മൂടി, അതിനു പുറമെ പട്ടുകൊണ്ടുള്ള മുക്കോണൻ—ഇതാണവിടത്തെ വേഷം. അഡെൽഫിതിയേററിൻെറ ഉടമസ്ഥൻ സാവൂൾ അബ്രാഹം (Saul Abraham) പറയുന്നു, തൻെറ 50കൊല്ലത്തെ ഈ ഉദ്ദേശസംരംഭങ്ങളിൽ ഇത്രയും ബഹുമാന്യരും, ബുദ്ധിമതികളുമായ സദസ്യരെ തന്നിലേക്കു ആകർഷിക്കുന്ന ഒരു മനുഷ്യനെ കണ്ടിട്ടില്ല, എന്നു്. അത്രമാത്രം വശ്യവചസ്സാണദ്ദേഹം.

ഷീൻ തിരുമേനി പഴയനിയമത്തിലെ പ്രവാചകനെപ്പോലെ സംസാരിക്കുമ്പോൾ ടെലിവിഷൻ ക്യാമറായിൽ തന്നെ മുഴുവനായി കാണാം. താഴ്ന്നസ്വരത്തിൽ സംസാരിക്കുമ്പോൾ അവിടത്തെ മുഖം വലുതാക്കി പ്രദർശിപ്പിക്കപ്പെടുന്നു. പ്രസംഗകൻ മന്ദസ്മിതം തൂകുമ്പോൾ അതു സൂര്യോദയംപോലെ തോന്നുമാറു് ക്യാമറാ പ്രവർത്തിക്കുന്നു. അനുഗൃഹീതനായ ആ പ്രഭാഷകൻ ഉത്തരോത്തരം വിജയിക്കുമാറാകട്ടെ!

---

ഇന്നുവരെ യാതൊരു മാററവും സംഭവിച്ചിട്ടില്ലെന്നു കാണാം. വി ഗ്രന്ഥപാരായണം, സ്തോത്രഗീതം, പ്രസംഗം, സമൂഹപ്രാർത്ഥന, കാഴ്ചവയ്പു്, അപ്പവും വീഞ്ഞും കൂദാശചെയ്യുക, ദിവ്യകാരുണ്യസ്വീകരണം ഇവയെല്ലാം ഇന്നും തിരുസ്സഭയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിയുടെ പ്രധാന അംശങ്ങളാണു്. പുരാതന ക്രിസ്ത്യാനികൾ അധികപങ്കും യഹൂദമതത്തിൽനിന്നും പരിവർത്തനം പ്രാപിച്ചവരാകയാൽ ആദിമസഭയിലെ ആരാധനക്രമം യഹൂദമുറയനുസരിച്ചാണു് രൂപം പ്രാപിച്ചതു്. വേദപുസ്തകപാരായണം, വൈദികൻെറ ഉൽബോധനം, സ്തോത്രഗീതാലാപം, പ്രാർത്ഥനകൾ, ഇവയെല്ലാം യഹൂദമതകർമ്മങ്ങളിൽനിന്നും ക്രിസ്തുമതത്തിലേക്കു സ്വീകരിക്കപ്പെട്ടിട്ടുള്ള മുറകളാണു്.

നാടിൻെറ നാനാ ഭാഗത്തും

OCB

മലകളും താഴ്വരകളും കായലുകളും നിറഞ്ഞ ഈ നാടിൻെറ വിവിധത്വം കലർന്ന ഭൂപ്രകൃതിപോലെതന്നെയാണു് നമ്മുടെ വാണിജ്യവ്യവസായങ്ങളും, എല്ലാത്തരം വാണിജ്യവ്യവസായങ്ങൾക്കും കർഷകർക്കും ബാങ്കിംഗ് സൗകര്യം നൽകുന്നതിനു് ഈ സംസ്ഥാനത്തിൻെറ മർമ്മസ്ഥാനങ്ങളിൽ ഞങ്ങളുടെ 16 ബ്രാഞ്ചുകൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ എല്ലാ പ്രമുഖ വാണിജ്യകേന്ദ്രങ്ങളിലും ഏജൻസികളും സ്ഥാപിച്ചിട്ടുണ്ടു്

പ്രവർത്തനമൂലധനം
ഒരു കോടി രൂപയിൽ കൂടുതൽ

ഓറിയൻറ്റ് സെൻട്രൽ ബാങ്ക് ലിമിറ്റഡ്

ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ.—

| | | |
|---|---|---|
| പാലാ | വൈക്കം | പിറവം |
| കുമരകം | പാമ്പാടി | പൂവരണി |
| തൊടുപുഴ | തിരുവല്ലാ | കോട്ടയം |
| കൂട്ടിക്കൽ | കാഞ്ഞിരപ്പള്ളി | എരുമേലി |
| എറണാകുളം | ഈരാററുപേട്ട | കോതമംഗലം |
| | വടക്കൻ പറവൂർ | |

# തമാശ

(പി. എം. ജോസഫ്)

സുഖദുഃഖസമ്മിശ്രമായ ജീവിതത്തിൽ തമാശയ്ക്കൊരു നല്ല സ്ഥാനമുണ്ടു്. ദുഃഖിയായ ഏതൊരാളാണു്, നല്ലൊരു തമാശ കേട്ടാൽ പൊട്ടിച്ചിരിച്ചു പോകാത്തതു്? തൻെറ ദുഃഖമെല്ലാം അല്പനേരത്തേക്കെങ്കിലും മറന്നുപോകാത്തതു്? ചിന്താകുലതയാൽ നിരുത്സാഹരായ മനുഷ്യർക്കു ഉത്സാഹവും സന്തോഷവും വീണ്ടെടുക്കുവാൻ നല്ലൊരുപാധിയാണു് തമാശ. ഹൃദയനൈർമ്മല്യത്തിൻെറയും നിഷ്കളങ്കതയുടെയും ലക്ഷണമായിട്ടാണല്ലോ "ചിരി" ഗണിക്കപ്പെടുക. ലക്ഷ്യം ഇല്ലാത്തവർപോലും നല്ല തമാശ കേട്ടാൽ പൊട്ടിച്ചിരിക്കാതിരിക്കയില്ല.

വി. ഫ്രാൻസീസ് അസ്സീസി ഒരിക്കൽ എന്തോ ആവശ്യം പ്രമാണിച്ചു് ഒരു ഗ്രാമത്തിലേക്കു പോവുകയായിരുന്നു. വിവരം നേരത്തേ അറിഞ്ഞ ഗ്രാമക്കാർ മഹർഷിയെ സ്വാഗതം ചെയ്യുന്നതിനു് ഒരു സംഘമായി, താളമേളാദികളോടെ എതിരേ ചെന്നു. കാര്യമറിഞ്ഞു ഫ്രാൻസീസു് വിഷമിച്ചു. അദ്ദേഹം ചുററും നോക്കി. പെട്ടെന്നു് അദ്ദേഹത്തിനു് ഒരു തമാശ തോന്നി. ഒരു കുശവൻ സമീപത്തൊരിടത്തു് കുറേ മണ്ണു കൂട്ടിയിട്ടിരുന്നു. ഒന്നുമറിയാത്തതുപോലെ അസ്സീസി അതിൻെറ മുകളിൽ കയറി മണ്ണു ചവുട്ടിച്ചാലിക്കാൻ തുടങ്ങി. സ്വാഗതസംഘം കടന്നുപോയപ്പോൾ കുശവനോടു നന്ദി പറഞ്ഞിട്ടു് അദ്ദേഹം മുമ്പോട്ടു പോയി. നോക്കണേ! തമാശയുടെ മാധുര്യം.

എന്നാൽ, മനുഷ്യജീവിതത്തിൽ ഇത്രയേറെ ഇണങ്ങിച്ചേർന്ന തമാശയിൽനിന്നും പിശാചു മുതലെടുക്കുന്നുണ്ടെന്നു അല്പമാലോചിച്ചാൽ കാണാം. തമാശ രണ്ടായി തരം തിരിക്കാം. ഒന്നു നിർദ്ദോഷമായതും, മററതു സദോഷവും. രണ്ടാമത്തേതിലാണു് പിശാചിൻെറ പ്രവർത്തനം. ജനസമൂഹത്തിൽ, പ്രത്യേകിച്ചും ചില യുവാക്കളുടെ ഇടയിൽ ഒരു "ഫാഷനായി" കടന്നുകൂടി, ദൈനംദിനജീവിതത്തിൽ പ്രത്യക്ഷപ്പെടുന്ന അശ്ലീലമയമായ തമാശയാണു് സദോഷമായി ഞാനുദ്ദേശിക്കുന്നതു്.

വലിയ വിദഗ്ദ്ധന്മാരുണ്ടു് ഈ കലയിൽ. അവരുടെ ഓരോ വാക്കിനും രണ്ടർത്ഥം കാണും. ശബ്ദകോശങ്ങളിലൊന്നും അതു കാണുകയില്ല. ഏതെങ്കിലുമൊരു വിദ്വാൻ അതിനായി പ്രത്യേകമൊരു ശബ്ദകോശം എഴുതുന്നുണ്ടോ എന്നു നിശ്ചയമില്ല. ഇക്കൂട്ടർ നാലുപേർ ഒത്തുചേർന്നാൽ തുടങ്ങുകയായി, പ്രയോഗം. ലാത്തിപ്രയോഗംപോലെ. പരസ്പരം കളിയാക്കാനും, മററുള്ളവർക്കു റിമാർക്കു പാസാക്കാനും ഈ വീരന്മാർക്കു് ഈദൃശമായൊരു ഭാഷവേണം. അതിങ്ങു കേട്ടാൽ ആദ്യമൊരർത്ഥം തോന്നും. പിന്നെ വക്താവിൻെറ മുഖഭാവവും സ്വരവും എല്ലാം ചേർന്നാൽ അശ്ലീലമായ ഒരർത്ഥവും ഉടനെ പ്രതീതമാകും സമാസോക്തിപോലെ. രണ്ടാമതു തോന്നുന്ന അർത്ഥത്തിലാണു് "ചമൽകാരം" അല്ലെങ്കിൽ അവരുടെ തമാശ. സംസ്കൃതാലങ്കാരികന്മാർ ഈ വിദ്യയെപ്പററി കേട്ടിരിക്കുകയില്ല. അല്ലെങ്കിൽ തങ്ങളുടെ അലങ്കാരഗ്രന്ഥങ്ങളിൽ പ്രത്യേകം വിവരിക്കുമായിരുന്നു.

ചില ക്ലബ്ബ്സു് സ്റ്റാൻറുകളിലും മററും ഈ മാതിരി ആലങ്കാരികന്മാരെ കാണാം. അവർ ഒരു സംഘമങ്ങനെ പഴുതാരമീശയും പിരിച്ചു നിൽക്കുമ്പോൾ മാന്യമായി ജീവിക്കുന്ന വല്ലവരും അതുവഴി കടന്നുപോകും. ഉടനെ ഒരു വിദ്വാൻ റിമാർക്കു പാസാക്കും. അതിൽ ഒളിച്ചിരിക്കുന്ന അശ്ലീലാർത്ഥത്തിൻെറ വശ്യതയിൽ കൂട്ടുകാർ ലയിക്കുകയായി.

ഇനി മറെറാരു കൂട്ടരുണ്ടു്. അവർ പദങ്ങളിലെ ആദ്യക്ഷരം അന്യോന്യം മാററിയിട്ടു് മാഘകവിയേയും അതിശയിക്കുന്ന ചിത്രബന്ധകസർത്തുകൾകൊണ്ടാണു് തമാശ പറയുന്നതു്. കേൾക്കുമ്പോൾ സഭ്യമെന്നു തോന്നുന്ന വാക്കുകളിലെ ആദ്യക്ഷരങ്ങൾ അന്യോന്യം കൈമാററം ചെയ്താൽ അശ്ലീലാർത്ഥപ്രതിപാദകമായൊരു വാചകം കിട്ടും. അവർക്കു അതു തമാശയുമായി. നോക്കണേ, എത്ര ബദ്ധപ്പെട്ടാണു പിശാചിനെ സേവിക്കുന്നതെന്നു്.

തമാശ അശ്ലീലം സ്പർശിക്കാതെതന്നെ പറയാം. എനിക്കൊരു അദ്ധ്യാപക സ്നേഹിതനുണ്ടു്. അദ്ദേഹം നിർദ്ദോഷമായ ഫലിതം എപ്പോഴും പറയും. അശ്ലീലസ്പർശലേശവുമില്ലാതെ നല്ല തമാശകൾ പറയാമെന്നു് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടു്. സ്നേഹിതനു് മുമ്പറഞ്ഞ കൂട്ടരുടെ തമാശയോടു് കലശലായ വെറുപ്പുണ്ടു്. സഭ്യമായ തമാശയ്ക്കു കുചേലത്വം പിടിപെട്ട ആക്കൂട്ടരോ തരം കിട്ടിയാൽ അദ്ദേഹമൊന്നു് ഇളക്കിയേ വിടുകയുള്ളൂ. ആ മാന്യനെ അറിയാവുന്നവരാരും അദ്ദേഹത്തിൻെറ മുമ്പിൽ അശ്ലീലം വിളമ്പുകയുമില്ല.

എനിക്കു ചിലരെ അറിയാം. അവർക്കു അശ്ലീലം ഇഷ്ടമല്ല. പക്ഷേ സ്നേഹിതന്മാരുടെയിടയിൽ ചെന്നു കൂടുമ്പോൾ അവരോടൊത്തു ചിലതു പറയും. ഇവർ ഒരു "ഫാഷൻ"പോലെ ഇതങ്ങു സ്വീകരിക്കുകയാണു്. "നാലുപേരെപ്പോലെ ഞാനും" എന്നാണവരുടെ ചിന്താഗതി. അതിൻെറ ആവശ്യമില്ല. എന്തിനീ വിഷമം. സ്നേഹിതനോടു കഥയങ്ങു തുറന്നു പറഞ്ഞേക്കണം. ഒന്നു രണ്ടു പ്രാവശ്യമായാൽ പിന്നെ അയാൾ നിങ്ങളെ ഉപദ്രവിക്കുകയില്ല. അല്ലെങ്കിൽ ആ സ്നേഹിതൻെറ സാമീപ്യം അങ്ങുപേക്ഷിച്ചാലും തരക്കേടൊന്നുമില്ല.

സ്കൂൾ കുട്ടികളുടെയിടയിലും അശ്ലീലമയമായ തമാശ ബീജാവാപം ചെയ്തിട്ടുള്ളതായിക്കാണാം. അവർക്കിടയിൽ നേതൃത്വം കിട്ടാൻ ചില കുട്ടികൾ തമാശ പറയുക ഒരുപാധിയാക്കിയിട്ടുണ്ടു. മിക്കവാറും ഇതു ഫലപ്രദമാണു്. എന്നാൽ നിർദ്ദോഷമായ നല്ല തമാശ പറയുവാൻ നിസർഗ്ഗജമായ വാസന വേണം. അതില്ലാത്തവനു് കുറേ വേഗം സ്വാധീനമാക്കാവുന്നതാണു് മുമ്പറഞ്ഞ കസർത്തുവേലകൾ. മനുഷ്യനു് തിന്മയോടു സ്വാഭാവച്ചായ്‌വിൽ (Natural inclination) ഉള്ളതുകൊണ്ടു്, വക്താവിനും ശ്രോതാവിനും തൽക്കാലം രസം തോന്നും. പക്ഷേ അശ്ലീലപ്രതിപത്തി ഇപ്രകാരം തുടങ്ങി ഭാവിയിൽ സമുദായത്തിനും തങ്ങൾക്കുമതു വിപത്തായിത്തീരുമെന്നു കുട്ടികൾ മറക്കരുതു്. ഈ പ്രവണത തടയുവാൻ മാതാപിതാക്കളും, ഗുരുക്കന്മാരും സത്വരശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടു്.

—o—

# പരിണാമവാദം

(പി. എ. ഏബ്രഹാം, ഇളങ്ങുളം)

സഭാവിരോധികൾ സഭക്കെതിരായി കൊണ്ടുവരുന്ന ഒരു പ്രധാനാരോപണം, അവൾ ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾക്കും, പുരോഗമനപരങ്ങളായ ആശയങ്ങൾക്കും എതിരാണെന്നുള്ളതാണ്. ഉദാഹരണമായി ഡാർവിന്റെ "പരിണാമവാദ"ത്തെ ഇക്കൂട്ടർ എടുത്തുകാണിക്കുന്നു. വാസ്തവത്തിൽ പരിണാമവാദത്തെപ്പററി സഭയുടെ നിലപാട് എന്താണെന്നുള്ളത് പല കത്തോലിക്കർക്കും ഇന്ന് അജ്ഞാതമാണ്. ഹൈസ്കൂളുകളിലും കലാലയങ്ങളിലും പ്രത്യേകിച്ച് അകത്തോലിക്കാ സ്ഥാപനങ്ങളിലും ഇതിന്റെ പ്രത്യാഘാതങ്ങൾ കാണുന്നുണ്ട്. എന്നാൽ കത്തോലിക്കാസഭ പരിണാമവാദത്തിനെതിരാണോ?

പരിണാമവാദം ബഹുമുഖമായ ഒരു പ്രശ്നമാണ്. യഥാർത്ഥമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിതവും, ശാസ്ത്രീയമായ തെളിവുകളെ ആശ്രയിച്ചിരിക്കുന്നതുമായ പരിണാമവാദത്തെ സഭ ഒരിക്കലും എതിർക്കുന്നില്ല. പ്രത്യുത സഭ ശാസ്ത്രപുരോഗതിക്കുവേണ്ടി കഴിവുള്ള എല്ലാ പ്രോത്സാഹനങ്ങളും നൽകുന്നു. അതിവിദഗ്ദ്ധന്മാരായിരുന്ന പല പരിണാമവാദികളും കത്തോലിക്കാ മതാവലംബികളായിരുന്നു. എന്നാൽ ജീവോല്പത്തി അചേതനപദാർത്ഥപരിണാമമാണെന്നു വാദിക്കുന്ന, ദൈവത്തെ അകററിനിർത്തുന്ന, ഭൗതികവസ്തുക്കളിൽമാത്രം അധിഷ്ഠിതമായ പരിണാമവാദത്തെ സഭ അനുകൂലിക്കുന്നില്ല. അതുപോലെതന്നെ, ദുർബലങ്ങളും നിരാലംബങ്ങളുമായ അഭ്യൂഹങ്ങളിൽമാത്രം അധിഷ്ഠിതമായ പരിണാമസിദ്ധാന്തത്തെയും, അതു ശാസ്ത്രവിരുദ്ധമാകയാൽ, സഭ നിരാകരിക്കുന്നു.

മനുഷ്യബുദ്ധി എപ്പോഴും സത്യാന്വേഷിയാണ്. അത് കാര്യത്തിൽനിന്ന് കാരണത്തെയും, ദൃശ്യമായവയിൽനിന്ന് അദൃശ്യമായവയെയും ഗ്രഹിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ഈദൃശപരിശ്രമങ്ങൾ പ്രകൃതിശാസ്ത്രത്തിന്റെ പരിധിയിൽപ്പെടുന്നവയല്ല. ഭൂമിയുടെ ഉല്പത്തിയെപ്പററിയും മററും ശാസ്ത്രം നമുക്കു യാതൊരു തെളിവും നൽകുന്നില്ല. മനുഷ്യാത്മാവ് വെറും പദാർത്ഥജന്യമല്ലെന്നും, അനശ്വരമായ അത് ദൈവത്താൽ സൃഷ്ടമാണെന്നും ബുദ്ധിശക്തി നമ്മെ പ്രകടമായും സുനിശ്ചിതമായും പഠിപ്പിക്കുന്നു.

മനുഷ്യശരീരം മൃഗത്തിൽനിന്നും പരിണാമഹേതുവാൽ ഉൽഭൂതമാകുമോ എന്നുള്ളതിനു ഇതുവരെ യാതൊരു തെളിവും കിട്ടിയിട്ടില്ല. മനുഷ്യനെയും, വാനരനെയും യോജിപ്പിക്കുന്ന ആ കണ്ണി, നരപരിണാമത്തിൽ ഉണ്ടാകാതെ പോയ ആ കണ്ണി, (Missing link) ഇനിയും ലഭിക്കാത്തതിനാൽ, പരിണാമവാദശൃംഖല തീരെ ദുർബലമായി പരിണമിക്കുന്നു. ഇതേപ്പററി പ്രസിദ്ധ ശാസ്ത്രജ്ഞനായ പ്രൊഫസർ ഫ്ലെഷ്മാന്റെ (Fleischmann) അഭിപ്രായം നോക്കുക: "മനുഷ്യൻ കുരങ്ങിൽനിന്നുത്ഭവിക്കുന്നു എന്ന ഡാർവിൻസിദ്ധാന്തത്തെ സ്വീകരിക്കുന്നതിന് പ്രേരകമായ യാതൊരു ലക്ഷ്യവുമില്ല. അത് ശാസ്ത്രീയപര്യവേക്ഷണത്തിന്റെ ഫലമല്ല, പ്രത്യുത കല്പനാശക്തിയുടെ സൃഷ്ടിയാണ്." മറെറാരു പ്രസിദ്ധ നരവംശശാസ്ത്രജ്ഞനായ റുഡോൾഫ് വിർക്കോയും (Rudolph Virchow) ഈ അഭിപ്രായക്കാരനാണ്: "ഒരു ശാസ്ത്രമെന്നനിലയിൽ, സാക്ഷാൽ അസ്തിത്വമുള്ള വസ്തുക്കൾ മാത്രമേ പ്രകൃതിശാസ്ത്രത്തിനു വിഷയമാകയുള്ളൂ. ഒരഭ്യൂഹത്തെപ്പററി വാദപ്രതിവാദംചെയ്യാം. എന്നാൽ അതിന്റെ അർത്ഥവ്യാപ്തിയും സ്വഭാവവും തെളിയിക്കണമെങ്കിൽ, പരീക്ഷണങ്ങൾകൊണ്ടും, പ്രത്യക്ഷനിരീക്ഷണങ്ങൾകൊണ്ടും അതിനനുകൂലമായ സാക്ഷ്യങ്ങൾ പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. ഡാർവിന്റെ സിദ്ധാന്തം ഇപ്രകാരം ചെയ്തിട്ടില്ല. മനുഷ്യനെ കുരങ്ങുമായി ബന്ധിക്കുന്ന ആ കണ്ണി കണ്ടുപിടിക്കാൻ തദനുയായികൾ ചെയ്ത ശ്രമം വിഫലമായതേയുള്ളൂ."

ഡാർവിന്റെ തത്വങ്ങൾ പരിണാമവാദത്തെ ക്രോഡീകരിക്കുന്നവയല്ല, പ്രത്യുത അതിനെ സ്ഥാപിക്കുന്നതിനുള്ള ഒരു പരിശ്രമമാണ്. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ "ഉത്തമാവശേഷധർമ്മ"ത്തെ (Natural selection) ആശ്രയിച്ചാണ് കെട്ടിപ്പടുത്തിട്ടുള്ളത്. ഇതനുസരിച്ച്, ജീവിതമത്സരത്തിൽ അനുകൂലസാഹചര്യങ്ങളിലുള്ളവ അതിജീവിക്കയും, ദുർബലങ്ങളായവ നശിക്കയും, തന്മൂലം പുതിയ ജാതികൾ ഉത്ഭവിക്കയും ചെയ്യുന്നുവെന്നദ്ദേഹം സിദ്ധാന്തിക്കുന്നു. എന്നാൽ ഈ "ഉത്തമാവശേഷധർമ്മവും" ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. പ്രസിദ്ധ ശാസ്ത്രജ്ഞനായ പ്രൊഫസർ റൊമാൻസ് (Romanes) ഇതെപ്പററി പറയുന്നതു നോക്കുക: "വംശരൂപവൽക്കരണത്തിന്റെ എല്ലാ വശങ്ങളും വിശദമാക്കാൻ പര്യാപ്തമാണ് ഉത്തമാവശേഷധർമ്മമെന്ന് വിചാരിക്കുന്ന യാതൊരു ശാസ്ത്രജ്ഞനും, ഇപ്പോൾ ഒരിടത്തും കാണുകയില്ല." പ്രൊഫസർ വീനസും (Vines) ഇതേ അഭിപ്രായം പ്രകടിപ്പിക്കുന്നു: "ഉത്തമാവശേഷധർമ്മം പ്രാണികളിൽ ജാതിഭേദം നിലനിർത്തിക്കൊണ്ടു പോന്നിരിക്കാമെങ്കിലും, യാതൊരു ജാതിയേയും നവമായി ഉല്പാദിപ്പിച്ചിട്ടില്ലെന്നു സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു."

ഇതിൽനിന്നെല്ലാം നാം എന്താണ് മനസ്സിലാക്കേണ്ടത്. ഡാർവിൻ സിദ്ധാന്തത്തിനു ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ യാതൊരു വിലയും ഇല്ലെന്നല്ലേ? അതുകൊണ്ടാണ് ബ്രിട്ടീഷ് ശാസ്ത്രജ്ഞസമിതിയുടെ പ്രസിഡണ്ടായിരുന്ന ബേററ്സൺ (Bateson) പറയുന്നതു, "ഡാർവിൻ ഇനിയൊരിക്കലും ഒരു താത്വികന്റെ അധികാരത്തോടുകൂടി സംസാരിക്കയില്ല. പരിണാമവാദത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥം ലുക്രീഷ്യസിന്റെയോ (Lucretius) ലാമാർക്കിന്റെയോ (Lamarck) പ്രബന്ധങ്ങളെപ്പോലെ മാത്രം നാം പാരായണം ചെയ്യുന്നു"വെന്നു്. എന്നാൽ നരപരിണാമത്തിന്റെ വിവിധഘട്ടങ്ങളെക്കുറിക്കുന്ന ഫോട്ടോകൾ ഇന്നത്തെ പല പത്രങ്ങളിലും മാസികകളിലും നാം കാണുന്നുണ്ട്. മനുഷ്യന്റെ പിതാമഹനെ, വാനരന്റെ അനന്തിരവനെ, നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്ന ഇവക്കുള്ള ഏകാവലംബമോ, ജാവായിൽനിന്നു കിട്ടിയ ഒരു തലയോട്ടിയോ, സൈബീറിയായിലെ ഒരു അസ്ഥികഷണമോ മാത്രം. അവ കോർത്തിണക്കി, വക്കോലോ പഞ്ഞിയോകൊണ്ട് വിടവുനികത്തി, ഭാവനാസമ്പന്നനായ കലാകാരന്റെ തൂലികയിൽനിന്നും അടർന്നുവീഴുമ്പോൾ ഒന്നാന്തരം ആദിമമനുഷ്യനായി. ഈ കബളിപ്പിക്കലിൽപ്പെട്ട് സാധാരണക്കാർ വിശ്വസിച്ചുപോകുന്നതിൽ എന്താണത്ഭുതം?

പരിണാമവാദം ഇപ്പോഴത്തെ നിലയിൽ ഒരു സ്ഥാപിതസിദ്ധാന്തമായിട്ടില്ല; പരീക്ഷണത്തിലിരിക്കുന്നതേയുള്ളൂ. ശാസ്ത്രീയമായ പരിണാമവാദത്തിനു നിസ്സന്ദേഹമായി സ്ഥാപിക്കാൻ സാദ്ധ്യമാകുന്നവയെല്ലാം കത്തോലിക്കാസഭാതത്വങ്ങൾക്ക് അനുയോജ്യമായേ ഇരിക്കുകയുള്ളൂ. ശാസ്ത്രീയമെന്ന ഭാവേന രംഗപ്രവേശം ചെയ്യുന്ന ആധുനികസിദ്ധാന്തങ്ങളെ അവധാനപൂർവ്വം പഠിക്കുന്ന സഭ പൂർവ്വോപരി ഉജ്ജ്വലതരമായി പ്രശോഭിക്കുകയും ചെയ്യും.

# ലോകത്തെ നശിപ്പിക്കുന്നതിന് ഭൗതികത്വം നുഴഞ്ഞുകയറുന്നു

## മാർപ്പാപ്പാ തിരുമനസ്സിലെ ഉൽബോധനം

സ്വിററ്സർലണ്ടിൽ ഫ്രെയ്ബർ എന്ന സ്ഥലത്തുവച്ചു നടത്തപ്പെട്ട കോൺഗ്രസ്സിൽ സമ്മേളിച്ചിരുന്ന ഫ്രഞ്ചുകത്തോലിക്കരെ അഭിസംബോധനചെയ്തുകൊണ്ടു മേയ് 15-ാം തീയതി പരിശുദ്ധ പിതാവു 12-ാം പീയൂസ് മാർപ്പാപ്പാ ഒരു പ്രക്ഷേപണപ്രസംഗം ചെയ്തിരിക്കുന്നു. പരിശുദ്ധ പിതാവ് അവരോടു ഫ്രഞ്ച്, ജർമ്മൻ, ഇററാലിയൻ എന്നീ മൂന്നു ഭാഷകളിൽ മൂന്നു പ്രസംഗങ്ങളാണ് നടത്തിയത്. മററീരിയലിസത്തിന്റെ വിപത്തിനേയും ആധുനികശാസ്ത്രത്തിന്റെ നേട്ടങ്ങളെ ശരിയായി നിയന്ത്രിക്കുന്നതിനുള്ള അതിന്റെ കഴിവുകേടുകളേയും തിരുമേനി വിശദമാക്കി. "ഗവേഷണങ്ങൾകൊണ്ടും പ്രകൃതിയുടെ ശക്തികളെപ്പററിയുള്ള കണ്ടുപിടുത്തങ്ങൾകൊണ്ടും ഭൗതികമായ പുരോഗതി അടിക്കടി വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. തിരുസഭ ഈ പരിണാമത്തെ അംഗീകരിക്കുന്നുണ്ട്. എന്നാൽ മതപരവും ധാർമ്മികവുമായ ശക്തിമത്തായ ഒരു പ്രേരണ ഈ ഭൗതികപുരോഗതിക്കു സമാനമായി പ്രവർത്തിക്കാതിരുന്നാൽ അതു മാനവസമുദായത്തിലെ ഒരു വ്രണമായി രൂപംകൊള്ളുമെന്നു അടിയന്തിരമായി മുന്നറിയിപ്പു നൽകേണ്ടതു സഭയുടെ കടമയാണ്. പ്രബലമായ ഈ പ്രേരണ തിരുസഭയിലും അവളുടെ അനുയായികളിലുമല്ലാതെ മറെറവിടെയാണ് കാണാൻ കഴിയുക?

"ഭൗതികത്വം ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും നുഴഞ്ഞുകയറിക്കൊണ്ടിരിക്കുകയാണ്. അതുമൂലം ദൈവത്തെപ്പററിയുള്ള ചിന്തയും ദൈവഭയവും ദൈവഭക്തിയും പൊതുജീവിതത്തിൽനിന്നും കുടുംബത്തിൽനിന്നും മാത്രമല്ല വ്യക്തികളുടെ ജീവിതത്തിൽനിന്നുപോലും വിനാശകരമായ രീതിയിൽ കൂടുതൽ കൂടുതൽ നിർമ്മാർജ്ജനംചെയ്തുകൊണ്ടിരിക്കുന്നു. അതു വളരെയധികം പരന്നുകഴിഞ്ഞു. നിങ്ങളുടെ പ്രാർത്ഥനകളും ക്രിസ്തുവിനോടുള്ള സ്നേഹവും, തിന്മക്കെതിരായും ആത്മാവിന്റെ വിശുദ്ധിക്കുവേണ്ടിയുമുള്ള നിങ്ങളുടെ സമരവും വഴിയായി—മതപരമായ ജീവിതത്തിലെ പരമമായ ഈ മൂല്യങ്ങളും അതിന്റെ ഫലങ്ങളും വഴിയായി—ദൈവത്തിനുവേണ്ടി, ക്രിസ്തുവിനുവേണ്ടി, അവിടുത്തെ തിരുസഭക്കുവേണ്ടി കത്തോലിക്കരായ നിങ്ങൾ പരസ്യമായി സമരംചെയ്യണം.

"ഭീരുത്വത്തിന്റെയോ മനസ്സാക്ഷിക്കെതിരായ സൗജന്യങ്ങളുടെയോ സമയമല്ല ഇത്. നേരേമറിച്ച്, ധീരതയുടേയും ദൃഢനിശ്ചയത്തിന്റേയും സ്ഥിരോത്സാഹത്തിന്റേയും ഘട്ടമാണിത്. നവനവങ്ങളും ബൃഹത്തരങ്ങളുമായ ഭൗതികപുരോഗതിയുടെ തേജോമയമായ സുപ്രഭാതം ലോകത്തിനു പ്രശാന്തതയുടേയും ക്ഷേമത്തിന്റേയും ഒരു നൂററാണ്ടിനെ വാഗ്ദാനംചെയ്യുന്നതായി തോന്നിയേക്കാമെങ്കിലും, വിസ്തൃതമായ ചക്രവാളത്തിൽ കറുത്തിരുണ്ട മേഘപടലങ്ങൾ മനുഷ്യകുലത്തെ ഉൽക്കണ്ഠയുടേയും ഭീതിയുടേയും അന്ധകാരത്തിൽ നിപതിപ്പിക്കുകയാണ് ചെയ്യുന്നത്. സ്വഭാവേന സമാധാനപരമായ പ്രവർത്തനങ്ങളുടെ പുരോഗതിക്കു പ്രയോജകീഭവിക്കാവുന്ന ശാസ്ത്രത്തിന്റേയും സാങ്കേതികവിജ്ഞാനത്തിന്റേയും നേട്ടങ്ങൾ ശൂന്യതയുടേയും നാശത്തിന്റേയും വാഹകരായി കാണപ്പെടുന്നു." എന്നിപ്രകാരമാണ് തിരുമേനി പ്രസ്തുത പ്രഭാഷണത്തിൽ പ്രതിപാദിച്ചത്.

### കൺസിസ്റ്ററിയോഗങ്ങൾ

നിയമമനുസരിച്ച് വിശുദ്ധപദപ്രഖ്യാപനത്തിനുമുമ്പ് മൂന്നു കൺസിസ്റ്ററിയോഗങ്ങൾ നടത്തപ്പെടണം. അതിൽ ഒന്നു രഹസ്യമായതും രണ്ടാമത്തേത് അർദ്ധപരസ്യമായതും, മൂന്നാമത്തേത് പരസ്യമായതുമായ യോഗങ്ങളാണ്. പത്താംപീയൂസിന്റെ നാമകരണം സംബന്ധിച്ച് അവ മേയ് 17-ാം തീയതിയും 18-ാം തീയതിയുമാണ് കൂടുന്നതിനു നിശ്ചയിച്ചിട്ടുള്ളത്: റോമയിൽനിന്ന് 100 മൈൽ ചുററളവിൽ താമസിക്കുന്ന എല്ലാ കർദ്ദിനാളന്മാരേയും മെത്രാന്മാരേയും ക്ഷണിച്ചുവരുത്തി 29-ാം തീയതി നടത്തുന്ന പരിപാടികളെപ്പററി പരിശുദ്ധ പിതാവു ഔദ്യോഗികമായി അഭിപ്രായം ആരായുന്നതായിരിക്കും.

### 5 നാമകരണങ്ങൾകൂടി

ജൂൺ 13-ാംനു പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിൽ അഞ്ചുപേരെക്കൂടി വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുന്ന നാമകരണച്ചടങ്ങു നടത്തപ്പെടുന്നതാണെന്നറിയുന്നു. ക്രൂശിത ഈശോയുടെ വാഴ്ത്തപ്പെട്ട മറിയം, വാഴ്ത്തപ്പെട്ട ഡോമിനിക്കു സാവിയോ മുതലായവരാണ് ഇതിൽ ഉൾപ്പെടുന്നത്.


## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടത്.

ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | ” | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | ” | 5,95,750—0—0 |

ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. ” കുഞ്ചെറിയാ കെ. പൂരക്കൽ, പുളിങ്കുന്ന്
3. ” തോമസ് ററി. കുറിയാളശ്ശേരിൽ, ചമ്പക്കുളം
4. ” ഡോമിനിക്ക് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. ” മൈക്കിൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. ” തോമസ് ററി. മാറാട്ടുകളം എം. എ., ചങ്ങനാശേരി
7. ” മൈക്കിൾ ജെ. കള്ളിവയലിൽ ബി. എസ്സ്സി, കാളകെട്ടി (സെക്രട്ടറി)
8. ” കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

## ഇടവകവാർത്തകൾ

**കോടിക്കുളം:** സ്ഥലം വിൻസെൻറ് ഡി പോൾ സഖ്യം; ഫ്റാൻസിസ്കൻ മൂന്നാംസഭ, സത്യാരാധനസഖ്യം, സൊഡാലിററി, ചെറുപുഷ്പമിഷൻലീഗ് എന്നിവകളുടെ സംയുക്തവാർഷികം 16-ാംതീയതി ഞായറാഴ്ച പകൽ രണ്ടരമണിക്ക്, റവ. ഫാ. ഐസക്ക് പോട്ടയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. യോഗത്തിൻ തൃശ്ശൂർ മഹാരാജാസ് ടെക്ക്നോളജിക്കൽ ഇൻസ്റ്റിററ്യൂട്ട് പ്രിൻസിപ്പാൾ, ശ്രീ കെ. സി ചാക്കോ, എം. എ. ബി. ഇ, അവർകൾ സുദീർഘവും വിജ്ഞാനപ്രദവുമായ ഒരു പ്രസംഗംചെയ്തു. യോഗാനന്തരം, സ്ഥലത്തെ യുവജനങ്ങൾ, "ദീനാമ്മ" എന്ന സംഗീതനാടകം വളരെ തന്മയത്വത്തോടെ അഭിനയിച്ചു.

**ചെമ്മലമററം:** മെയ 16-ാംതീയതിമുതൽ നടന്നുവന്നിരുന്ന ഈ ഇടവകയിലെ വാർഷികധ്യാനം 21-ാംതീയതികൊണ്ടവസാനിച്ചിരിക്കുന്നു. റവ. ഫാ വേഴമ്പത്തോട്ടം അവർകളായിരുന്നു ധ്യാനഗുരു. ധ്യാനാവസരത്തിൽ സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ സാധുക്കൾക്ക് ഉച്ചഭക്ഷണവും 20 ഓളംപേർക്ക് വസ്ത്രങ്ങളും നൽകുകയുണ്ടായി.

സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ഒരു കോൺഫറൻസ് റവ. ഫാ. ജോസഫ് വേഴമ്പത്തോട്ടം ഇവിടെ ഉൽഘാടനം ചെയ്തിരിക്കുന്നു.

**വരാപ്പുഴ:** ലത്തിൻ കമ്മലീത്താ സന്യാസിനീസമൂഹത്തിൻെറ പൊതുതിരഞ്ഞെടുപ്പിൽ റവ. സിസ്റ്റർ അസ്സംപ്ത മദർ ജനറാലായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു,

**പുതുക്കാട്:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ 28-ാംവാർഷികം 1954 മേയ് 27-ാംനു ഉച്ചകഴിഞ്ഞു 3 മണിക്ക് ടി പള്ളി മുഖമണ്ഡപത്തിൽവച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. റവ. ഫാദർ ലേത്തുസ്, സി. ഡി. അവർകൾ ആദ്ധ്യക്ഷംവഹിക്കുന്നതും, ശ്രീ പോൾ മാൻവെട്ടം, ബി. എ. ബി. എൽ. അവർകൾ പ്രസംഗിക്കുന്നതുമായിരിക്കും."

**പൂവത്തോട്:** പൂവത്തോട് ചെറുപുഷ്പമിഷൻലീഗിൻെറ 7-ാമതു വാർഷികയോഗം വെ. റവ. ഫാദർ ബെക്കമൻസ് അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. തദവസരത്തിൽ ശ്രീ എം. ററി. തയ്യൻ എം. എ. ഒരു പ്രഭാഷണം നടത്തി. സമ്മേളനത്തോടനുബന്ധിച്ച് ശ്രീ ററി. വി. തോമസ് ആൻഡ് പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

**തലയോലപ്പറമ്പ്:** സ്ഥലത്തു സ്ഥാപിതമായിരിക്കുന്ന സൊഡാലിററി അൾത്താരബാലസഖ്യം, സൺഡേസ്കൂൾ ഇവകളുടെ സംയുക്തവാർഷികം മേയ് 16-ാംതീയതി 4മണിക്ക് മംഗലപ്പുഴ സെമ്മിനാരി സുറിയാനി പ്രൊഫസ്സർ റവ. ഫാ. ജോർജ്ജ് പുത്തൻപുര അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മി. പി. എം. കുര്യാക്കോസ് ബി. എ. ബി. എൽ. മി. ജോൺ. വി. മരങ്ങോലി ബി എ. (വിദ്യാർത്ഥി) എന്നിവർ പ്രസംഗിച്ചു യോഗാനന്തരം, സംഘടനകളുടെ വകയായി നിർമ്മിച്ചിട്ടുള്ള പുതിയ രംഗസംവിധാനങ്ങളുടെ ഉൽഘാടനത്തോടുകൂടി ഒരു പ്രഹസനം തന്മയത്വമായി അഭിനയിക്കപ്പെട്ടു. ഈ ഇടവകയിൽ പ്രശസ്തമായരീതിയിൽ സത്യദീപം വിതരണം നടത്തുന്നതു്, ഇവിടത്തെ അൾത്താര സംഘാംഗങ്ങളാണെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

**മുളക്കുളം.** സ്ഥലം ചെറുപുഷ്പ മിഷൻലീഗിൻെറയും സൺഡേസ്കൂളിൻെറയും ഒരു സംയുക്തവാർഷികം 16-ാംതീയതി മൂന്നുമണിക്ക് കല്ലുമട സെൻറ് ആൻറണീസ് പ്രൈമറി സ്കൂളിൽവച്ച് റവ ഫാദർ പോൾ മുത്തമ്പുഴ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ഈശ്വരപ്രാർത്ഥന, സ്വാഗതപ്രസംഗം, റിപ്പോർട്ടുവായന എന്നിവകൾക്കുശേഷം റവ. കെ. സി. പുല്ലാപ്പിള്ളി അവർകൾ മിഷൻപ്രവർത്തനത്തെ ആസ്പദമാക്കി ഒരു പ്രസംഗം നടത്തി. ഇടയ്ക്കു് സംഗീതവും, ഒരു ചെറുബാലികയുടെ ഡാൻസും, അവസാനം ലീഗംഗങ്ങളുടെ പ്രഹസനവും ഉണ്ടായിരുന്നു. വേദപാഠകുട്ടികൾക്കുള്ള സമ്മാനദാനവും, അദ്ധ്യക്ഷൻെറ ഉപസംഹാരവും, പ്രസിഡണ്ടു് ശ്രീ ദേവസ്യാ തോമസു് നിരപ്പേൽ അവർകളുടെ കൃതജ്ഞതാപ്രകടനവും പാപ്പാമംഗളവും കഴിഞ്ഞു് യോഗം മംഗളമായി പര്യവസാനിച്ചു.

മീററിംഗിനുശേഷം ശ്രീ കെ. കെ. ജോസഫ് ആൻറു് പാർട്ടി "രക്തകാന്തി"യെ ആസ്പദിച്ചു് ഒരു കഥാപ്രസംഗം നടത്തി. ലീഗംഗങ്ങൾ "തകന്നഹൃദയം" എന്ന സംഗീതനാടകം അഭിനയിക്കയുംചെയ്തു. കാഥികനു് ഒരു സ്വർണ്ണമെഡൽ ലഭിച്ചു എന്നുള്ളതു് പ്രത്യേകം പ്രസ്താവാർഹമാണു്.

**ഇരിഞ്ഞാലക്കുട:** തൃശ്ശൂർ രൂപതയിലെ കത്തോലിക്കാ പ്രവർത്തനസംഘടനയുടെ 16-ാംവാർഷികം മേയ് 16-ാംനു ഇരിഞ്ഞാലക്കുട രണ്ടു പള്ളികളുടെയും ആഭിമുഖ്യത്തിൽ കൊണ്ടാടപ്പെട്ടു. കാലത്തു 10 മണിക്കു കേന്ദ്രസമിതി യോഗവും തുടർന്നു പ്രതിനിധിയോഗവും കിഴക്കെ പള്ളിസ്കൂളിൽ ചേർന്നു. പ്രതിനിധിയോഗത്തിൽ സംഘടനാദ്ധ്യക്ഷൻ ഷെവ. ജോസഫ് പെട്ട അവർകൾ അദ്ധ്യക്ഷംവഹിച്ചു.

ഉച്ചതിരിഞ്ഞു 4 30നു് ഫൊറോനാപ്പള്ളിയുടെ മുഖമണ്ഡപത്തിൽ, തൃശ്ശൂർമെത്രാൻ റൈററു് റവ. ജോർജ്ജ് ആലപ്പാട്ട തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം സമാരംഭിച്ചു. ജനറൽ സെക്രട്ടറി ശ്രീ സി. എ. പോൾ സ്വാഗതം ചെയ്തു. റിപ്പോർട്ടുസമർപ്പണം, സമ്മാനദാനം എന്നിവയെ തുടർന്നു ശ്രീ സി. ജെ ആൻഡ്രൂസ് എം. എ., ശ്രീമതി ഐ. ജെ. തെരേസ ബി. എ. ബി. എൽ. എന്നിവർ കത്തോലിക്കരുടെ ചുമതല, കത്തോലിക്കാപ്രവർത്തനം എന്നീ വിഷയങ്ങളെ അധികരിച്ചു പ്രസംഗിച്ചു. മീററിംഗിനിടയ്ക്കു അഭിവന്ദ്യ അദ്ധ്യക്ഷൻ തിരുമേനി ഷെവ. പെട്ടയെ അദ്ധ്യക്ഷസ്ഥാനത്തു നിയോഗിച്ചിട്ടു കൃത്യാന്തരംമൂലം സ്ഥലംവിട്ടു. അദ്ധ്യക്ഷപ്രസംഗത്തിൽ ഷെവ. പെട്ട സ്വതന്ത്രഭാരതത്തിൽ കത്തോലിക്കർ അനുവർത്തിക്കേണ്ട കടമകളെ യുക്തിയുക്തം വിശദീകരിച്ചു. ശ്രീ എം. വി. മാത്യു ബി. എ. കൃതജ്ഞതപ്രകടിപ്പിച്ചു.

**തേവര:** സ്ഥലം ആശ്രമദേവാലയത്തോടനുബന്ധിച്ചു നടത്തിവരുന്ന മരിയസഖ്യത്തിൻെറയും വേദപാഠക്ലാസ്സുകളുടേയും സംയുക്തവാർഷികം മേയ് 23-ാം തീയതി ഉച്ചതിരിഞ്ഞു 4മണിക്കു ആഘോഷിക്കപ്പെട്ടു. ടിസ്സറൻറു് ഹാളിൽ സമ്മേളിച്ച പൊതുയോഗത്തിൽ സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ ആദ്ധ്യക്ഷംവഹിച്ചു. സിക്രട്ടറിമാർ റിപ്പോർട്ടുകൾ വായിച്ചു സമർപ്പിച്ചു. തുടർന്നു ശ്രീ എ. വി മുത്തേടൻ എം. എ. ബി. എൽ. മിസ്സ് ലില്ലി ജോസഫ് എന്നിവർ പ്രസംഗിച്ചു. സമ്മാനദാനം, വിവിധകലാപ്രകടനങ്ങൾ ആദിയായ പരിപാടികൾക്കുശേഷം ചടങ്ങുകൾ സമംഗളം പര്യവസാനിച്ചു.

## ചരമവാർത്തകൾ

**പള്ളിപ്പുറം:** ഈ പള്ളി ഇടവക. വഴത്തറ അവുസേപ്പ് കുര്യൻ ഹൃദയസ്തംഭനംമൂലം പരലോകം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം സ്ഥലം പള്ളി സിമത്തേരി ചാപ്പലിലുള്ള കല്ലറയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**ചെമ്മലമററം:** ശ്രീമതി ത്രേസ്യാമ്മ ഫിലിപ്പ് കുന്നത്തുപുരയിടത്തിൽ 27-ാമത്തെ വയസ്സിൽ മെയ് 15-ാംനു ശനിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു പ്രസവസംബന്ധമായ സുഖക്കേടായിരുന്നു ഈ അകാലനിര്യാണത്തിനു കാരണം.

**അകപ്പറമ്പ്:** ഈ ഇടവക കരുമത്തി പൗലോ ദേവസ്സി അവർകൾ ഈ മാസം 16-ാംതീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പരേതൻ 20കൊല്ലക്കാലം ഇവിടത്തെ സൺഡേസ്കൂളിൽ ജോലി നിർവ്വഹിച്ചിട്ടുള്ളതും നാട്ടിലെ പൊതുജനോപകാരപ്രദമായ സംരംഭങ്ങളിലെല്ലാം മുൻനിന്നു പ്രവർത്തിച്ചിട്ടുള്ളതുമാണെന്നു പ്രത്യേകം പ്രസ്താവ്യമാണു്. പള്ളിമേടയിൽവച്ചു ഒരു അനുശോചനയോഗം ചേരുകയും പലരും അദ്ദേഹത്തിൻെറ സേവനങ്ങളെപ്പററി പ്രസംഗിക്കുകയും അനുശോചനപ്രമേയം പാസാക്കുകയും ചെയ്തു.

## അടുത്ത യാഴ്ചയിൽ

മേയ്
30 ഞാ: ഉയിർപ്പ് 6-ാം ഞായർ
31 തി: പത്രോനില്ലാ
ജൂൺ
1 ചൊ: യോഹന്നാൻ
2 ബു: മർസലീനോസും കൂട്ടരും
3 വ്യാ: ഫെലിക്സ്
4 വെ: ഫ്രാൻസീസ്കോസ് കരാക്കിയോള
5 ശ: ബോനിഫാസ്

## തിരുക്കൊച്ചിവാർത്തകൾ

### വോട്ടേഴ്സ് ലിസ്റ്റ്

എറണാകുളം പട്ടണത്തിലെ വോട്ടറന്മാരുടെ പുതിയ പ്രാരംഭലിസ്റ്റ് മേയ് 15-ാംനു പരസ്യപ്പെടുത്തിയിരിക്കുന്നു. ഈ ലിസ്റ്റിലുള്ള പിശകുകൾ പരിഹരിക്കുന്നതിനു് ആക്ഷേപങ്ങളും അപേക്ഷകളും സ്വീകരിച്ചു് നടപടി നടത്തുവാൻ ഡിസ്ട്രിക്ട് മുൻസിഫ്മാരെയാണു് റിവൈസിംഗ് അതോരിട്ടികളായി നിയമിച്ചിട്ടുള്ളതു്. ഓരോ പൗരനും അവനവൻെറ വോട്ടവകാശം സുരക്ഷിതമാക്കാൻ ഉണർന്നുപ്രവർത്തിക്കേണ്ട അവസരം ഇതാണു്.

### 1-ം, 2-ം ഫാറങ്ങളിൽ ഫീസ്സില്ല

മിഡിൽസ്കൂൾ വിദ്യാഭ്യാസം സൗജന്യമാക്കുന്നതിനുള്ള തിരുക്കൊച്ചിഗവർമ്മെൻറിൻെറ നയം പ്രായോഗികമാക്കുന്നതിനു പ്രാരംഭമായി അടുത്ത സ്കൂൾവർഷംമുതൽ 1-ം, 2-ം ഫാറങ്ങളിൽ ഫീസ് പിരിവു നിർത്തലാക്കിയിരിക്കുന്നതായി ഒരു പ്രസ്സ്നോട്ട് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. മൂന്നാംഫാറത്തിലും ഫീസ്പിരിവു നിർത്തലാക്കുന്ന കാര്യം ഇതിൻെറ ഫലമറിഞ്ഞതിനുശേഷം തീരുമാനിക്കുന്നതാണു്.

### പരീക്ഷാഫലങ്ങൾ

ഇ. എസ്. എൽ. സി. പരീക്ഷാഫലം മേയ് 24-ാംനു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ബി. എ., ബി. എസ്. സി., ഡിഗ്രി പരീക്ഷാഫലം ജൂൺ 2-ാംവാരത്തിലും ഇൻറർമീഡിയേററിൻെറതു് ജൂൺ 1-ാംനു-യും പ്രസിദ്ധീകരിക്കുന്നതാണു്.

### പുതിയ ചീഫ്സെക്രട്ടറി

പുതിയ ചീഫ്സെക്രട്ടറി മി ബി. വി. കെ മേനോൻ ജൂൺ 1-ാംനു ചാർജെടുക്കുന്നതാണു്. മി. മേനോനു പകരം റവന്യൂബോർഡ് പ്രഥമ മെമ്പറായി മി. കാസിമിനെയും, 2-ാംമെമ്പറായി മി വി. കെ. വേലായുധനെയും നിയമിച്ചിരിക്കുന്നു.

### പുതിയ വിദ്യാലയങ്ങൾ

അടുത്ത വിദ്യാലയവർഷത്തിലേക്കു് അനുവദിച്ചിട്ടുള്ള പുതിയ സ്കൂളുകൾക്കു് കെട്ടിടങ്ങൾ പൂർത്തിയായിട്ടില്ലെങ്കിൽ ആറുമാസത്തിനകം അവ പൂർത്തിയാക്കാനും അതുവരെ ടെമ്പററി ഷെഡ്ഡുകളിലോ മററോ ക്ലാസുകൾ ആരംഭിക്കാനും വ്യവസ്ഥ ചെയ്തിരിക്കുന്നതായറിയുന്നു.

## ഇൻഡ്യാവാർത്തകൾ

### മദ്രാസിൽ രാജാജി പദ്ധതി പിൻവലിച്ചു

മദ്രാസിൽ ശ്രീ സി. രാജഗോപാലാചാരി 1953 ജൂലായിൽ നടപ്പാക്കിയ പ്രാഥമികവിദ്യാഭ്യാസപദ്ധതി ശ്രീ കാമരാജനാടാരുടെ നേതൃത്വത്തിലുള്ള പുതിയ ഗവർമ്മെൻറുപേക്ഷിച്ചിരിക്കുന്നു അടുത്ത സ്കൂൾവർഷം മുതൽ രാജാജി പദ്ധതിക്കുമുമ്പു നടപ്പിലിരുന്ന വിദ്യാഭ്യാസസമ്പ്രദായം തന്നെ സ്കൂളുകളിൽ പുനരാരംഭിക്കുന്നതാണു്.

### രാജി

ഇൻഡ്യയിലെ പാക്ക് ഹൈക്കമ്മീഷണർ മി. ഗസ്നഫർ ആലിഖാൻ ഉദ്യോഗം രാജിവച്ചിരിക്കുന്നതായറിയുന്നു.

## വിദേശവാർത്തകൾ

### നാമകരണം കൺസിസ്റ്ററി അംഗീകരിച്ചു

പത്താം പീയൂസ് മാർപ്പാപ്പായുടെ നാമകരണം സംബന്ധിച്ച നിയമപരമായ കൺസിസ്റ്ററി യോഗം അവസാനിച്ചിരിക്കുന്നു. 20 കർദ്ദിനാളന്മാരും, 100 മെത്രാപ്പോലീത്താമാരും മെത്രാന്മാരും അതിൽ സംബന്ധിച്ചിരുന്നു. മാർപ്പാപ്പാ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. കൺസിസ്റ്ററിയോഗം ധന്യനായ പത്താംപീയൂസ് മാർപ്പാപ്പായെ വിശുദ്ധപദത്തിലേക്കുയർത്തുന്നതിനു് തീരുമാനിച്ചു. 29-ാം തീയതി സെൻറു് പീറേറഴ്സ് അങ്കണത്തിൽവച്ചു് നാമകരണകർമ്മം നടക്കുന്നതാണു്.

### ചാൻസലർ നിയമിതനായി

അത്യുന്നത കർദ്ദിനാൾ സെൽസോ കോൺസ്റ്റൻറീനി തിരുമേനിയെ തിരുസഭയുടെ ചാൻസലറായി മാർപ്പാപ്പാ തിരുമേനി നിയമിച്ചിരിക്കുന്നു. ഈ ഉന്നത സ്ഥാനം കഴിഞ്ഞ 12 വർഷങ്ങളായി ഒഴിവായിക്കിടക്കുകയായിരുന്നു.

## വിജ്ഞാപനം

ഈ മേയ്മാസം സത്യദീപത്തിൻെറ ഒരു "പ്രചാരണമാസ"മായി ആചരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള ഞങ്ങളുടെ ആഹ്വാനം ഞങ്ങളുടെ മാന്യമിത്രങ്ങൾ ഉത്സാഹപൂർവ്വം സ്വീകരിച്ചിരിക്കുന്നതായി കാണുന്നതിൽ സന്തോഷിക്കുകയും ഹാർദ്ദമായ കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തുകൊള്ളുന്നു. ഇനിയും ബാക്കിയുള്ള ദിവസങ്ങൾ കൂടുതൽ ഉത്സുകതയോടുകൂടി പ്രവർത്തിക്കണമെന്നു് അനുസ്മരിപ്പിച്ചുകൊള്ളട്ടെ.

അക്കൂട്ടത്തിൽ സൗജന്യവിതരണഫണ്ടിനെപ്പററിയും റിമെയിലിംഗ് പദ്ധതിയെപ്പററിയും ചില നിർദ്ദേശങ്ങൾ ഞങ്ങൾ മാന്യമഹാജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരുന്നു. പലരും അതിൽ ഓരോവിധത്തിൽ സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതു് ഏററം സന്തോഷാവഹമാണു്. ആപ്പീസിൽനിന്നും സൗജന്യമായി പത്രം അയയ്ക്കത്തക്കവണ്ണം വരിസംഖ്യ ഏല്പിച്ചിട്ടുള്ളവർക്കുവേണ്ടി, ഫ്റീപത്രത്തിനായുള്ള അപേക്ഷകർക്ക അത്രയും പത്രങ്ങൾ ഞങ്ങൾ നേരിട്ടയയ്ക്കുന്നുണ്ടു. റിമെയിൽ ചെയ്യുന്നതിനു് സന്മനസ്സു പ്രകടിപ്പിച്ചിട്ടുള്ളവർക്ക ഇവിടെ ഫ്റീപത്രത്തിനായി അപേക്ഷിച്ചിട്ടുള്ള മേൽവിലാസങ്ങൾ ആവശ്യാനുസരണം അയച്ചുകൊടുത്തിട്ടുമുണ്ടു്. ഈ പദ്ധതികൾ സഹകരണബുദ്ധിയോടും ത്യാഗനിഷ്ഠയോടുംകൂടി പുരോഗമിപ്പിക്കണമെന്നു് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

ഫ്റീപത്രത്തിനായി ഓരോ ദിവസവും ഇവിടെ നിരവധി അപേക്ഷകൾ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടു. അവരെല്ലാം തന്നെ സൗജന്യം അർഹിക്കുന്ന അപേക്ഷകരാണെന്നും ഞങ്ങൾക്കറിയാം. പക്ഷെ ഞങ്ങൾക്കു ലഭിക്കുന്ന ഉദാരമായ സഹകരണത്തിൻെറയും സംഭാവനയുടേയും തോതനുസരിച്ചു മാത്രമെ അവരുടെ അഭിലാഷം സാധിക്കുന്നതിനു് ഞങ്ങൾക്കു കഴിയൂ എന്നുള്ളതുകൊണ്ടു് ഉടൻ അപേക്ഷ സ്വീകരിക്കുവാൻ തരപ്പെടാതെവരുന്ന വേദനാജനകമായ ഞങ്ങളുടെ കഴിവുകേടിനെ സദയം ക്ഷമിക്കണമെന്നപേക്ഷയുണ്ടു്. ഓരോരുത്തർക്കും തിരിച്ചു മറുപടി അയയ്ക്കുന്നതിനു വിഷമമായതുകൊണ്ടു മറുപടി കാണാത്തതിൽ അപേക്ഷ തിരസ്കരിക്കപ്പെട്ടുവെന്നോ അനാദരിക്കപ്പെട്ടുവെന്നോ തെററിദ്ധരിക്കരുതെ. ഉദാരമതികളായ ആളുകളുടെ സഹായഹസ്തം നീട്ടപ്പെടുന്നതനുസരിച്ചു് ക്രമത്തിൽ എല്ലാ അപേക്ഷകളേയും പരിഗണിക്കുന്നതാണു്.

മാനേജർ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 ‖ ERNAKULAM MAY 26, 1954 ‖ No. 38


# തൊഴിൽപ്രശ്നം

തൊഴിൽപ്രശ്നം സമുദായത്തിൽ ഇന്നൊരു ജീവൽപ്രശ്നമാണ്. ലോകത്തിൽ ഇന്നു നിലവിലുള്ള നിരവധി സംഘട്ടനങ്ങളുടെ മൂലകാരണമായിരിക്കുന്നതു് ഈ പ്രശ്നംതന്നെയാണ്. ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്ന രീതികളിൽ അംഗീകരിക്കപ്പെടുന്ന ആദർശപരമായ വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളുമാണ് അവയ്ക്കു നിദാനം. അതുകൊണ്ടു് പ്രസ്തുത പ്രശ്നത്തെ നിഷ്പക്ഷമായി സമീപിക്കുന്നതിനും കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും തുറന്ന ഒരു മനസ്ഥിതിയും ശരിയായ പഠനവും അവശ്യാവശ്യമാണ്.

## അതിന്റെ ചരിത്രപശ്ചാത്തലം

തൊഴിൽപ്രശ്നം ഇത്ര രൂക്ഷമായിത്തീരുന്നതിനും, അതിന്റെ പരിഹാരമാർഗ്ഗങ്ങൾ ഇത്ര ദുർഘടനിബിഡമായി പരിണമിക്കുന്നതിനും, അതു് ഇന്നത്തെ നിലയിൽ ഉഗ്രമായ ഒരു വർഗ്ഗസമരത്തിലേക്കധഃപ്പതിക്കുന്നതിനും പല കാരണങ്ങൾ പ്രേരകങ്ങളായിട്ടുണ്ടു്. കഴിഞ്ഞ നൂററാണ്ടിൽ അസഹനീയമായവിധം രൂപംപ്രാപിച്ച ലിബറലിസമാണ് അതിപ്രധാനമായ ഒരു കാരണം. ലിബറലിസ്റ്റു് വ്യവസ്ഥിതിയിൽ വ്യക്തികൾ അനിയന്ത്രിതമായ സ്വാതന്ത്ര്യം അവകാശപ്പെടുകയും പ്രയോഗിക്കുകയും ചെയ്തുപോന്നു. സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇതരന്റെ ഏതവകാശവും അവഗണിക്കുന്നതിനും സ്വാർത്ഥലാഭംമാത്രം ജീവിതനിയമമായി സ്വീകരിക്കുന്നതിനും അതു വഴിതെളിച്ചു. വ്യവസായലോകത്തിൽ സർവ്വത്രപ്രചാരത്തിൽവന്ന യാന്ത്രീകരണം ഇതോടൊത്തുചേർന്നപ്പോൾ വ്യവസായത്തിലെ തൊഴിലാളി വിലയില്ലാത്ത ഒരു വെറും കൂലിയായി അധഃപ്പതിച്ചു. നിസ്സഹായനായ തൊഴിലാളിയോടു് എന്തനീതിയും പ്രവർത്തിക്കുന്നതിനു് ലിബറലിസത്തിന്റെ തണലിൽ ഹൃദയമില്ലാത്ത മുതലാളിക്കു സാധ്യമായി. മനുഷ്യനെന്നുള്ള നിലയിൽ തൊഴിലാളിയിൽ നിക്ഷിപ്തമായിട്ടുള്ള ജന്മാവകാശങ്ങളെപ്പോലും വിസ്മരിച്ചു് അവനോടു വിലപേശി ഏററു കുറഞ്ഞ കൂലിക്കു അവനെക്കൊണ്ടു് ജോലിചെയ്യിക്കുന്നതിനും ഉല്പന്നങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹ്യമായ സുസ്ഥിതിയെ അവഗണിച്ചു് ഇഷ്ടാനുസരണം തോന്നിയ വിലവച്ചു കൊള്ളലാഭമെടുക്കുന്നതിനും ഒരു മുതലാളിക്കു് നിഷ്പ്രയാസം കഴിയുമായിരുന്നു. അസംഘടിതരും ദുർബലരുമായിരുന്ന തൊഴിലാളികൾക്കു ഇതിനെതിരായി സ്വരമുയർത്തുന്നതിനു് സാധിക്കുമായിരുന്നില്ല. ഇതിന്റെ പ്രത്യാഘാതമായിട്ടാണ് അനന്തരകാലത്തെ തൊഴിലാളിപ്രശ്നം രൂപംപ്രാപിച്ചതു്.

മുതലാളിമാരുടെ അനീതിപരമായ ചൂഷണമനോഭാവത്തേയും അവശതാഗർത്തത്തിൽ നരകിച്ചുകൊണ്ടിരുന്ന തൊഴിലാളികളുടെ നിരാശാബോധത്തേയും കരുവാക്കി അതിൽനിന്നു മുതലെടുക്കുന്നതിനു മൂന്നാമതൊരു കക്ഷി രംഗപ്രവേശംചെയ്തു. സാമൂഹ്യാന്തരീക്ഷം അസ്വസ്ഥവും പ്രക്ഷുബ്ധവുമായിരുന്ന അക്കാലസന്ധിയിലാണ് കാറൽമാർക്സിന്റെയും എങ്കൽസിന്റേയും ഭൗതികമാത്രമായ തത്വസംഹിത പ്രചരിപ്പിക്കപ്പെട്ടതു്. റഷ്യയിൽ കൊട്ടംപിരികൊണ്ടിരുന്ന രാഷ്ട്രീയപ്രശ്നങ്ങളുടേയും തുടർച്ചയായ സംഘട്ടനങ്ങളുടേയും ഫലമായി അരാജകത്വം നടമാടിയിരുന്ന അന്തരീക്ഷത്തിൽ ബോൾഷെവിക്ക കക്ഷിക്കു് നീതിവിരുദ്ധമായും അക്രമപരമായും രാഷ്ട്രീയാധികാരം പിടിച്ചടക്കുന്നതിനു് ആ സിദ്ധാന്തം ഒരു തൊട്ടുകാരണമായി ഉപകരിച്ചു. അങ്ങനെ ബഹുജനങ്ങളാൽ വെറുക്കപ്പെട്ടിരുന്ന മാററീരിയലിസത്തിനു് രാഷ്ട്രീയമായ അംഗീകാരം ലഭിക്കുന്നതിനും അക്രമപ്രസക്തരായ ബോൾഷെവിക്കുകൾക്കു് രാഷ്ട്രീയാധികാരം കൈയടക്കുന്നതിനും തൊഴിലാളികളുടെ പേരിൽ ഒരവസരം ലഭിച്ചു.

## വർഗ്ഗസമരം

1917 ലെ വിപ്ലവത്തെത്തുടർന്നു് റഷ്യയിൽ ബോൾഷെവിക്കു് കക്ഷി ലനിന്റെ നേതൃത്വത്തിൽ രാഷ്ട്രമേധാവിത്വം കരസ്ഥമാക്കി. തൊഴിലാളികളുടെ പേരിൽ മാററീരിയലിസ്റ്റിക്കു് സോഷ്യലിസം അഥവാ കമ്മ്യൂണിസം അവിടത്തെ ഭരണാദർശമായി അംഗീകരിക്കപ്പെട്ടു. അതിന്റെ അതിനഗ്നമായ ക്രൂരമർദ്ദനത്തിൽ മുതലാളികളും ഭൂവുടമകളും ചാമ്പലായി. സർവ്വാധികാരങ്ങളും കൈയടക്കി സ്വേച്ഛാപ്രമത്തമായ ഏകാധിപത്യം തൊഴിലാളിവർഗ്ഗത്തിന്റെ പേരിൽ കമ്മ്യൂണിസ്റ്റു നേതാക്കന്മാർ സ്വായത്തമാക്കി. ആ ലോകവ്യാപകമായി അതിനെ അസ്ഥിവാരം ചെയ്തുറപ്പിക്കുന്നതിനുള്ള ആക്രമണസംരംഭങ്ങളായിരുന്നു അടുത്തപടി. ഈ പരിവർത്തനത്തിന്റെ ഫലമായിട്ടാണ് ഒത്തുതീർപ്പില്ലാത്തതും വിപ്ലവാസക്തവും രക്തപങ്കിലവുമായ വർഗ്ഗസമരം നടമാടിക്കൊണ്ടിരിക്കുന്നതു്. അരാജകത്വവും അടിമത്തവും വിളയാടുന്ന ഈ ദുസ്ഥിതി സംജാതമാകുന്നതിനു് ലിബറലിസവും മുതലാളിത്തദുർന്നയവും തൊഴിലാളി ചൂഷണവും ഒത്തുചേർന്നു് സഹകരിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. എങ്കിലും അതിന്റെ ഉത്തരവാദിത്വം കമ്മ്യൂണിസ്റ്റു് വ്യവസ്ഥിതിയുടെ പ്രയോഗത്തിലാണ് വേരുറച്ചിട്ടുള്ളതു്. വ്യാവസായികമായ പരിവർത്തനവും അതിന്റെ അനിവാര്യമായഅനന്തരഫലവുമാണ് ഈ ദുസ്ഥിതിക്കു കാരണമെങ്കിൽ ലോകത്തിൽ ഏററവും കൂടുതൽ വ്യവസായീകരണം നിലവിലിരിക്കുന്ന ഇംഗ്ലണ്ടിൽ ഇനിയും ഈ വ്യവസ്ഥിതി എന്തുകൊണ്ടു് പ്രചരിക്കുന്നില്ല, എന്നുള്ളതു അർത്ഥഗർഭമായ ഒരു പ്രശ്നമാണ്. അതുകൊണ്ടു് തൊഴിലാളി മുതലാളിസംഘട്ടനം—വർഗ്ഗസമരം—കമ്മ്യൂണിസത്തിന്റെ അരുമസന്താനമാണെന്നും സമുദായമദ്ധ്യത്തിൽനിന്നും ഈ ദുഷിച്ച വ്യവസ്ഥിതി നിർമ്മാർജ്ജനം ചെയ്യപ്പെട്ടു് സമാധാനത്തിന്റേയും സാമൂഹ്യസൗഭാഗ്യത്തിന്റേയും അന്തരീക്ഷം പ്രകാശമാനമായി പരിണമിക്കണമെങ്കിൽ കമ്മ്യൂണിസത്തിന്റെ വേലിയേററത്തെയാണ് നിശ്ശേഷം തടയേണ്ടതെന്നും വിശദമാകുന്നു. വർഗ്ഗസമരത്തിലല്ല സാമൂഹ്യമായ സുസ്ഥിതി സംജാതമാകുക; പ്രത്യുത സഹകരണമനോഭാവത്തിലും സാഹോദര്യത്തിലുമാണ് അതിനെ ആരായേണ്ടതു്.

## മാർപ്പാപ്പാമാരുടെ ദീർഘവീക്ഷണം

സമുദായഗാത്രത്തിലെ ഈ അർബ്ബുദം ആദ്യമായി കണ്ടുപിടിച്ചതും അതിന്റെ ഉപശാന്തിക്കുതകുന്ന പ്രത്യൗഷധം സമ്യക്കായി നിർദ്ദേശിച്ചതും അക്കാലത്തു തിരുസഭയെ ഭരിച്ചുകൊണ്ടിരുന്ന മാർപ്പാപ്പാമാരാണെന്നുള്ളതു് ഒരു ചരിത്രയാഥാർത്ഥ്യം മാത്രമാണ്. ബാഹ്യലോകം ഈ വിപത്തിനെപ്പററി അധികമൊന്നും ശ്രദ്ധിച്ചുതുടങ്ങിയിട്ടില്ലായിരുന്ന ആ കാലത്തുതന്നെ അന്നു തിരുസഭാതലവനായിരുന്ന 13-ാം ലെയോ മാർപ്പാപ്പാ ഈ പ്രശ്നത്തെ പണ്ഡിതോചിതമായി ചർച്ചചെയ്യുകയും, അവിടുത്തെ അവഗാഢമായ പഠനത്തിന്റെ ഫലമായി 1891-ൽ "റേരും നൊവാരും" എന്നാരംഭിക്കുന്ന ഒരു ചാക്രികലേഖനത്തിൽ അതു ലോകത്തിന്റെ ശ്രദ്ധയ്ക്കു വിഷയമാക്കുകയും ചെയ്തു. "തൊഴിലാളികളുടെ സ്വാതന്ത്ര്യപട്ടയം" എന്നറിയപ്പെടുന്ന ഈ പ്രാമാണികരേഖ തൊഴിലാളിപ്രവർത്തകരെന്നഭിമാനിക്കുന്ന നേതാക്കന്മാരിൽപോലും എത്ര പേർ മനസ്സിരുത്തി പഠിച്ചിട്ടുണ്ടെന്നു പരിശോധിക്കുന്നതു നന്നായിരിക്കും.

വഴിപിഴച്ച ലിബറലിസത്തിന്റെ മൗലികമായ തെററുകളെ അവിടുന്നു അതിൽ വ്യക്തമായി പ്രതിപാദിക്കുകയും, ആ പ്രമാദങ്ങൾ വേണ്ട സമയത്തു പരിഹരിച്ചു് തൊഴിലാളികളുടെ മേൽ അടിച്ചേല്പിച്ചിരുന്ന നീതിവിരുദ്ധമായ ക്രമക്കേടുകൾക്കു നിവാരണമുണ്ടാക്കാത്തപക്ഷം ഒരു ലോകവിപ്ലവംതന്നെ സംജാതമാകുമെന്നു മുന്നറിയിപ്പു നൽകുകയുംചെയ്തിരുന്നു. തൊഴിലാളിയുടെ മൗലികമായ അവകാശങ്ങളേയും അവന്റെ അവശതകളെ ചൂഷണം ചെയ്യുന്നതിനുള്ള കടുത്ത അനീതിയേയും വിശദമാക്കിക്കൊണ്ടു മനുഷ്യോചിതമായ ഒരു പരിഗണനയും സാഹോദര്യത്തിൽ അധിഷ്ഠിതമായ സമഭാവനയും അവന്റെ നേർക്കു കാണിക്കുന്നതിനു അവിടുന്നു ശക്തിയായി ഉൽബോധിപ്പിച്ചു. 13-ാംലെയോ മാർപ്പാപ്പായുടെ പ്രസ്തുത ചാക്രികലേഖനത്തിൽ ഉള്ളടക്കിയിട്ടുള്ള തത്വങ്ങളാണ് ഇന്നും തൊഴിൽപ്രശ്നത്തിന്റെ പരിഹാരത്തിനുള്ള അടിസ്ഥാനതത്വങ്ങളായി നിലകൊള്ളുന്നതു്. പിന്നീടുള്ള മാർപ്പാപ്പാമാരും ഭരണധുരന്ധരന്മാരും അവയെ അംഗീകരിക്കുകയും പ്രശംസിക്കുകയും, വിശദീകരിക്കുകയും ചെയ്തിട്ടുണ്ടു്. അതിന്റെ പ്രഖ്യാപനത്തിന്റെ 40-ാംവാർഷികം പ്രമാണിച്ചു പരിശുദ്ധപിതാവു 11-ാംപീയൂസു് മാർപ്പാപ്പാ തൊഴിൽപ്രശ്നത്തെ സംബന്ധിച്ചു പുറപ്പെടുത്തിയ "ക്വാദ്രജേസിമോ ആന്നോ" എന്ന വിശ്വലേഖനവും അതിന്റെ ആനുകാലികമായ ഒരു വ്യാഖ്യാനമായിരുന്നു. മി. ഡിവലേറാ, ഡോക്ടർ സലാസർ, ജനറൽ ഫ്രാങ്കോ മുതലായ കത്തോലിക്കാ രാഷ്ട്രനേതാക്കന്മാർ ഈ വിശ്വലേഖനങ്ങളിലെ തത്വങ്ങൾ അംഗീകരിച്ചു അതതു രാജ്യങ്ങളിൽ നടപ്പാക്കിയതുകൊണ്ടു തൊഴിൽപ്രശ്നത്തെ വിജയപൂർവ്വം നിയന്ത്രിക്കുന്നതിനു സാധിച്ചിട്ടുണ്ടു്.

## പ്രതിവിധി

തൊഴിൽപ്രശ്നത്തെ സമുദായത്തിന്റെ അധഃപ്പതനത്തിനു മാർഗ്ഗം തെളിക്കുന്ന വർഗ്ഗസമരത്തിൽ കൊണ്ടുപോയി ചാടിക്കാതെ മുതലാളിക്കും തൊഴിലാളിക്കും സുഖസമൃദ്ധവും സമാധാനപരവും സൗഭാഗ്യദായകവുമായ ഒരു ജീവിതത്തിനുതകത്തക്കവണ്ണം പരിഹാരം കണ്ടെത്തുകയാണ് ആവശ്യം. അതിനുവേണ്ട സംവിധാനമാണ് മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിൽ സാധിച്ചിട്ടുള്ളതു്. ഈ മാതൃകാവ്യവസ്ഥിതി സമുദായത്തിൽ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി ഒന്നാമതായി അവയെ പഠിക്കണം. രണ്ടാമതായി അതു പ്രായോഗികമാക്കുന്നതിനു വേണ്ട സംഘടിതമായ പ്രവർത്തനങ്ങൾ നടത്തണം. അങ്ങിനെ മുതലാളിയും തൊഴിലാളിയും പരസ്പരം സഹകരിച്ചു് സഹോദരതുല്യം നീതിബോധത്തോടും സ്നേഹമനസ്ഥിതിയോടുംകൂടി പ്രവർത്തിക്കുന്ന ഒരു വ്യവസ്ഥിതിയാണ് സംജാതമാകേണ്ടതു്.

തൊഴിലാളി വിദ്യാലയങ്ങൾ ഇക്കാര്യത്തിൽ വളരെ ഫലപ്രദമായ ഒരു പദ്ധതിയാണ്. അമേരിക്കയിൽ അത്തരം നൂറിൽപരം സ്ഥാപനങ്ങളുണ്ടു്. ഈശോസഭാവൈദികരും, കൊളംബസ്സിന്റെ മാടമ്പികളും, തിരുനാമസഭക്കാരും, ക്രിസ്ത്യൻയുവതൊഴിലാളിസംഘടനയും, ചിക്കാഗോയിലെ ഷീൽ സാമൂഹ്യവിദ്യാസ്ഥാപനവും, ബോസ്റ്റണിലെ കത്തോലിക്കാ തൊഴിലാളിസംഘടനയും ഇവയുടെ നടത്തിപ്പിൽ ബദ്ധശ്രദ്ധരായിരിക്കുകയാണ്. 1911-ലാണ് ഈ സ്ഥാപനങ്ങളുടെ ആവിർഭാവം. ഈശോസഭാവൈദികനായ റവ. ടെറൻസ് ഷീലി എസ്. ജെ. ന്യൂയോർക്കിലുള്ള സേവ്യർ കോളജിനോടനുബന്ധിച്ചു സാമൂഹ്യപഠനങ്ങൾക്കുള്ള ഒരു വിദ്യാലയം സമാരംഭിച്ചു. പിന്നീടതു ഫോർഡാം കലാലയത്തിലേക്കു മാററപ്പെടുകയും അതിലെ സാമൂഹ്യപഠനത്തിന്റേയും സാമൂഹ്യസേവനത്തിന്റേയും വിഭാഗത്തിൽ സംയോജിപ്പിക്കപ്പെടുകയും ചെയ്തു. 1930-ൽ ഫിലാഡൽഫിയായിലുള്ള സെൻറു് ജോസഫ്സ് കോളേജു കത്തോലിക്കാ തൊഴിലാളികൾക്കു വേണ്ടി ഒരു അദ്ധ്യയനപരമ്പര സമാരംഭിച്ചു. തൊഴിലാളിവിദ്യാലയങ്ങളിൽ ഏററവും വലുതായിത്തീർന്നിട്ടുള്ളതും ന്യൂയോർക്കിലെ സെൻറു സേവ്യർ കോളേജിനോടനുബന്ധിച്ചു നടത്തപ്പെടുന്നതുമായ സെൻറു സേവ്യർ തൊഴിൽ വിദ്യാലയം 1936-ലാണ് സമാരംഭിച്ചതു്. കത്തോലിക്കാ ട്രേഡ്യൂണിയനിസ്റ്റു് സംഘടന 1937-ൽ ന്യൂയോർക്കിൽ 3 വിദ്യാലയങ്ങൾ തുടങ്ങി. ഇപ്രകാരം നിരവധി തൊഴിൽവിദ്യാലയങ്ങൾ അവിടെ പ്രവർത്തനത്തിൽ വന്നു.

## പാഠ്യപദ്ധതി

തൊഴിൽവിദ്യാലയങ്ങൾ തൊഴിൽപ്രശ്നങ്ങളെ വെറും നിഷേധാത്മകമായ ഭാവത്തിലോ കമ്മ്യൂണിസ്റ്റു് വിരുദ്ധമാത്രമായ രീതിയിലോ അല്ല സമീപിക്കുന്നതും ചർച്ചചെയ്യുന്നതും. പ്രത്യുത അവയ്ക്കു സൃഷ്ടിപരമായ പദ്ധതികളേയും പ്രതിവിധികളേയും നിർദ്ദേശിക്കുന്നതിലാണ് അവ വ്യാപൃതമായിരിക്കുന്നതു്. തൊഴിലാളികൾ തമ്മിൽതമ്മിലും മുതലാളികളുമായും ഉണ്ടായിരിക്കേണ്ട സൗഹൃദബന്ധങ്ങളെ ക്രിസ്തീയതത്വങ്ങളുടെ വെളിച്ചത്തിൽ മനസ്സിലാക്കുന്നതിനാണ് തൊഴിലാളിവിദ്യാർത്ഥികൾ അഭ്യസിപ്പിക്കപ്പെടുന്നതു്. കത്തോലിക്കാസഭയുടെ സാമൂഹ്യശാസ്ത്രസിദ്ധാന്തങ്ങളിലും തൊഴിൽകാര്യനിർവ്വഹണതത്വങ്ങളിലും അംഗീകൃതപണ്ഡിതന്മാരാണ് അവിടെ ക്ലാസ്സുകൾ നടത്തുന്നതു്. തൊഴിലാളികളുടെ ഇടയിലും തൊഴിലാളി നേതാക്കന്മാരുടെ ഇടയിലും ഈ സ്ഥാപനങ്ങളേയും അവിടത്തെ അദ്ധ്യയനരീതികളേയും സംബന്ധിച്ചു വലിയ മതിപ്പാണുള്ളതു്.

അമേരിക്കയിലെ കത്തോലിക്കാ ട്രേഡ്യൂണിയൻ അസോസിയേഷൻ (ACTU) ഇക്കാര്യത്തിൽ അതിവിശിഷ്ടമായ സേവനമനുഷ്ഠിച്ചുപോരുന്നുണ്ടു്. തൊഴിൽ അന്തരീക്ഷം സംശുദ്ധമാക്കപ്പെടുന്നതിനും, ട്രേഡ്യൂണിയനുകൾ സംഘടിപ്പിക്കുന്നതിനും, തൊഴിലാളിലോകത്തെ പ്രബുദ്ധമാക്കുന്നതിനും, അവരുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും, കത്തോലിക്കാസഭയുടെ മഹത്തരങ്ങളായ തത്വസംഹിതകൾക്കും പരിശുദ്ധ മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങൾമൂലം നൽകപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾക്കും അനുസൃതമായി അതുപ്രവർത്തിക്കുന്നു. തൊഴിൽ സ്കൂളുകൾ നടത്തുക, തൊഴിലാളികളുടേതായി രണ്ടു പത്രങ്ങൾ പ്രസിദ്ധീകരിക്കുക, തൊഴിലാളികൾക്കു സൗജന്യമായ നിയമോപദേശങ്ങൾ നൽകുക ഇതെല്ലാം അതിന്റെ പദ്ധതിയിൽപ്പെടുന്നുണ്ടു്. വ്യാവസായികപ്രശ്നങ്ങളെപ്പററി പ്രതിപാദിക്കുന്ന കോൺഫറൻസുകൾ വിളിച്ചുകൂട്ടുന്നതിനും ഒരു വ്യവസായസ്ഥാപനം നടത്തുന്നതിനും അതു മുൻകൈയെടുത്തു പരിശ്രമിക്കുന്നു. നാഷനൽ കാത്തലിക്കു് വിമൻസു് കൗൺസിൽ (N. C. W. C.) സ്ത്രീതൊഴിലാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു. സമ്മർ സ്കൂളുകൾ വഴിയായും കോൺഫറൻസുകൾ വഴിയായും സ്ത്രീതൊഴിലാളികൾ പ്രബുദ്ധരാക്കപ്പെടുന്നു

## നാമും അനുകരിക്കണം

തൊഴിലാളിലോകത്തിൽ സാക്ഷാത്തായ അഭിവൃദ്ധിയും സൗഭാഗ്യവും കൈവളർത്തുന്നതിനു സ്വീകാര്യമായ ഈ പദ്ധതി നാമും അനുകരിക്കേണ്ടതു അവശ്യം ആവശ്യമാണ്. തൊഴിലാളിലോകത്തെ വ്യാമോഹിപ്പിച്ചും അവരുടെ കഴിവുകേടുകളെ ചൂഷണം ചെയ്തും സ്വാർത്ഥതയ്ക്കുവേണ്ടി ദുരുപയോഗിച്ചു പോരുന്ന വിപ്ലവകാരികളും നീതിയില്ലാത്ത മുതലാളിമാരും അവരോടു പ്രവർത്തിക്കുന്ന കടുംകൈകളെ ശരിയായ വെളിച്ചത്തിൽ അവർക്കു കാണിച്ചുകൊടുക്കുന്നതിനു യഥാർത്ഥ തൊഴിലാളിനേതാക്കന്മാർ മുന്നോട്ടുവരട്ടെ. നമ്മുടെ ഇടയിലും കോൺഫറൻസുകളും സമ്മർക്യാമ്പുകളും ധാരാളം പ്രചരിച്ചുവരുന്ന ഒരു കാലമാണിതു്. അവയെ ശരിയായി നയിക്കുന്നതിനു മററു രാജ്യങ്ങളിൽ നടത്തിയിട്ടുള്ള പരീക്ഷണങ്ങളും അവർ കൈവരിച്ചിട്ടുള്ള വിജയങ്ങളും അവരുടെ പ്രവർത്തനപദ്ധതികളും നമുക്കും അനുകരണാർഹമായിരിക്കുമല്ലോ. അമേരിക്കയിൽ ഇക്കാര്യത്തിൽ നടന്നിട്ടുള്ള പ്രവർത്തനത്തെപ്പററി ഇത്തരുണത്തിൽ അനുസ്മരിപ്പിച്ചതു ഈ ഉദ്ദേശത്തോടുകൂടിയാണ്. തൊഴിൽപ്രശ്നം വേണ്ടവിധത്തിൽ നേരിടുന്നതിനു സാധിച്ചെങ്കിൽ മാത്രമേ ഇന്നത്തെ ലോകത്തിൽ സമാധാനപരവും സൗഭാഗ്യദായകവുമായ ഒരു സാമൂഹ്യവ്യവസ്ഥിതി സംജാതമാക്കാൻ സാധിക്കൂ.

## പ്രസാധകക്കുറിപ്പുകൾ

### ഫാദർ ഡിസൂസാ വ്യവസായപ്രശ്നത്തെപ്പററി

പൂനായിലെ സോഷ്യൽ ഇൻസ്റ്റിററ്യൂട്ട് എന്ന സ്ഥാപനത്തിന്റെ ഡയറക്ടറായ റവ. ഫാദർ ജെറോം ഡിസൂസാ എസ്. ജെ. കൊല്ലം സെൻറ് അലോഷ്യസ് സ്കൂൾഹാളിൽവച്ച് കൊല്ലം മെത്രാനച്ചൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ "ആധുനികസാമൂഹ്യപ്രവർത്തനങ്ങൾ" എന്ന വിഷയത്തെപ്പററി ചെയ്ത പ്രസംഗത്തിലെ പ്രസ്താവങ്ങളും ഉദ്ബോധനങ്ങളും ശ്രദ്ധേയങ്ങളാണ്.

വ്യവസായലോകത്തെ ആകമാനം ഇന്നു തുറിച്ചുനോക്കുന്ന പ്രശ്നമാണ് മുതലാളി തൊഴിലാളിബന്ധം. വ്യാവസായികമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഇൻഡ്യയും ഇപ്പോൾ ഇതിനെ അഭിമുഖീകരിക്കുകയാണ്. സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങളെ സംഘടിപ്പിക്കുകയും, മുതലാളിത്തവ്യവസ്ഥിതിയിൽ രൂപമെടുത്തിട്ടുള്ള വ്യവസായങ്ങളെ അനിയന്ത്രിതമായ മത്സരത്തിനു വിടാതെ രാജ്യക്ഷേമത്തെ ലക്ഷ്യമാക്കി ഗവർമെൻറ് കർശനമായി നിയന്ത്രിക്കുകയും ചെയ്യുകയാണ് ഇതിനുള്ള പരിഹാരം. തനി മുതലാളിത്തം നടമാടുന്നതായി പറയുന്ന അമേരിക്കയിൽപോലും ബ്രൂക്ക്ബോണ്ട് കമ്പനിക്കാരുടെ കുത്തകയ്ക്കുവേണ്ടിയുള്ള ശ്രമത്തെ ഗവർമ്മെൻറ് തടയുകയാണുണ്ടായതു്. ഈ പൊതുസാമൂഹികപ്രശ്നം കൂടാതെ ഇൻഡ്യക്കു ചില പ്രത്യേകകാര്യങ്ങൾകൂടിയുണ്ട്. ജാതി, തീണ്ടൽ, വർദ്ധമാനമാകുന്ന അംഗഹീനരുടേയും ബലഹീനരുടേയും സംഖ്യ, ഭൂവുടമയിലുള്ള അനീതി എന്നിവ ഇൻഡ്യയുടെ പ്രത്യേകപ്രശ്നങ്ങളിൽപ്പെടും.

* * *

### കൂടുതൽ നീതിയുക്തമായ ഭൂവുടമസ്ഥത ആവശ്യകം

ഭൂവുടമയെസംബന്ധിച്ചും ഫാദർ ഡിസൂസായുടെ പ്രസംഗത്തിൽ പരാമർശിച്ചു. പ്രഭുവാഴ്ചയുടെ അടിസ്ഥാനമായ വസ്തു ഉടമസ്ഥത ഇന്നു് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏതാനും ചിലരുടെ കൈയിലമർന്നിരിക്കുന്നു. സെമിന്ദാരി നിർത്തൽനിയമം നടപ്പിലാക്കിയശേഷവും ഇൻഡ്യയിലെ ഏററിയഭാഗം വസ്തുക്കളും ഏതാനും ജന്മിമാരുടെ കൈയിലാണിരിക്കുന്നതു്. ഭാരതത്തിലെ കർഷകരിൽ ഏററിയഭാഗം ഭൂമിയില്ലാത്തവരും, അന്യരുടെ വസ്തുക്കളിൽ കൂലിക്കും പാട്ടത്തിനും കൃഷി ചെയ്യുന്നവരുമാണ്. ഈ പ്രശ്നപരിഹാരത്തിനു് സമാധാനപരമായി ശ്രമിക്കുന്ന ഭൂദാനപ്രസ്ഥാനക്കാരുടെ ശ്രമം ശ്ലാഘനീയമാണെങ്കിലും, വസ്തുവിതരണത്തിൽ വളരെ നീതിപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. ദാനമായി കിട്ടുന്ന വസ്തുക്കൾ ഒരു പൊതുക്കൂട്ടായ്മയായി രൂപാന്തരപ്പെടുത്തി, അതിന്റെ കീഴിൽ ദാനഭൂമി ലഭിക്കുന്നവരെ ഉടമസ്ഥാവകാശമില്ലാത്ത വെറും കർഷകത്തൊഴിലാളികളായി അധഃപതിപ്പിക്കരുതു്. ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കു് പരിപൂർണ്ണമായ ഉടമസ്ഥാവകാശത്തോടുകൂടി വസ്തുവിതരണം ചെയ്യേണ്ടതാണ്. ഇതോടൊപ്പംതന്നെ ഗവർമ്മെൻറ് വേണ്ട നിയമനിർമ്മാണം നടത്തി വസ്തുക്കൾ പുനർവിഭജനം ചെയ്യണം. ഇററാലിയൻ ഗവർമ്മെൻറ് നിയമംമൂലം വസ്തുപുനർവിഭജനം നടത്തി ലോകപ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്.

ഇൻഡ്യക്കു ബ്രിട്ടീഷ്കാരിൽനിന്നു് രാഷ്ട്രീയസ്വാതന്ത്ര്യം കിട്ടിയെങ്കിലും, സാമ്പത്തികസാമൂഹികസ്വാതന്ത്ര്യം ഇതേവരെ കൈവന്നിട്ടില്ല. സാമ്പത്തികസ്വാതന്ത്ര്യം പരിപൂർണ്ണമായി വരാത്തപക്ഷം രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്നുവെന്നു് പറയുന്നതുതന്നെ വെറും മിഥ്യയാണ്. ബ്രിട്ടീഷ് പണമുടമസ്ഥരിൽനിന്നു് ഇൻഡ്യൻ പണമുടമസ്ഥരിലേക്കു് രാഷ്ട്രീയസ്വാതന്ത്ര്യം കൈമാറിയതേയുള്ളു. അതുകൊണ്ടു് ഗാന്ധിജി വിഭാവനംചെയ്ത സാമ്പത്തികസാമൂഹിക പരിപാടികൾ പരിവർത്തനമാർഗ്ഗങ്ങളിൽക്കൂടി ഗവർമ്മെൻറ് നടപ്പിലാക്കുന്ന നല്ല കാര്യങ്ങൾക്കു് ജനങ്ങൾ ഹാർദ്ദമായ സഹകരണം നൽകണം. വളരെയേറെ ഗുണം ചെയ്യാവുന്ന കമ്മ്യൂണിററി പ്രോജക്ററുകളുടെ പ്രവർത്തനം കൂടുതൽ പൊതുജനസഹകരണമുണ്ടെങ്കിൽ കൂടുതൽ പ്രയോജനപ്രദമാക്കാം. ഇപ്പോൾ കേന്ദ്രം ആരംഭിച്ചിരിക്കുന്ന നാഷണൽലോണിൽ കഴിവുള്ളവരെല്ലാം സഹകരിച്ചു് അതു വിജയപ്രദമാക്കാൻ ശ്രമിക്കണം. ഇൻഡ്യ ബാഹ്യമായി വളരെ ദരിദ്രമാണെന്നു തോന്നുന്നെങ്കിലും അനേകം കോടിരൂപാ പൂഴ്ത്തിവച്ചിട്ടുള്ള വൻമുതലാളിമാർ പലരും ഇവിടെയുണ്ട്. ആഭരണപ്രിയരായ ഭാരതവനിതകളുടെ ആഭരണങ്ങൾതന്നെ അനേകംകോടി ഉറുപ്പിക വിലമതിപ്പുള്ളതാണ്. ആവശ്യം കഴിച്ചുള്ള മൂലധനം എല്ലാംതന്നെ ദേശീയാവശ്യങ്ങൾക്കു നാം വിനിയോഗിക്കണം.

* * *

### ഭൂദാനപ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പുരോഗതി

ഭൂദാനപ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പുരോഗതി ശ്രീ ജയപ്രകാശ് നാരായണൻ ഈയിടെ വിവരിക്കുകയുണ്ടായി. പ്രസ്ഥാനം തുടങ്ങിയ ആദ്യത്തെ കൊല്ലം ഒരു ലക്ഷം ഏക്കർ ഭൂമിയാണു കിട്ടിയതു്. ഇപ്പോഴതു 32 ലക്ഷം ഏക്കർ ആയിട്ടുണ്ട്. 1957 അവസാനിക്കുംമുൻപു് 5 കോടി ഏക്കർ കിട്ടണമെന്നാണ് ആചാര്യവിനോബഭാവേ ആദ്യംതന്നെ നിശ്ചയിച്ചിട്ടുള്ളതു്. ഈ കൊല്ലം അവസാനത്തോടുകൂടി ബീഹാറിലെ ഭൂപ്രശ്നം പരിഹരിക്കണമെന്നാണ് അദ്ദേഹത്തിന്റെ തീരുമാനം. 16 മാസംകൊണ്ടു് [illegible]0 ലക്ഷം ഏക്കർ ഭൂമി അദ്ദേഹം ശേഖരിച്ചിരിക്കുന്നു.

കിട്ടിക്കഴിഞ്ഞ ഭൂമി വിതരണം നടത്തുകയാണ് പ്രസ്ഥാനത്തിന്റെ അടുത്ത പ്രധാന ഘട്ടം. പിരിച്ചെടുത്തതിൽ ചെറിയൊരു ഭാഗമേ വിതരണം ചെയ്തുകഴിഞ്ഞിട്ടുള്ളു. ഉത്തരപ്രദേശ്, മദ്ധ്യപ്രദേശ്, ഹൈദ്രാബാദ്, തമിഴ്നാട് എന്നിവിടങ്ങളിലാണ് ആ വിതരണമുണ്ടായതു്. ഭൂദാനത്തിനും പുറമെ സമ്പത്തിദാനം, ശ്രമദാനം, ബുദ്ധിദാനം മുതലായവയും പ്രധാനമാണെന്നു് ജയപ്രകാശ് അറിയിച്ചു. ജനങ്ങളുടെ സ്ഥിതി നന്നാക്കാൻ ഇതെല്ലാം വളരെയധികം സഹായിക്കുന്നതാണ്. 'സമ്പത്തിദാനം വഴിയായി ലഭിക്കുന്ന പണം മൂന്നു ഇനങ്ങളിലാണ് ചിലവാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്. ദാനഭൂമികൾ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി കാർഷികോപകരണങ്ങൾ വാങ്ങുന്നതിനും, ഭൂദാനപ്രവർത്തകന്മാരുടെ ചിലവിനും, പ്രസിദ്ധീകരണപ്രവർത്തനത്തിനും. ശമ്പളത്തിന്റെ ആറിലൊന്നു സമ്പത്തിദാനത്തിനു നൽകി ജനങ്ങൾക്കൊരു മാതൃകയും നേതൃത്വവും നൽകാൻ അദ്ദേഹം മന്ത്രിമാരോടു അഭ്യർത്ഥിച്ചു. നാട്ടിലാകെ 600-ൽപ്പരം പ്രവർത്തകന്മാർ ഭൂദാനപ്രസ്ഥാനത്തിനു് ജീവിതം നീക്കിവച്ചുകഴിഞ്ഞിട്ടുണ്ട്.

* * *

### കമ്മ്യൂണിസത്തിന്റെ ഭയങ്കരതയെപ്പററി ബർമ്മീസ് പത്രം

റംഗൂണിലെ ബർമ്മീസ് ഭാഷാപത്രമായ "ട്രിബ്യൂൺ" കൊളംബോയിൽക്കൂടിയ ഏഷ്യൻ പ്രധാനമന്ത്രിമാരുടെ സമ്മേളനത്തെപ്പററി എഴുതിയ മുഖപ്രസംഗത്തിൽ കമ്മ്യൂണിസത്തിന്റെ ഭയങ്കരതയെ ഇപ്രകാരം വിവരിച്ചിരിക്കുന്നു.

ഒരുകാലത്തു് കോളനികൾ കെട്ടിപ്പടുത്ത സാമ്രാജ്യവാദികളുടെ യുഗമല്ല ഇതു്. ജനാധിപത്യപ്രസ്ഥാനങ്ങൾ നശിപ്പിക്കുന്നതിനു ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റുകളുടെ യുഗമാണിതു്. കോളനിവാഴ്ചയുടെ (കൊളോണിയലിസത്തിന്റെ) യുഗം അവസാനിച്ചു. അതിനാൽ ആരും കൊളോണിയലിസത്തെ ഭയപ്പെടേണ്ടതില്ല. ഇനിയും അവശേഷിച്ചിട്ടുള്ള മൂന്നോ നാലോ കോളനികൾക്കു് ഇന്നു് അല്ലെങ്കിൽ നാളെ സ്വാതന്ത്ര്യം ലഭിക്കും. നേരെമറിച്ചു് കമ്മ്യൂണിസം വളർന്നുവരുന്ന ഒരു ശക്തിയാണ്. അതു് എവിടെയെങ്കിലും എപ്പോഴെങ്കിലും തലകാണിക്കുമ്പോൾ, ജനങ്ങൾ മാന്ത്രികശക്തിക്കു അടിപ്പെട്ടവരെപ്പോലെ നിസ്സഹായരായിപ്പോകുന്നു. കമ്മ്യൂണിസ്റ്റ്കാർ ഏതെങ്കിലുമൊരു രാഷ്ട്രം കീഴടക്കിക്കഴിയുന്ന ക്ഷണത്തിൽ അവിടത്തെ ജനങ്ങളുടെ സ്വാതന്ത്ര്യം പൂർണ്ണമായി നഷ്ടപ്പെടുന്നു. സ്വരാജ്യസ്നേഹവും അവർക്കു നഷ്ടപ്പെടുന്നു. ലനിനേയും സ്റ്റാലിനേയും ദൈവങ്ങളായി അവർ ആരാധിക്കുവാൻ തുടങ്ങുന്നു. കമ്മ്യൂണിസ്റ്റ് നിയന്ത്രിതങ്ങളായ അത്തരം രാജ്യങ്ങൾ കോളനികൾ എന്നു വിളിക്കപ്പെടാത്തതു് വിദേശികൾ അവയെ ഭരിക്കുന്നില്ല എന്ന കാരണംകൊണ്ടുമാത്രമാണ്. യഥാർത്ഥത്തിൽ ആ രാജ്യങ്ങളിലെ ജനങ്ങളെ, ശരീരവും ആത്മാവും അടക്കം, ഭരിക്കുന്നതു് കൊമിൻഫോം (സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് സംഘടനയുടെ കേന്ദ്രം) ആണ്. മറുത്തു ചോദിക്കാതെ ജനങ്ങൾ അനുസരിച്ചുകൊള്ളണം. ഇതിൽനിന്നെല്ലാം നിഷ്പ്രയാസം മനസ്സിലാക്കാം കമ്മ്യൂണിസം എത്രമാത്രം ഭയങ്കരമാണെന്നു്.

### കൊളോണിയലിസത്തെക്കാൾ ഭയങ്കരം കമ്മ്യൂണിസം

കൊളോണിയലിസത്തിന്റെ ഭയങ്കരത അടങ്ങിയിരിക്കുന്നതു്, ഒരു രാജ്യക്കാർ മററൊരു രാജ്യക്കാരെ പിടിച്ചടക്കുകയും ഭരിക്കുകയും സാമ്പത്തികമായി ചൂഷണം ചെയ്യുകയും ചെയ്യുന്നതിലാണ്. എന്നാൽ കമ്മ്യൂണിസത്തിൽ ഈ പിടിച്ചടക്കലും ഭരണവും ചൂഷണവും ഒരു രാജ്യക്കാർ മററു രാജ്യക്കാരുടെമേൽ നടത്തുന്നില്ല, നേരെമറിച്ചു് ഓരോ രാജ്യക്കാരിൽ ഒരു ന്യൂനപക്ഷം മഹാഭൂരിപക്ഷത്തിന്മേലാണ് അവ നടത്തുന്നതു്. ഈ വ്യത്യാസംനിമിത്തം കമ്മ്യൂണിസത്തിന്റെ ഭയങ്കരത കൊളോണിയലിസത്തിന്റേതിനെക്കാൾ കുറയുകയല്ല കൂടുകയാണു ചെയ്യുന്നതു്. കൊളോണിയലിസത്തിന്റെ പിടി താരതമ്യേന കുറച്ചുകാലത്തേക്കേയുള്ളു. ആ പിടി ഇപ്പോൾതന്നെ എല്ലായിടത്തും വിട്ടുവിട്ടാണു വരുന്നതു്. കമ്മ്യൂണിസത്തിന്റെ പിടിയാകട്ടെ സ്ഥിരവും നിരന്തരവും നീണ്ടുനില്ക്കുന്നതുമാണ്. കൊളോണിയലിസത്തിന്റെ കീഴിൽ അമർന്നിരിക്കുന്നവർക്കു് വ്യക്തിപരവും സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യം കുറച്ചെങ്കിലുമുണ്ടു്. ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ എന്നീ കൊളോണിയൽ രാജ്യങ്ങൾ ഇതിനു ദൃഷ്ടാന്തമാണ്. അവരനുഭവിച്ചിടത്തോളം സ്വാതന്ത്ര്യത്തിന്റെ പ്രേരണയിലാണ് സ്വയംഭരണത്തിനായി ധർമ്മസമരം ചെയ്യുവാനും അതിൽ വിജയംവരിക്കാനും അവർക്കു സാധിച്ചതു്. കമ്മ്യൂണിസത്തിന്റെ പിടിയിലമർന്നിരിക്കുന്ന റഷ്യയിലോ ചൈനയിലോ മററു ഉപഗ്രഹരാജ്യങ്ങളിലോ മേൽപ്പറഞ്ഞ സ്വാതന്ത്ര്യങ്ങളുടെ കണികപോലും കാണാനില്ല. അവിടങ്ങളിൽ സകല മനുഷ്യരും രാഷ്ട്രത്തിനുവേണ്ടി ജീവിക്കണം; അല്ലാതെ സ്വതന്ത്രരാജ്യങ്ങളിലെപ്പോലെ രാഷ്ട്രം പൗരന്മാർക്കുവേണ്ടിയല്ലാ സ്ഥിതിചെയ്യുന്നതു്. തെക്കുകിഴക്കേ ഏഷ്യയിൽ കൊളോണിയലിസത്തിനെതിരായി ഇപ്പോൾ നടക്കുന്ന സമരങ്ങൾ കമ്മ്യൂണിസം നടത്തുന്ന സമരങ്ങളാണ്. അതു് കൊളോണിയലിസത്തിന്റെ അല്പസ്വല്പമായ പിടിയിൽനിന്നു് ആ രാജ്യങ്ങളെ വിടർത്തി കമ്മ്യൂണിസത്തിന്റെ പരിപൂർണ്ണമായ പിടിയിൽ എന്നേക്കുമായി ഒതുക്കിവയ്ക്കുകയേയുള്ളു.




കുററിപ്പുഴ ഇടവകയിൽനിന്നു മലയാററൂർക്കു നടത്തിയ പരിഹാരപ്രദക്ഷിണം.

### ജപാപ്പസ്തോലസഖ്യത്തിന്റെ ജൂൺമാസത്തെ പൊതുനിയോഗം

"പാപഭാരത്താൽ ക്ലേശിക്കുന്ന മനുഷ്യർ ഈശോയുടെ തിരുഹൃദയത്തിൽ അനുഗ്രഹവും രക്ഷയും ആരായുന്നതിനു."

### വേദപ്രചാരനിയോഗം

"ചൈനയിൽ മർദ്ദനമനുഭവിച്ചുകൊണ്ടിരിക്കുന്ന സഭയോടു് കത്തോലിക്കാലോകം മുഴുവനും ഐക്യബോധമുള്ളവരായിത്തീരുന്നതിനു്."




for favours received
P. V. Anna, Teacher
Chittattukara

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

SACRED HEART COLLEGE, THEVARA
ERNAKULAM-3
(Affiliated to the Madras 'Varsity)

The College reopens on Monday, the 14th June, '54. Junior classes commence on the 21st June.

Application for admission should be submitted to the Principal in the prescribed form immediately after the results and marks of the S. S. L. C./Inter Examinations are known.

Requisition for the supply of prospectus and application form should be accompanied by a registration fee of Rs. 2/- which may be remitted by M. O. or Postal Order addressed to the Principal, or paid in cash at the office counter of the College.

Courses of Study:—
Intermediate: Groups I, II and III
B. A. Group I-b. Mathematics.
Group IV-b. Economics and History.
B. Sc. Group IV Chemistry, Phy. and Maths.
Group VI Zool. Bot. and Chem.
B. Com. Transport as special subject.

Thevara, 24-5-'54 PRINCIPAL

ചെറുകഥ

# "വല്യമ്മച്ചി"

(ജോസഫ് ഒ. പി.)

പ്രഭാമയമായ ഒരു സുപ്രഭാതം. പൂർവ്വദിക്കിൽ തങ്കരേഖകൾ വീശിത്തുടങ്ങി. ആകാശത്തിലെ നീരന്ധ്രനീലിമ അവിരളമായി മിന്നിത്തിളങ്ങി. കുട്ടിസൂര്യൻ സഹ്യാദ്രിസാനുക്കൾക്കപ്പുറംനിന്നു് എത്തിനോക്കി.

കേശമാകെ രജതരേഖകൾ വീശിത്തുടങ്ങിയ മുല്ലപ്പറമ്പിലെ എഴുപതുകാരി മറിയമ്മ മുന്നടിപ്പാതയിലൂടെ ഇടവകപ്പള്ളിയിലേക്കു് നടന്നുപോകയാണ്. അല്പം ധ്രുതഗതിയിൽ നടന്നടുത്തുവന്ന സതീർത്ഥ്യയായ കുഞ്ഞേലിയാമ്മ ചുക്കിച്ചുളുങ്ങിയ ഒരു പുഞ്ചിരിയോടെ കുശലങ്ങൾക്കു് പ്രാരംഭമിട്ടു. ജിജ്ഞാസാമതിയായ കുഞ്ഞേലിയാമ്മ ഒരു ചോദ്യം: "എന്താടീ, ബാക്കോടമ്പടിയൊക്കെ ചെയ്തോ. നിനക്കു വല്ലതും വച്ചിട്ടുണ്ടോ. അതോ എന്റെ തലേലെഴുത്തുപോലാണോ."

മറിയമ്മ സങ്കോചമെന്യെ പ്രത്യുത്തരിച്ചു: "എടീ എന്റെ മാത്തച്ചനും മാമ്മിയുമൊക്കെയുള്ളപ്പോൾ ഞാൻ ആദായം എടുപ്പിക്കാൻ പോകണമോ."

കുഞ്ഞേലിയാമ്മ തന്റെ അനുഭവസാക്ഷ്യം വിവരിക്കാൻ തുടങ്ങി: "ഞാനും എന്റെ വീട്ടുകാരനും ഇപ്പോൾ അവന്മാരുടെ വാതുക്കൽക്കൂടെ നടക്കണം. പതിനഞ്ചുദിവസം അടുപ്പിച്ചു് ഒരിടത്തുനിന്നാൽ അവളുമാരു് പിറുപിറുപ്പും എടുത്തേരുമായി." പടുകിഴവിയുടെ ഒട്ടിയ കവിൾത്തടങ്ങളിലൂടെ ചുടുകണ്ണുനീർ ഉരുണ്ടുപോയി.

ദേവാലയാന്തർഭാഗത്തു പ്രവേശിച്ചു കുഞ്ഞേലിയാമ്മ സ്നേഹസമ്പന്നനായ ദിവ്യനാഥന്റെ അമേയവും അചിന്ത്യവുമായ കാരുണ്യത്തിന്റെ മുമ്പിൽ തന്റെ അവശതാക്കുമ്പാരങ്ങളിറക്കിവച്ചു.

മറിയമ്മയുടെ സീമന്തപുത്രൻ മാത്തച്ചൻ വിദ്യാസമ്പന്നനാണ്; പൊതുക്കാര്യപ്രസക്തനാണ്, പോരെങ്കിൽ പഞ്ചായത്തു മെമ്പറുംകൂടിയാണ്. ഒരു "എം. പി." യുടെ ഭാര്യാപദം അലങ്കരിക്കാർത്തക്ക തലയെടുപ്പും മാമ്മിച്ചേടത്തിക്കുണ്ടായിരുന്നു. ഇളയമകൻ തോമാസ്സും, മാത്തച്ചനുംകൂടി വസ്തുവകകൾ സമമായി വീതിച്ചുകൊടുത്തതാണ് തലേദിവസം നടന്ന ഭാഗോടമ്പടി എന്നാൽ മാത്തച്ചന്റെ പേരിൽ അല്പം സ്നേഹക്കൂടുതലുണ്ടായിരുന്ന മറിയമ്മ മുല്ലപ്പറമ്പിൽ, പടിക്കലെ നിലം തന്റെ മൂത്തപുത്രനു് തനിച്ചുകൊടുത്തു. തങ്ങളുടെ പിതാവിന്റെ കാലത്തു് ഭാഗം ചെയ്തിരുന്നെങ്കിൽ ശുദ്ധഗതിക്കാരനായ തോമാസ്സും നിലത്തിന്റെ വീതം കിട്ടുമായിരുന്നു എന്നാൽ വിധിയുടെ വൈപരീത്യം എന്നു പറയാം, മറിയമ്മ മാത്തച്ചന്റെ കൂടെ താമസവുമായി. അങ്ങനെ രണ്ടു കുടുംബങ്ങൾ സംതൃപ്തിയുടെ മടിത്തട്ടിൽ, സുഖത്തിന്റെ സുന്ദരശയ്യയിൽ, ആനന്ദത്തിന്റെ മുന്തിരിച്ചാറുകുടിച്ചു് വാഴുകയാണ്.

മാത്തച്ചന്റെ ദാമ്പത്യാരാമത്തിലെ ആദ്യത്തെ പ്രസൂനമാണ് ലൂസി. ലൂസി, ലിസി മുതലായ പേരുകൾ എനിക്കത്ര പിടുത്തമല്ലെന്നു് പണ്ടേതന്നെ മറിയമ്മ പറയാറുണ്ട്. പഠനകാര്യത്തിൽ അവൾ വളരെ പിന്നോക്കമാണ്. കാലത്തിന്റെ തികവിൽ ലൂസി താരുണ്യത്തിലേക്കു കടന്നു. എന്നിട്ടും അവൾ പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞതേയുള്ളു. മാത്തച്ചന്റെയും മാമ്മിച്ചേടത്തിയുടേയും അത്യാശയാണു് ലൂസിയെ അത്രയുമെങ്കിലും അഭ്യസിപ്പിക്കാൻ ഇടയായതു്. "വല്യമ്മച്ചി" പലപ്പോഴും പറയാറുണ്ടു്, ഈ കെട്ടിക്കാറായ പെണ്ണിനെ എന്തിനാണിങ്ങനെ ഉന്തിത്തള്ളി പള്ളിക്കൂടത്തിൽ വിടുന്നതെന്നു്. അതു കേൾക്കുമ്പോൾ മാമ്മിച്ചേടത്തിക്കു് ദേഷ്യംവരും. അവർ പിറുപിറുക്കും: "അതു ഞങ്ങളല്ലേ നിശ്ചയിക്കുന്നതു്. നിങ്ങൾക്കു വല്ല പാകത്തും ഇരുന്നാൽ പോരെ." മകൾ അതു് ഏററുപാടും: "ഈ മുതുക്കിക്കെന്താ ചേതം, ഞാൻ പോകുന്നതിനു്."

വസ്തുവകകൾ ഭാഗമിടുന്നതുവരെ മാമ്മിച്ചേടത്തി നല്ലപിള്ള ചമഞ്ഞു. ഇപ്പോൾ വല്യമ്മച്ചി കൊള്ളരുതാത്തവളായി തുടങ്ങിയിട്ടുണ്ടു്. ആ വയോവൃദ്ധ തുടരും: "പണ്ടേക്കാലമല്ല ഇന്നു്. ഇപ്പോൾ ഇരുപത്തഞ്ചും മുപ്പതുമായ പെമ്പിള്ളേരു് മദാമ്മമാരെപ്പോലെ ഉടുപ്പിലാണു് നടക്കുന്നതു്. അതിലെ കരയോ മഴവില്ലുപോലുള്ളതു്." വൃദ്ധ ശുദ്ധഗതിക്കാരിയാ. ഉള്ളതു തുറന്നുപറഞ്ഞുകളും.



## For favours received



Mr. & Mrs. Antony



വേലക്കാരൻ പാച്ചു ഇടയ്ക്കുകയറിപ്പറഞ്ഞു: "ഉള്ളതാ വല്യമ്മേ. ഇപ്പോഴത്തെ പരിഷ്കാരത്തിനു് ഇതൊക്കെ വേണമെന്നാ.സാരീം, സെന്റും, പൗഡറുമൊക്കെയുണ്ടെങ്കിൽ പിന്നെയൊന്നും വേണ്ടായെന്നാ."

ദേഷ്യംവന്ന മാമ്മിച്ചേടത്തി പാച്ചുവിനു് ഒരു താക്കീതുകൊടുത്തു. "എടാ, അസഭ്യം പറയാതെ നു്." എന്തെന്നാൽ പച്ചപ്പരിഷ്കാരത്തിരത്തല്ലലിൽപെട്ടു് നട്ടം തിരിയുന്ന ലലനാമണികളിൽ ഒരുവളാണ് ലൂസിയും.

ലൂസിയുടെ വിവാഹാലോചന ധ്രുതഗതിയിൽ നടക്കുകയാണ്. മാത്തച്ചന്റെ നിലയ്ക്കും വിലയ്ക്കും പററിയ പലേ ചെറുപ്പക്കാരും മുല്ലപ്പറമ്പിൽ വീട്ടിൽ കയറിയിറങ്ങിപ്പോയി. ലൂസി കൃത്രിമസൗന്ദര്യം വച്ചുകെട്ടുന്നവളാണ്. ചില്ലറ മിനുക്കുപണികളും പൂച്ചുപണികളും കണ്ണാടിസാരിയുമൊക്കെയാണ് അവളുടെ സൗന്ദര്യത്തിനു് താങ്ങും തണലുമായി നില്ക്കുന്നതു്. ആഭിജാത്യവും വിദ്യാസമ്പത്തുമുള്ള ചെറുപ്പക്കാരനെ ലൂസിക്കു് ലഭിക്കണമെന്നാണു് മാത്തച്ചന്റെ മോഹം. എന്നാൽ കണ്ടാൽ കൊള്ളാവുന്ന വേഷപ്പകിട്ടുള്ളവനായിരിക്കണമെന്നു് ലൂസി. ഇതൊന്നുമല്ല മാമ്മിച്ചേടത്തിയുടെ ഇംഗിതം. എല്ലാം ഒത്തിണങ്ങിയവനായിരിക്കണം. അങ്ങനെ വല്ലയിടത്തും കിട്ടുമോ? നമ്മുടെ വല്യമ്മച്ചി ചിലപ്പോഴെല്ലാം തന്റെ എളിയ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറുണ്ടു്. "കുറെ ദൈവപേടിയുള്ള, വേലയെടുക്കുന്ന കുഞ്ഞിനെ മതികേട്ടോ. ഇക്കാലത്തു് അല്ലാത്തതൊക്കെ പിഴയാ." എന്നാൽ എം. പി. സ്ഥാനത്തിരിക്കുന്നമാത്തച്ചനു് അതു വല്ലതും സ്വീകാര്യമാകുമോ. ഏതായാലും ഒരു പഞ്ചവത്സരപദ്ധതിപോലെ വിവാഹാലോചന അങ്ങനെ തുടർന്നുപോയി.

മാമ്മിച്ചേടത്തി ചിലപ്പോഴെല്ലാം ചിന്താധീനയാകും, ലൂസിയുടെ ആലോചന ഇങ്ങനെ ദീർഘിക്കുന്നതിനെപ്പററി. ഒടുവിൽ അവർ ഒരു പരിണാമത്തിൽ എത്തിച്ചേർന്നു. ഇവിടുത്തെ കിഴവിയെ വല്ലേടത്തോട്ടും ഒന്നു മാററിയാലോയെന്നു്. "ഇവരുടെ ഈ കോലവും ഉടയും തടയുമൊക്കെ കണ്ടിട്ടായിരിക്കും." പോരെങ്കിൽ വൃദ്ധയുടെ സംസാരരീതിയും മററും മാന്യന്മാരായ ചെറുപ്പക്കാർക്കു് ഇഷ്ടപ്പെട്ടെന്നു് വരുമോ. ഒരുകാലത്തു് മാത്തച്ചനും പത്നിയും വല്യമ്മച്ചിയുടെ ജീവിതസർവ്വസ്വമായിരുന്നു ഇന്നു് കിഴവി അവർക്കൊരു തീരാബാധയായിത്തീർന്നിരിക്കുകയാണ്. വല്യമ്മച്ചിയുടെ എടുപ്പിനും നടപ്പിനും സംസാരത്തിനുമൊക്കെ മാമ്മിച്ചേടത്തിക്കും ലൂസിക്കും പിറുപിറുപ്പുതന്നെ. ഇരുപതുകാരി സുന്ദരിക്കു് ജരാനരകൾ ബാധിച്ച എൺപതുകാരിയുടെ പ്രവർത്തനങ്ങളിൽ നീരസമുണ്ടാകുന്നതു് സ്വാഭാവികമല്ലേ. അതിഥികളും മററും വീട്ടിൽ വരുമ്പോൾ മാത്തച്ചനും വൃദ്ധയുടെ പെരുമാററങ്ങളിൽ വെറുപ്പുതോന്നിത്തുടങ്ങി. സ്ത്രീകൾക്കുതന്നെ ജിജ്ഞാസകൂടും. വല്യമ്മച്ചിയുടെ കാര്യം പറയാനുമില്ല. കൊള്ളാവുന്ന ആരെങ്കിലും വീട്ടിൽ വന്നാൽ അതു ആരാണ്, എവിടുന്നുവരുന്നു, എന്തിനു്, ഇതെല്ലാം കിഴവിക്കു് അറിയണം. എന്നാൽ വയസ്സുകാലത്തു് പിറകുവശത്തെ വല്ല മൂലയിലും കഴിച്ചുകൂട്ടിയാൽ പോരേ. ഒരുകാലത്തു് വല്യമ്മച്ചിയുടേയും തന്റെ പ്രിയതമന്റെയും അത്യദ്ധ്വാനത്തിന്റെ ഫലമായുണ്ടായതാണ് മുല്ലപ്പറമ്പും മററു വസ്തുക്കളും. പോരാ മാത്തച്ചന്റെ നിലയ്ക്കും വിലയ്ക്കുമൊക്കെ കാരണക്കാർ അവർതന്നെ. ഇന്നു് അങ്ങിനെയുള്ള വല്യമ്മച്ചി കൊള്ളരുതാത്തവളായിത്തീർന്നിരിക്കയാണ്. മാത്തച്ചൻ ചിലപ്പോഴെല്ലാം ചില ശകാരവർഷങ്ങളും താക്കീതുകളുമൊക്കെ വല്യമ്മച്ചിക്കു കൊടുക്കാറുണ്ടു്. എന്നാൽ പച്ചപ്പരിഷ്കാരലഹരിയിൽ താരുണ്യം നശിച്ച ലൂസിയുടെ വിവാഹത്തിനു് തടസ്ഥമായിനില്ക്കുന്നതു് വല്യമ്മച്ചിയാണോ?

കാര്യങ്ങൾ ഏതാണ്ടു് ധരിച്ചവരായ വല്യമ്മച്ചി ഒരു സുപ്രഭാതത്തിൽ ഇളയമകൻ തോമ്മായുടെ ടുക്കൽ എത്തി. പത്നീസമേതം തോമ്മാ ഹൃദയംഗമമായ സ്വാഗതമരുളി വല്യമ്മച്ചിയെ സ്വീകരിച്ചു. ഏതാനുംദിവസംവരെ വൃദ്ധമാതാവിന്റെ ആഗമനത്തിൽ സന്തോഷചിത്തരായി അവർ കഴിഞ്ഞുകൂടി. എന്നാൽ മുല്ലപ്പറമ്പിൽ പടിക്കലെ നിലം മാത്തച്ചനുതന്നെ കൊടുത്തതു് തോമ്മാക്കു് സഹിക്കവയ്യാ. എങ്കിലും അയാൾ തന്റെ വിഷമം ഉള്ളിൽ അടക്കിയതേയുള്ളു. തോമ്മായുടെ ഭാര്യ ഏലിയാമ്മക്കൊരു സംശയം. കഞ്ഞികുടിക്കാൻ നിലവും മററുമുള്ളേടത്തുനിന്നു് വല്യമ്മച്ചി ഇങ്ങോട്ടുവന്നതു് എന്തുകൊണ്ടാണ്. തന്നെയുമല്ല, എട്ടും പൊട്ടും ഇല്ലെന്നായി. രക്ഷിക്കാൻതന്നെ വിഷമം. പോരെങ്കിൽ യദൃച്ഛയാ വല്ലതും സംഭവിച്ചെങ്കിൽ ശേഷക്രിയയും നടത്തേണ്ടേ. ഏലിയാമ്മ വല്യമ്മച്ചിയെ മനസ്സാ ശപിച്ചുതുടങ്ങി. തുടർന്നു് നീരസംകലർന്ന സംസാരങ്ങളും പെരുമാററവും. വർദ്ധക്യംവരെ രക്തം വിയർപ്പാക്കിമാററി പണിയെടുത്തു് മാത്തച്ചനേയും തോമ്മായേയും ഓരോ നിലകളിൽ എത്തിച്ച വല്യമ്മച്ചിക്കു് കിട്ടിയ പ്രതിഫലം! സർവ്വസാക്ഷിയായ ദൈവം ഈവിധ പെരുമാററങ്ങൾ പൊറുക്കുമോ എന്നു ഇന്നത്തെ പരിഷ്കാരികൾ ശ്രദ്ധിച്ചിരുന്നെങ്കിൽ!

—o—

(10-ാംപേജ് തുടർച്ച)

രിക്കുന്നു. നീതിമാന്മാർക്കു പ്രോത്സാഹനം നൽകുന്നു. പാപികളെ അവിടുന്നു പ്രത്യേകം പരിഗണിക്കുകയും അനുതാപമുള്ളവരെ അവിടുത്തെ ഹൃദയത്തിലേക്കു ആകർഷിക്കുകയും ചെയ്യുന്നു. ദരിദ്രരോടും രോഗികളോടും സങ്കടം അനുഭവിക്കുന്നവരോടും പ്രത്യേകകരുണ പ്രദർശിപ്പിക്കുന്നു. തൊഴിലാളിജീവിതം നയിച്ചു തൊഴിലാളികൾക്കു ഉത്തമമാതൃക കാണിച്ചുകൊടുത്തിരിക്കുന്നു. പരോപകാരപ്രവൃത്തിയിൽ വീഴ്ച വരുത്തുന്നവർക്കു അവസാനവിധിയിൽ കുററപത്രവുംകൂടി നൽകിയിരിക്കയാണ്. കുട്ടികളെ അവിടുന്നു സവിശേഷമായ പക്ഷത്തോടെ സ്നേഹിക്കുന്നു; മനുഷ്യസേവനത്തിന്റെ മാഹാത്മ്യത്തെ ശിഷ്യരുടെ കാലുകൾ കഴുകി പ്രത്യക്ഷപ്പെടുത്തി മനുഷ്യരുടെ പാപപരിഹാരത്തിനായി അവസാനം അവിടുന്നു ദൈവത്തിനു സ്വയം ബലിസമർപ്പിച്ചു. ക്രിസ്തുവിലേക്കു നമ്മെ ആകർഷിക്കുന്ന ശക്തിമത്തായ ചിന്താശകലങ്ങളാണിവ.

കൂടാതെ, മനുഷ്യരുടെ ഇടയിൽ എന്നും വസിക്കുന്നതിനും അവർക്കു എന്നും യൗവന നൽകുന്നതിനുമായി പരിശുദ്ധ കർബാനയെ ക്രിസ്തു സ്ഥാപിച്ചു. കൂദാശകൾവഴി വിശ്വാസികളെ അവിടുന്നു ദിവ്യമായ ഒരു ജീവിതത്തിലേക്കു യത്നിയിരിക്കുകയാണ്. അവിടുത്തെ നിരന്തരമായ സഹായവാഗ്ദാനത്തോടും തെററാവരത്തോടുംകൂടി തിരുസഭയെ സ്ഥാപിച്ചിരിക്കുന്നു. അവിടുന്നു ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിൽ ഏക മദ്ധ്യസ്ഥനായി വർത്തിച്ചുവരുന്നു. അവിടുത്തെ ഉപദേശം അനുസരിച്ചു ജീവിക്കുന്നവർക്കു അവസാനം നിത്യമായ സ്വർഗ്ഗീയാനന്ദഭാഗ്യവും മഹത്വവും പറഞ്ഞൊത്തിരിക്കുന്നു.

ഇങ്ങനെ മാനവവംശത്തിനു അമൂല്യങ്ങളായ അനുഗ്രഹങ്ങൾ വർഷിച്ചിട്ടുള്ള ക്രിസ്തുവിനെ ആരാണു സ്നേഹിക്കാതിരിക്കുക? ക്രിസ്തുവിനെ സ്നേഹിക്കുന്നവർ അവിടുത്തെ സ്വർഗ്ഗാരോഹണത്തിൽ ആനന്ദിക്കട്ടെ. അവിടുന്നു നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

# വിനോദവീഥി

പൂർവ്വസുഹൃത്തു്:- "സ്നേഹിത നിങ്ങൾ പത്തുകൊല്ലം മുമ്പു എനിക്കു ചെയ്ത ആ ഉപകാരം ഞാൻ മറന്നിട്ടില്ല. അതു അന്നെന്നെ രക്ഷിച്ചു."

സ്നേഹിതൻ:- (സംതൃപ്തനായി) ഈ പത്തുകൊല്ലക്കാലമായിട്ടും മറക്കാതെ ഇപ്പോൾ നിങ്ങളാ പണം മടക്കിത്തരാൻ വന്നിരിക്കുകയാണോ? എനിക്കു വളരെ സന്തോഷമുണ്ടു്."

സുഹൃത്തു്:- "ക്ഷമിക്കണം; പണം മടക്കിത്തരാനല്ല, ഇന്നു ഞാൻ വല്ലാതെ വിഷമിച്ചിരിക്കയാണു്. അതുപോലൊരു സഹായം ഇപ്പോൾ ആവശ്യമായതുകൊണ്ടു നിങ്ങളെ ഓർമ്മിച്ചുവന്നതാണ്."

* * *



"കേട്ടോ, ഈ മാല എനിക്കു നന്നാ പിടിച്ചുട്ടോ! കല്ലും കെട്ടും മിനുക്കോമൊക്കെ ഫഷ്ടായിരിക്കുന്നു. ഉം- കൊടുത്തേക്കു ചേട്ട 994 രൂപ 9ണ."

ജേഷ്ഠൻ:- (ആത്മഗതം) "ഇവളെ ആഭരണക്കടയിൽ കയററിയതു കഷ്ടമായി. എന്താ ചെയ്യുക!"



## ഡാമിയൻ സബ്സിഡീസ് ക്ലിപ്തം, തൃശ്ശിവപേരൂർ

ഗവമ്മെണ്ടനുമതിയോടുകൂടി തുടങ്ങുന്ന

(as per order D. Dis. No. 4009/54 R. D. dated 3-5-'54)

### പുതിയ മാസക്കുറി

(ഒന്നാമത്തെ നറുക്കെടുപ്പു :- 2—8—54)

| വിഭാഗം | തവണ സംഖ്യ | ആകെ നറുക്കു് | സ്ഥിരം ഡിസ്കൗണ്ടു് | കിട്ടുന്ന നറുക്കിനുള്ള സംഖ്യ |
|---|---|---|---|---|
| എ | 50 ക. | 111 | 550 ക. | 5000 ക. |
| ബി. | 40 ക. | 111 | 440 ക. | 4000 ക. |
| സി. | 30 ക. | 111 | 330 ക | 3000 ക. |
| ഡി. | 20 ക. | 111 | 220 ക. | 2000 ക. |
| ഇ | 10 ക. | 111 | 110 ക. | 1000 ക. |
| എഫ്. | 5 ക. | 111 | 55 ക. | 500 ക. |

**പ്രത്യേക സൌകര്യങ്ങൾ**

- ഒന്നിടവിട്ടു് മാസങ്ങളിൽ ലേലം.
- ആവശ്യമനുസരിച്ചു് മൊത്തസംഖ്യ ലഭിക്കുന്നതിനു് ലേലം കൂടുതൽ ഉപകാരപ്രദം.
- ഓരോ വരിക്കാരനും തനിയെ ലേലംചെയ്യുന്നതിനുള്ള അവകാശം.
- ലേലാമൂലം വരിസംഖ്യ താരതമ്യേന ആദായകരം
- സംഖ്യ അടക്കുന്നതിനുള്ള ബാങ്ക് സൌകര്യം.
- 5ക. മുതൽ 50 ക. വരെയുള്ള നറുക്കുകൾ.

കുറിസംബന്ധമായ പ്രോസ്പെക്ടസ് മുതലായവകൾക്കു് താഴെ വിലാസത്തിൽ എഴുതുക:—

ഡാമിയൻ സബ്സിഡീസ് ക്ലിപ്തം, തൃശ്ശിവപേരൂർ

ചാക്കോള ലോനപ്പൻ പാലു,
ചെയർമാൻ.

വിമർശനവീഥി

# കമ്മ്യൂ. വിരുദ്ധമുന്നണി മുന്നേറിവരുന്നു

കമ്മ്യൂണിസം പാവങ്ങൾക്കുവേണ്ടിയുള്ളതാണെന്നും കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നാൽ പാവങ്ങളുടെ കാര്യം ഭദ്രമായിരിക്കുമെന്നും കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും ഇടവിടാതെ സകല മാർഗ്ഗങ്ങളും ഉപയോഗിച്ച് പ്രചരണം നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ പ്രചരണത്തിന്റെ പൊള്ളത്തരം പാവങ്ങളെ മനസ്സിലാക്കിക്കൊടുക്കാൻ എതിർപ്രചരണം നടത്തുന്നതിനു കാര്യമായി ആരും ശ്രദ്ധിക്കുകയോ ശ്രമിക്കുകയോ ചെയ്തില്ല. തന്മൂലം കമ്മ്യൂണിസ്റ്റ് പ്രചരണം വളരെയേറെ, പാവങ്ങളുടെ ഇടയിൽ പ്രത്യേകിച്ചും, ഫലിച്ചുകൊണ്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഓരോ തരത്തിലും ജോലിയിലും പെട്ട തൊഴിലാളികളെ ട്രേഡ് യൂണിയനുകളായി സംഘടിപ്പിക്കുകയും അവർക്കുവേണ്ടി എന്നു ഭാവിച്ച് മുതലാളികളോട് വാദം നടത്തുകയും വാദം ഫലിക്കുകയില്ലെന്നു കാണുമ്പോൾ തൊഴിലാളികളെക്കൊണ്ട് പണിമുടക്കിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ പ്രവർത്തനങ്ങളെല്ലാം തങ്ങളുടെ ഗുണത്തിനാണെന്ന് പാവങ്ങൾ അന്ധമായി വിശ്വസിച്ച് പാർട്ടിയുടെ പിന്നാലെ പോകുന്നു. തെരഞ്ഞെടുപ്പുവരുമ്പോൾ പാർട്ടിയുടെ സ്ഥാനാർത്ഥികൾക്ക് വോട്ടുകൊടുക്കുകയും ചെയ്യുന്നു. മഹാഭൂരിപക്ഷമായ തൊഴിലാളികളുടെയും മററു പാവങ്ങളുടേയും വോട്ടുകൾകൊണ്ട് നിയമസഭയിലും അതുവഴിയായി അധികാരസ്ഥാനത്തും കയറിപ്പററണമെന്നു മാത്രമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ലക്ഷ്യമെന്നുള്ള വസ്തുത ഇനിയും മറച്ചുവയ്ക്കപ്പെട്ടിരിക്കുകയാണ്. കമ്മ്യൂണിസം ദൈവത്തിലും സന്മാർഗ്ഗത്തിലും മനുഷ്യാവകാശങ്ങളിലും പരലോകജീവിതത്തിലും വിശ്വസിക്കുന്നില്ല. തന്മൂലം സ്വന്തം സുഖവും പണവും മാനവും വിസ്മരിച്ചും ബലികഴിച്ചും പാവങ്ങൾക്കുവേണ്ടി സ്ഥിരമായി പ്രവർത്തിക്കുവാൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു സാധിക്കുകയില്ലെന്നു ശരിയായി ചിന്തിച്ചാൽ ആർക്കും ബോദ്ധ്യപ്പെടും. കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരം പിടിച്ചെടുത്തു ഭരിക്കുന്ന രാജ്യങ്ങളിലെ അനുഭവം ഇതെല്ലാം സ്ഥിരീകരിക്കുന്നുണ്ട്. ഈ സംഗതികൾ തൊഴിലാളികളേയും മററു പാവങ്ങളേയും എന്നല്ല ജനസാമാന്യത്തെ പൊതുവിൽ പറഞ്ഞു മനസ്സിലാക്കുകയാണ് എതിർപ്രചരണംകൊണ്ടു സാധിക്കേണ്ടത്. ആ പ്രചരണം ആകട്ടെ കമ്മ്യൂണിസ്റ്റ് പ്രചരണത്തിൽ സമർത്ഥമായി പ്രയോഗിക്കപ്പെടുന്ന ഉപകരണങ്ങളോടുകൂടിത്തന്നെ നടത്തേണ്ടതുമാണ്. ജാഥ, റാലി, കലാപ്രകടനങ്ങൾ മുതലായവയെല്ലാം ഈ ഉപകരണങ്ങളിലുൾപ്പെടുന്നു. കമ്മ്യൂണിസ്റ്റ് പ്രചരണം നാടുനീളെ നടക്കുന്നതുപോലെ എതിർപ്രചരണവും നാടുനീളെത്തന്നെ നടത്തപ്പെടണം. അത്തരം എതിർപ്രചരണം നടത്താൻ കഴിവുള്ള ഏക സംഘടന ഇന്നുള്ളത് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയാണ്. അവരുടെ എതിർപ്രചരണത്തിന്റെ ഗുണഫലം കഴിഞ്ഞ മുനിസിപ്പൽ, പഞ്ചായത്തു, നിയമസഭാതിരഞ്ഞെടുപ്പിൽ നാം കണ്ടുകഴിഞ്ഞു. കമ്മ്യൂണിസ്റ്റുകാർക്ക് വിരുദ്ധമുന്നണിയോടുള്ള വൈരവും അതിന്റെ പ്രവർത്തകന്മാരോട് അവർ ചെയ്യുന്ന കൈയേററവും തന്നെ ആ സംഘടനയുടെ ഫലപ്രദമായ പ്രവർത്തനത്തിനു സാക്ഷ്യം വഹിക്കുന്നുണ്ട്. അടുത്ത ദിവസങ്ങളിൽ ആ സംഘടനയുടെ പ്രവർത്തകന്മാർ നടത്തിയ പര്യടനത്തിന്റെ ഒരു ചെറിയ വിവരണം ബ്ര: വടക്കൻ നൽകിയതു് വായനക്കാരുടെ അറിവിനായി ചുവടെ ചേർക്കുന്നു.

## ബ്രദർ വടക്കന്റെ പ്രസ്താവന

ഒന്നരമാസക്കാലമായി ഞങ്ങൾ കേരളക്കരയിൽ ഉടനീളം ഒരു പ്രചരണപര്യടനം നടത്തുകയായിരുന്നു. കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ സന്ദേശം നാട്ടുകാരെ ധരിപ്പിക്കണമെന്നതായിരുന്നു ഈ പര്യടനത്തിന്റെ പരമോദ്ദേശം. ഞങ്ങളുടെ ഈ സാംസ്കാരിക സംഘടനയെക്കുറിച്ച് അഭ്യസ്തവിദ്യരിലും സാമൂഹിക നേതാക്കളിലും ബുദ്ധിജീവികളിലും ഉണ്ടായിട്ടുള്ള അഭിപ്രായഗതികൾ ആരായാനും ഈ സന്ദർഭം ഞങ്ങൾ ഉപയോഗപ്പെടുത്തുകയുണ്ടായി. മദ്രാസ് സംസ്ഥാനത്തിലുൾപ്പെട്ടുകിടക്കുന്ന മലബാർ ഡിസ്ത്രിക്ടിലാണ് ആദ്യം ഞങ്ങൾ പ്രവേശിച്ചതു്. കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രവർത്തനം പതുക്കെ കാലെടുത്തു കുത്തിയ ഒരു രംഗമാണ് മലബാർ. കണ്ണൂർ, വടകര, കാലിക്കററ്, ഷൊർണ്ണൂർ, തിരൂർ, പൊന്നാനി, ചമ്പക്കാട്ട് തുടങ്ങിയ അനേകം കേന്ദ്രങ്ങളിൽ ഞങ്ങൾ ചെന്നു. പ്രതീക്ഷാതീതമായ ഹൃദ്യസ്വീകരണമാണ് എവിടെയും സിദ്ധിച്ചതു്. കണ്ണൂർ ശ്രീനാരായണപാർക്കിലും കാലിക്കററ് മുതലക്കുളം മൈതാനത്തുമെല്ലാം നടന്ന വമ്പിച്ച പൊതുയോഗങ്ങളിൽ ആയിരക്കണക്കിനു ജനങ്ങൾ തടിച്ചുകൂടി. നൂറുകണക്കിൽ പ്രാദേശികസെല്ലുകൾ മലബാറിൽ രൂപീകൃതമായിരിക്കുന്നു. പല റെയിൽവേ സ്റ്റേഷനുകളിലും വഴിക്കവലകളിലുമെല്ലാം കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി പ്രവർത്തകരെ മാലയിട്ടു സ്വീകരിക്കാൻ ജനങ്ങൾ തടിച്ചുകൂടിനിന്നിരുന്നു. എല്ലാ താലൂക്കുകളിലും താലൂക്കുകമ്മററികൾ രൂപീകരിച്ചു. ഡിസ്ത്രിക്ട് കമ്മററി രൂപീകരിക്കാൻ കോഴിക്കോട്ട് ടൗൺഹാളിൽ ഒരു പ്രതിനിധിസമ്മേളനവും നടത്തി

### തിരുവനന്തപുരം ഡിസ്ത്രിക്ടിൽ

മലബാർ ഡിസ്ത്രിക്ട് പര്യടനം പര്യവസാനിച്ചശേഷം ഞങ്ങൾ തിരുവനന്തപുരത്തേക്കാണ് തിരിച്ചതു്. ഏപ്രിൽ 27-ാംതീയതി ഞങ്ങൾ തിരുവനന്തപുരത്തെത്തി. 28-ാംതീയതി പഴവങ്ങാടിയിൽ പരസഹസ്രം ജനങ്ങൾ സംബന്ധിച്ച ഒരു സമ്മേളനം നടക്കുകയുണ്ടായി. അഡ്വക്കേററ് നാഗപ്പൻനായരായിരുന്നു അദ്ധ്യക്ഷൻ. തിരുവനന്തപുരം ഡിസ്ത്രിക്ടിലെ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി പ്രവർത്തനത്തിൽ മുന്നിട്ടുനില്ക്കുന്നതു് സവർണ്ണഹിന്ദുക്കളും മുസ്ലിമിങ്ങളുമാണ്. കണിയാപുരം, ശംഖുമുഖം, കരകുളം തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി യോഗങ്ങൾ തികച്ചും വിജയപ്രദങ്ങളായിരുന്നു. ഡിസ്ത്രിക്ട് കമ്മററി യോഗംകൂടി ഭാവിപ്രവർത്തനങ്ങൾക്കു രൂപംകൊടുക്കാനും ഞങ്ങൾക്കു സാധിച്ചു. ഡിസ്ത്രിക്ട് കമ്മററിയുടെ പ്രസിഡണ്ട് ശ്രീ കെ. കൃഷ്ണൻനായരാണ്. ശ്രീ എച്ച്. എം. സാചി വൈസ്പ്രസിഡണ്ട്. ശ്രീ എൻ. ബി. നായർ ട്രഷറർ. മുൻജനറൽ സിക്രട്ടറിയായിരുന്ന എസ്. എ. നൂർജിൻ കുറച്ചുമാസക്കാലത്തേക്കു തൽസ്ഥാനം ഒഴിഞ്ഞുമാറിയിരിക്കുകയാണ്. മെ. കെ. എച്ച്. എം. ജ്ഞാവെയർ, കെ. സദാശിവൻ, ആർ. സ്റ്റാൻലി തുടങ്ങിയ മെമ്പർമാരാണ് നിർവ്വഹണസമിതിയിലുള്ളതു്.

### കൊല്ലം ഡിസ്ത്രിക്ടിൽ

മേയ് 3-ാംതീയതി പ്രചരണസംഘം കൊല്ലം ഡിസ്ത്രിക്ടിലെത്തി. കാവൂർ, അഞ്ചുതെങ്ങ്, കൊട്ടിയം, പുല്ലിച്ചിറ, പട്ടക്കടവ്, പടപ്പകര, ചാരുമ്മൂട്, കിഴക്കേ കല്ലട തുടങ്ങി കൊല്ലം ഡിസ്ത്രിക്ടിന്റെ പല ഭാഗങ്ങളിലും പരിപാടികൾ ഉണ്ടായിരുന്നു. ഫാത്തിമാ കോളെജിൽ നടത്തപ്പെട്ട സമ്മർക്യാമ്പായിരുന്നു സർവ്വോപരി പ്രധാനം.

മൂന്നുദിവസം നീണ്ടുനിന്ന ആ സമ്മർക്യാമ്പിൽ മുന്നൂറോളം പ്രവർത്തകർ സംബന്ധിച്ചു. കലാശം കന്റോൺമെൻറു മൈതാനത്തിൽവച്ച് ശ്രീ പാലകശേരിയുടെ അദ്ധ്യക്ഷതയിൽ വമ്പിച്ച ഒരു സമ്മേളനവും നടന്നു. ക്യാമ്പിലെ സന്നദ്ധസേന പുരമേയൽ തുടങ്ങിയ സാമൂഹികസേവനത്തിനായി ഓലക്കെട്ടും മുളകളും വഹിച്ച് പാടിപ്പാടി മാർച്ചുചെയ്യുന്ന കാഴ്ച തികച്ചും പുളകജനകമായിരുന്നു. കൊല്ലം, കുന്നത്തൂർ, മാവേലിക്കര, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി, പത്തനാപുരം തുടങ്ങിയ താലൂക്കുകളിൽ നിന്നുള്ള പ്രവർത്തകർ പരിശീലനക്യാമ്പിൽ പങ്കെടുക്കുകയുണ്ടായി.

### കോട്ടയം ഡിസ്ത്രിക്ടിൽ

മേയ് 9-ാംതീയതി ഞങ്ങൾ കോട്ടയം ഡിസ്ത്രിക്ടിലെത്തി. അന്നു തിരുനക്കര മൈതാനത്തിൽ നടന്ന പൊതുയോഗത്തിൽ മുന്നണിപ്രവർത്തകർ പ്രസംഗിച്ചു. തുടർന്നു പാലാ, കുറുപ്പന്തറ, കൂടല്ലൂർ, പുതുപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ പ്രചരണപ്രസംഗങ്ങൾ ഉണ്ടായി. കുറുപ്പന്തറയിൽ മൂന്നുദിവസം നീണ്ടുനിന്ന ഒരു പഠനക്കളരിയും ഉണ്ടായിരുന്നു.

### മൂവ്വാററുപുഴ സമ്മർക്യാമ്പ്

മേയ് 13-ാംതീയതി മുതൽ മൂവ്വാററുപുഴയിൽ ആരംഭിച്ച സമ്മർക്യാമ്പ് ഇന്നുവരെയുള്ള ഞങ്ങളുടെ പ്രചരണപരിപാടിയുടെ ഒരു മകുടംചൂടലാണ്. സജീവമായി സാമൂഹികപ്രവർത്തനം ചെയ്യുവാൻ സന്നദ്ധഭടന്മാരെ ഉണ്ടാക്കാനാണ് ഇത്തരം സമ്മർക്യാമ്പുകൾ കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി നടത്തുന്നതു്. പരിശീലനവും ശിക്ഷണവും സിദ്ധിച്ച നൂറു നൂറു യുവാക്കളെ വാർത്തെടുക്കാൻ ഇത്തരം പരിശീലനക്കളരികൾക്കു കഴിഞ്ഞിരിക്കുന്നു. വാസ്തവത്തിൽ ഈ വാളണ്ടിയർ സേനയാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിയുടെ കവചിതസേന.

> “ലോകത്തിന്റെ പ്രലോഭനങ്ങൾക്കു മദ്ധ്യേ ജീവിതം നയിക്കേണ്ടിയിരിക്കുന്ന ഒരു യുവതിക്കു അടക്കത്തിന്റെയും, സംസ്കാരത്തിന്റെയും, നിർമ്മലതയുടേയും, ചാരിത്രത്തിന്റെയും ആകർഷകമായ ശക്തിവിശേഷത്തെ സ്ത്രീത്വത്തിന്റെ മഹത്വമകുടമായി കാണിച്ചുകൊടുക്കുന്നതു പരിശുദ്ധ കന്യകാമറിയമാകുന്നു.”
>
> —കർദ്ദിനാൾ ഡി. ആൾടൺ—

ഇത്തരുണത്തിൽ ഒരു യാഥാർത്ഥ്യം ഞങ്ങൾ പറയാം. എല്ലാ മതവിഭാഗങ്ങളേയും ജനവിഭാഗങ്ങളേയും പ്രതിനിധാനം ചെയ്യുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണി കേരളത്തിലെ ഒരു സജീവപ്രസ്ഥാനമായി വളർന്നുകഴിഞ്ഞിരിക്കുന്നു. ബഹുസഹസ്രം ആളുകൾ ഈ സംഘടനയുടെ പിന്നിൽ അണിനിരന്നുവരികയാണ്. സുശിക്ഷിതവും സുനിയന്ത്രിതവുമായ ഒരു തുറയിലൂടെ ഈ മനുഷ്യമഹാശക്തിയെ ചലിപ്പിക്കുന്നപക്ഷം അതു് കേരളത്തിനും ഇൻഡ്യക്കും വമ്പിച്ചൊരു നേട്ടമായിരിക്കും. സംശയമില്ല. അതുകൊണ്ടാണ് ഇനിയങ്ങോട്ട് കൂടുതൽ കർമ്മാത്മകമായ ഒരു സാമൂഹികസേവനവീഥിയിലൂടെ മുന്നോട്ടു നീങ്ങാൻ ഞങ്ങൾ ആഗ്രഹിക്കുന്നതും.

### മുന്നണിയെ [illegible]ക്കണം

ബ്ര വടക്കന്റെ ഈ പ്രസ്താവനയിൽനിന്നു കമ്മ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്ക് എവിടെയും സ്വാഗതം ലഭിച്ചുകൊണ്ടിരിക്കുകയാണെന്നു വെളിപ്പെടുന്നു. കമ്മ്യൂണിസത്തെ അതിന്റെ ശരിയായ സ്വഭാവം മനസ്സിലാക്കി വെറുക്കുന്നവർക്കു വിരുദ്ധമുന്നണിയുടെ പ്രചരണങ്ങളും പ്രവർത്തനങ്ങളും സ്വാഗതാർഹങ്ങൾ ആയിരുന്നേ കഴിയൂ. എന്നാൽ അവയ്ക്കു കൂടുതൽ ശക്തിയും വിസ്തൃതിയും നൽകേണ്ടിയിരിക്കുന്നു എന്നാൽ മാത്രമേ തൊഴിലാളികളേയും മററു പാവങ്ങളേയും കമ്മ്യൂണിസത്തിന്റെ വലയിൽ വീഴാതെ രക്ഷിക്കുവാൻ സാധിക്കുകയുള്ളൂ വിരുദ്ധമുന്നണിയുടെ പ്രചരണത്തിനും പ്രവർത്തനങ്ങൾക്കും വളരെയേറെ പണം വേണ്ടിയിരിക്കുന്നു. അതെല്ലാം ഉദാരമായി കൊടുത്തു് മുന്നണിയുടെ കരങ്ങൾക്കു ബലംകൂട്ടണമെന്നു് ഞങ്ങൾ ശുപാർശ ചെയ്യുന്നു.

## 8 സന്താനങ്ങളുടെ പിതാവു് വൈദികനാകുന്നു

61 വയസ്സു പ്രായമുള്ള വിധുരനായ ബേക്കർ എന്ന ഒരു ഡച്ചുകാരൻ ഉയിർപ്പുതിരുനാളിനു തലേദിവസം റോമിലുള്ള വിശുദ്ധ അപ്പസ്തോലന്മാരുടെ ദേവാലയത്തിൽവച്ചു വൈദികനായി അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നു. തിരുപ്പട്ട സ്വീകരണാവസരത്തിൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ 48പേർ സന്നിഹിതരായിരുന്നു. അദ്ദേഹത്തിന്റെ 7മക്കളും അതിൽ ഉണ്ടായിരുന്നു. അവരിൽ രണ്ടുപേർ വൈദികരാണ്. ആഫ്രിക്കായിലെ ഡച്ചു രൂപതയിൽ ഒരു കുഷ്ഠരോഗകേന്ദ്രത്തിലാണ് അദ്ദേഹം സേവനം നടത്തുന്നതിനുദ്ദേശിക്കുന്നതു്. അവിടെ അദ്ദേഹത്തിന്റെ പരേതയായ ഭാര്യയുടെ ഓർമ്മയ്ക്കായി നിർമ്മിച്ചിട്ടുള്ള ദേവാലയത്തിൽ അദ്ദേഹം പ്രഥമ ദിവ്യപൂജ അർപ്പിക്കും.


## മാർ തോമ്മാനഗർ
## അഴീക്കോട്, കൊടുങ്ങല്ലൂർ

ഇവിടെ സ്ഥാപിതമായിരിക്കുന്ന മാർ തോമ്മാ ശ്ലീഹായുടെ പൂജ്യാവശിഷ്ടപേടകം താഴെ പറയുന്ന ദിവസങ്ങളിൽ മാത്രമെ പരസ്യമായി പ്രദർശിപ്പിക്കുകയുള്ളു. ആ ദിവസങ്ങളിൽ നമ്മുടെ പിതാവിന്റെ തിരുശ്ശേഷിപ്പു ഉൾക്കൊള്ളുന്ന അരുളിക്കാ ചുംബിക്കുന്നതിനു സൗകര്യമുണ്ടായിരിക്കുന്നതാണ്.

(1) പുതുഞായർ (2) ജൂലായി 3-ാംതീയതി (3) ഇവിടത്തെ പ്രധാന തിരുനാളും അതു കഴിഞ്ഞുള്ള ഏഴു ദിവസങ്ങളും (നവംബർ 21-ാംതീയതിയോ, അന്നു ഞായറാഴ്ചയല്ലെങ്കിൽ അതു കഴിഞ്ഞുവരുന്ന ഞായറാഴ്ചയൊ). (4) ഡിസംബർ 6-ാംതീയതി (5) ഡിസംബർ 18-ാംതീയതി (6) ഡിസംബർ 21-ാംതീയതി (7) എല്ലാ ഇംഗ്ലീഷ് മാസങ്ങളുടേയും ആദ്യഞായർ (8) ആദ്യഞായറാഴ്ച കഴിഞ്ഞുവരുന്ന അടുത്ത തിങ്കളാഴ്ചയും

Fr. Superior



ആദ്ധ്യാത്മികവീഥി 24

# പ്രാർത്ഥന


(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

ഞാനൊരു പള്ളിമേടയിൽ വികാരിയച്ചനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സാധുമനുഷ്യൻ അവിടെവന്നു അച്ചനു് ആചാരപൂർവ്വം സ്തുതിചൊല്ലി.

"എന്താവക്കിച്ചേട്ടാ വന്നതു്?" എന്ന അച്ചന്റെ ചോദ്യത്തിനു്, "അച്ചനോടു ഒരു കാര്യം പറയാനുണ്ടായിരുന്നു" എന്നു പറഞ്ഞുകൊണ്ടു അയാൾ തുടന്നു:

"കഴിഞ്ഞ മാസം എന്റെ പറമ്പു ജപ്തിചെയ്യാൻ തുടങ്ങിയപ്പോൾ അച്ചൻ സഹായിച്ചില്ലായിരുന്നെങ്കിൽ ഞങ്ങളെല്ലാം നാട്ടുവഴിയിൽ ആകുമായിരുന്നല്ലോ. അ കാര്യം ഞാനെപ്പോഴുമോർക്കുന്നുണ്ടു്. ഞങ്ങളെല്ലാം അച്ചനുവേണ്ടി അപേക്ഷിക്കുന്നുമുണ്ടു്.




"മിനിയാന്നു അച്ചനെന്നെ ഒരു പണിക്കു വിളിച്ചിട്ടു വരാഞ്ഞതുകൊണ്ടു പിണങ്ങിയിരിക്കയാണെന്നു പറഞ്ഞുകേട്ടു. അച്ചനതിൽ പരിഭവം വിചാരിക്കരുതു്. എനിക്കൊരു നിവൃത്തിയുമില്ലാഞ്ഞിട്ടാ വരാഞ്ഞതു്. ഞാനൊരു അത്യാവശ്യത്തിനു ഒരു വഴിക്കു പോകാനിരുന്നപ്പോളാ ആളുവന്നതു്. അവിടെപ്പോയിട്ടു് ഇപ്പോളിങ്ങു വന്നുകയറിയതേയുള്ളു. അച്ചന്റെ ജോലി നാളെത്തന്നെ ഞാൻ ചെയ്തേക്കാം.




"ഇന്നച്ചൻ എനിക്കൊരു സഹായം ചെയ്യണമല്ലോ. ഒരു ആറുരൂപാക്കു് അത്യാവശ്യമുണ്ടായിരുന്നു. ആ മൂത്ത ചെറുക്കനെ ഫീസുകൊടുക്കാഞ്ഞിട്ടു ക്ലാസ്സിൽനിന്നു ഇറക്കിവിട്ടിട്ടു ഇപ്പോൾ മൂന്നുദിവസമായി. ഞാൻ വേറെ പലടത്തും അന്വേഷിച്ചിട്ടു ഒരു ഫലവുമുണ്ടായില്ല. അച്ചൻ തന്നെ ഒന്നു സഹായിക്കണം. അല്ലെങ്കിൽ അവന്റെ ഇക്കൊല്ലം നഷ്ടപ്പെടും."



ആ ആഴ്ചതന്നെ പണ്ടു വീട്ടിക്കൊള്ളണമെന്നുള്ള ഖരാറിന്മേൽ അച്ചൻ അയാൾ ചോദിച്ചിടത്തോളം പണവും കൊടുത്തയച്ചു.

ഇവിടെ ശ്രദ്ധേയമായിട്ടുള്ളതു കാര്യംകാണാൻ വളരെ സ്വാഭാവികമായിത്തന്നെ അയാൾ ഉപയോഗിച്ച മാർഗ്ഗമാണു്. വന്നപ്പോഴെ അച്ചനു സ്തുതിചൊല്ലി വണക്കം കാണിച്ചു. മുൻപു ചെയ്തിട്ടുള്ള ഉപകാരത്തിനു നന്ദിപറഞ്ഞു. അച്ചനു വരുത്തിയിരുന്ന നീരസത്തിനു ക്ഷമാപണംചെയ്തു. അവസാനം വന്നതിന്റെ ഉദ്ദേശം അറിയിച്ചു് കാര്യം സാധിച്ചുകൊണ്ടു പോകുകയുംചെയ്തു.

കഴിഞ്ഞതവണ പ്രാർത്ഥനയെക്കുറിച്ചു പറഞ്ഞപ്പോൾ അതിൽ ആരാധനയും സ്തോത്രവും ക്ഷമാപണവും അപേക്ഷയും ഉണ്ടായിരിക്കണമെന്നു പറയുകയുണ്ടായല്ലോ. നാം ആത്മാർത്ഥമായി പ്രാർത്ഥിക്കുമ്പോൾ ആരും പഠിപ്പിക്കാതെതന്നെ വളരെ സ്വാഭാവികമായി ആവക പ്രകരണങ്ങളെല്ലാം വന്നുകൊള്ളുമെന്നു മേൽപ്പറഞ്ഞ ഉദാഹരണത്തിൽനിന്നു മനസ്സിലാക്കാമല്ലോ.




വികാരിയച്ചന്റെ പക്കൽ വക്കിച്ചേട്ടൻ ചെയ്തതെല്ലാം ദൈവത്തിന്റെപക്കൽ നാം ചെയ്താൽ നല്ല പ്രാർത്ഥനയായിരിക്കും. വികാരിയച്ചൻ മനുഷ്യനായിരുന്നു. ദൈവം ദൈവമാണു്. അതനുസരിച്ചു പ്രകരണങ്ങളുടെ മാററു കൂട്ടണമെന്നുമാത്രം.

പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

# സ്വർഗ്ഗാരോഹിതനായ ക്രിസ്തു

(വി. ജോൺ വാഴപ്പിള്ളി)

ലോകത്തിൽ ഓരോ തരത്തിലുള്ള നന്മകൾ രാജ്യത്തിനും ജനങ്ങൾക്കും ചെയ്തിട്ടുള്ള വീരപുരുഷന്മാരെ ജാതിമതചിന്തകൂടാതെ ബഹുമാനിക്കുകയും സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതു് സാധാരണയാണു്. ആദ്ധ്യാത്മികമായും രാഷ്ട്രീയമായും വീരകൃത്യങ്ങൾ നിർവഹിച്ചിട്ടുള്ളവരെ പ്രത്യേകം നാം സ്മരിച്ചുവരുന്നു. ഭാരതസ്വാതന്ത്ര്യത്തിന്റെ നേതാവായ മഹാത്മാഗാന്ധിയേയും അമേരിക്കയിലെ ഐക്യനാടിന്റെ സ്വാതന്ത്ര്യത്തിന്റെ നേതാവായ ജനറൽ വാഷിങ്ടനേയും അതാതു രാജ്യത്തെ ജനങ്ങൾ പ്രത്യേകവിധത്തിൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്തുവരുന്നു. എന്നാൽ മനുഷ്യകുലത്തിനു് എല്ലാവിധത്തിലും യഥാർത്ഥസ്വാതന്ത്ര്യം നൽകിയ ക്രിസ്തുവിനെ ലോകം എത്രയധികം ബഹുമാനിക്കുകയും സ്നേഹിക്കുകയും സ്തുതിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു!

ക്രിസ്തു ലോകത്തിനു് ചെയ്തിട്ടുള്ള നന്മകളെ ലോകം വേണ്ടവിധം അറിഞ്ഞിരുന്നുവെങ്കിൽ ക്രിസ്ത്യാനികൾ മാത്രമല്ല സകലജാതി ജനങ്ങളും അവരുടെ സ്നേഹബഹുമാനാദികളെ അദ്ദേഹത്തിനു് എല്ലാററിലും ഉപരിയായി സമർപ്പിക്കുമായിരുന്നു. അന്ധകാരശക്തികളാൽ അടിമയാക്കപ്പെട്ടിരുന്ന അധഃപതിച്ച മനുഷ്യകുലത്തെ അവിടത്തെ ദിവ്യോപദേശങ്ങൾകൊണ്ടും രക്ഷണീയകൃത്യംമൂലവും സ്വതന്ത്രമാക്കിത്തീർത്തു. ക്രിസ്തുവിന്റെ വരവിനുശേഷം ലോകത്തിനുണ്ടായ മാററങ്ങൾ ഇതിനു് സാക്ഷ്യംവഹിക്കുന്നുണ്ടു്. മനുഷ്യകുലത്തിന്റെ ഉദ്ധാരണത്തിനായി വെളിച്ചത്തിന്റെയും ജീവന്റെയും സത്യത്തിന്റെയും സ്നേഹത്തിന്റെയും യഥാർത്ഥസ്വാതന്ത്ര്യത്തിന്റെയുംസാഹോദര്യത്തിന്റെയും മാർഗ്ഗങ്ങൾ ജനങ്ങൾക്കു അവിടത്തെ മാതൃകാപരമായ ജീവിതംകൊണ്ടും സദുപദേശങ്ങൾകൊണ്ടും അവിടുന്നു കാണിച്ചുകൊടുത്തിട്ടുണ്ടല്ലോ. മഹാത്മാഗാന്ധി തന്നെയും ഭാരതസ്വാതന്ത്ര്യത്തിനു് ഉപയോഗിച്ച അഹിംസായുധം അവിടത്തെ സുവിശേഷങ്ങളിൽനിന്നാണു് സ്വീകരിച്ചതെന്നു പറയപ്പെടുന്നു. സല്കാര്യങ്ങൾ നിർവ്വഹിച്ചിട്ടുള്ള വിശുദ്ധന്മാരും വീരപുരുഷന്മാരുമെല്ലാം അവിടത്തെ ഉപദേശം അനുസരിച്ചു് പ്രവർത്തിച്ചിട്ടുള്ളവരാണു്.

ക്രിസ്തു സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതും ദൈവം ക്രിസ്തുവിനെ സ്വീകരിക്കുന്നതുമാണല്ലോ സ്വർഗ്ഗാരോഹണത്തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്നതു്. സ്വർഗ്ഗത്തിൽ നടന്ന ആ സ്വീകരണത്തിന്റെ സ്മരണയെ അതർഹിക്കുന്നവിധത്തിൽ പരിശുദ്ധമായ ആഹ്ളാദത്തോടുകൂടി പ്രത്യേകവിധത്തിൽ നാം ഘോഷിക്കേണ്ടതല്ലയോ? തിരുനാൾദിനം പള്ളികളിൽ ആഘോഷമായ പാട്ടുകുർബാന, ദൈവസ്തോത്രങ്ങൾ, വിശുദ്ധ കുർബാനയുടെ വാഴ്വ് ഇത്യാദികർമ്മങ്ങൾ നടത്തപ്പെടുന്നുണ്ടു്. കുടുംബങ്ങളിലും തദനുഗുണമായ ഭക്ത്യാഹ്ളാദപ്രകടനങ്ങൾ പ്രതിധ്വനിക്കേണ്ടിയിരിക്കുന്നു. നമ്മെ ഓരോരുത്തരേയും ഓരോ വിധത്തിൽ അനുഗ്രഹിച്ച ക്രിസ്തുവിന്റെ ആശ്ചര്യകരമായ സ്വർഗ്ഗാരോഹണദിനത്തിൽ അവിടുത്തോടുകൂടി നിത്യസൗഭാഗ്യത്തെപ്പററിയുള്ള പ്രത്യാശയോടുകൂടി നമുക്കും സന്തോഷിക്കയും ആഹ്ളാദിക്കയും ചെയ്യാം. അന്നത്തെ പരിശുദ്ധ കുർബാനയിൽ സംബന്ധിച്ചു് ക്രിസ്തുവഴിയായി, അയോഗ്യരായ നമുക്കും പിതാവായ ദൈവത്തിനു് നന്ദിസ്തോത്രാദികൾ ഹൃദയസന്തോഷത്തോടെ സമർപ്പിക്കാം. പരിശുദ്ധ കുർബാനയുടെ വാഴ്വിൽ സംബന്ധിച്ചു് ദൈവത്തിനും ക്രിസ്തുവിനും നന്ദിസ്തോത്രാദികൾ സമർപ്പിക്കുകയും അവിടത്തെ ആശീർവ്വാദവും അനുഗ്രഹങ്ങളും സ്വീകരിക്കുകയും ചെയ്യാം. എന്നാൽ ക്രിസ്തുവും ദൈവവും നമ്മുടെ സമർപ്പണം സ്വീകരിക്കുന്നതിനും അനുഗ്രഹങ്ങൾ നൽകുന്നതിനും പാപികളായ നമ്മൾ ഹൃദയശുദ്ധിയുള്ളവരാകേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ആദ്യമായിത്തന്നെ മറിയം മഗ്ദലേനായെപ്പോലെ അനുതപിച്ചു് അവിടുത്തോടു് രമ്യപ്പെട്ടു് ആത്മസമാധാനം സമ്പാദിക്കാം. എങ്കിൽ മാത്രമേ അവിടുന്നു നമ്മെ സന്തോഷത്തോടെ സ്വീകരിക്കുന്നതിനും അനുഗ്രഹിക്കുന്നതിനും ഇടവരികയുള്ളുവെന്നുള്ള സംഗതി നാം ഓർത്തിരിക്കേണ്ടതാണു്.

ക്രിസ്തു നമുക്കു ചെയ്തിരിക്കുന്ന നന്മകൾ നിരവധിയാണു്. അവിടുന്നു യൂദവംശജനായിരുന്നെങ്കിലും അവിടത്തെ അനുഗ്രഹങ്ങളും അവിടുന്നു സമ്പാദിച്ച യോഗ്യതകളും പുറജാതിക്കാരായ എല്ലാ ജാതികൾക്കും സമാവകാശമാക്കി തന്നിരിക്കുകയാണു്. അവ ലഭിക്കുന്നതിനു നന്മനസ്സുള്ള സകലർക്കും വേണ്ട മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്. ദൈവേഷ്ടം നിറവേററുന്ന എല്ലാവരേയും അവിടത്തെ സഹോദരന്മാരും സഹോദരികളുമാക്കിത്തീർത്തു

(ശേഷം 8-ാം പേജിൽ)

(11-ാം പേജ് തുടർച്ച)

ന്റെ മുഖത്തു് അടിക്കുകയും മട്ടുകുത്തുവാൻ നിർബ്ബന്ധിക്കുകയും ചെയ്തു. എന്താണു ചെയ്യുന്നതെന്നു മനസ്സിലാകാതെ ഞാൻ മുട്ടിന്മേൽനിന്നു. എനിക്കു ബോധംവന്നപ്പോൾ ഞാൻ എഴുന്നേററു. പക്ഷേ വീണ്ടും അടിച്ചുകൊണ്ടു് മുട്ടിന്മേൽ നില്ക്കുവാൻ എന്റെമേൽ ശക്തിപ്രയോഗിച്ചു. ഒരു ഭയങ്കരസ്വരത്തിൽ അയാൾ പറഞ്ഞു: "അയാൾക്കു വിധേയനായിരിക്കുന്നതിനും പണിയെടുപ്പിക്കുന്നതിനും വേണ്ടി അനേകകൊല്ലങ്ങളായി മരുന്നെന്നപേരിൽ എനിക്കു് ഒരു ലഹരിസാധനം തന്നുകൊണ്ടിരുന്നു. ആ മരുന്നുകൊണ്ടു് എന്നെ അയാൾ ഒരു അടിമയാക്കി മാററി ഈ കോടതിയുടെ മുമ്പിൽ അയാളൊരു വൈദികനല്ലെന്നും മുതലാളി ഏജൻറാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു." വിദ്വേഷാഗ്നിയാൽ അയാളുടെ മുഖം എരിഞ്ഞു. എന്റെ മുഖത്തു തുപ്പിക്കൊണ്ടു് അയാൾ പറഞ്ഞു: "ഞാൻ നിങ്ങളുടെ ആ പഴയ ആഹിയു അല്ല."

മുട്ടിന്മേൽനിന്നുകൊണ്ടു് ഞാൻ അയാളുടെ മുഖത്തേക്കു നോക്കി. അവസാനം തലകുലുക്കിക്കൊണ്ടു് വ്യസനത്തോടുകൂടി ഞാൻ പറഞ്ഞു: "അതു വളരെ ശരിയാണു്. ഞാൻ ഒരിക്കൽ അറിയുകയും സ്നേഹിക്കുകയും ചെയ്തിരുന്ന ആഹിയു അല്ല നിങ്ങൾ." അപ്പോൾ പുറംകൈകൊണ്ടു് അയാൾ എന്റെ മുഖത്തു് ആഞ്ഞടിച്ചു.

ഈ അവസരത്തിൽ ജഡ്ജി ചിരിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ കാണുന്നുണ്ടല്ലോ, ഞങ്ങൾ കീതിൽ യാതൊന്നും ചെയ്യുവാനില്ല. നിങ്ങളെ കുററപ്പെടുത്തുകയും തല്ലുകയും ചെയ്ത ഇവർ നിങ്ങളുടെ സ്വന്തം ആളുകളാണു്."

ആഹിയു വീണ്ടും പറഞ്ഞു: "ദൈവത്തിന്റെ എല്ലാ കല്പനകളേയും നിങ്ങൾ ലംഘിക്കുകയും എന്നെ അടിമയാക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. മാത്രമല്ല, മറിയത്തിനുവേണ്ടി മരിക്കുന്നതു് മഹത്വമേറിയ ഒരു കാര്യമാണെന്നു് ലീജിയൻ മീററിംഗുകളിൽ നിങ്ങൾ പറഞ്ഞിട്ടുമുണ്ടു്."

ഞാൻ ഉച്ചത്തിൽ പറഞ്ഞു: "പരിശുദ്ധ മാതാവിനുവേണ്ടി മരിക്കുന്നതു് തീർച്ചയായും മഹത്വമേറിയ ഒരു കാര്യമാണു്."

ആഹിയു അലറി: "ഞങ്ങൾക്കു ഒരു രക്ഷകനേ ഉള്ളു. മാവോസേതുംഗ്."

എന്റെ ഹൃദയം ഒരു ലോഹക്കഷണമെന്നതുപോലെ നിരാശാസമുദ്രത്തിനടിയിലേക്കു താന്നുപോയി. അയാളുടെ വിശ്വാസം പരിരക്ഷിക്കുവാൻ ഇപ്പോഴും അയാൾക്കു കഴിയുമെന്നു് ഞാൻ ആശിച്ചിരുന്നു. പക്ഷേ ഹൃദയം തുളയ്ക്കുന്ന ആ വാക്കുകൾ: "മാവോയാണു് ഞങ്ങളുടെ രക്ഷകൻ!"

ആഹിയു അയാളുടെ പഴയ സ്ഥാനത്തേക്കു പോയപ്പോൾ ഞാൻ മുട്ടിന്മേൽനിന്നു് എഴുന്നേററു.

ഞാൻ ഒരു ജീവച്ഛവംപോലെയായിരുന്നു. ഞാൻ പറഞ്ഞു: ഉത്തരചൈനയിലെ മതമർദ്ദനം പൈശാചികമാണെന്നു് ഒരു പക്ഷേ ഞാൻ പറഞ്ഞുകാണും അതുപോലെ രോഗികളായിരുന്ന ഗറില്ലാഭടന്മാർക്കു് ഞാൻ മരുന്നു കൊടുത്തിട്ടുമുണ്ടു്. പക്ഷേ ഇവിടത്തെ ജനങ്ങൾക്കു് എന്റെ ഈ പ്രവൃത്തികൾ ഒരു ചാരവൃത്തിയായിരുന്നില്ലെന്നു് തീർച്ചയായും അറിയാം. ഞാൻ ഒരു ചാരനല്ലെന്നും ഒരു വൈദികനാണെന്നും വീണ്ടും പറയുന്നു."

അടുത്തപടിയായി എന്തുചെയ്യണമെന്നു് ജഡ്ജി അവിടെ കൂടിയിരുന്നവരോടു് ചോദിച്ചു. "ഈ അമേരിക്കൻ പിശാചിന്റെ തെററുകൾ അയാളെക്കൊണ്ടു സമ്മതിപ്പിക്കുക" എന്നവരട്ടഹസിച്ചു.

"അയാളുടെ തെററുകളെപ്പററി ഇതുവരെ മനസ്സിലാക്കുകകൂടി ചെയ്തിട്ടില്ല." മുമ്പിലിരുന്ന സ്ത്രീ പറഞ്ഞു:

"ഈ മനുഷ്യനെ എന്തുചെയ്യണമെന്നു് നിങ്ങളാഗ്രഹിക്കുന്നു?" ജഡ്ജി ചോദിച്ചു.

അവർ വീണ്ടും വിളിച്ചുപറഞ്ഞു: "അയാളെക്കൊണ്ടു സമ്മതിപ്പിക്കുക."

"അയാൾ സമ്മതിക്കുന്നില്ലെങ്കിൽ?" ജഡ്ജി ചോദിച്ചു.

"കൊല്ലുക, അയാളെ കൊല്ലുക."

## ആവശ്യമുണ്ടു്

സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്യാനാഗ്രഹിക്കുന്നവരും സ്കൂൾഫൈനൽ, ഇൻറർ, ബി. എസ്സ്സി. മുതലായ ഏതെങ്കിലും പരീക്ഷായോഗ്യതയുള്ളവരുമായ കത്തോലിക്കാ യുവതികൾക്കു നല്ല അവസരം. ഉടനെ എഴുതുക:

സിസ്റ്റർ സുപ്പീരിയർ, ധർമ്മഗിരി,
കോതമംഗലം

## സെൻറ് അലോഷ്യസ് ബോർഡിംഗ്
## മാന്നാനം

ജൂൺ 7-ാംനു തുറക്കുന്നു. ഒരാഴ്ച മുമ്പെങ്കിലും ബോർഡിംഗിൽ ചേരാനുള്ള അപേക്ഷകൾ കിട്ടിയിരിക്കണം. ബോർഡിംഗ് ഫീസ് പ്രതിമാസം 25 രൂപാ മാത്രം.

ഫാദർ മെൽക്കിയോർ സി. ഡി
റെക്ടർ

# കമ്മ്യൂ: ചൈനയിലെ കാൽവരിഗിരി

## കള്ളസാക്ഷികളുടെ രംഗപ്രവേശം

### വിവർത്തകൻ: ഡോമിനിക്ക കൊച്ചുപറമ്പിൽ)

(തുടർച്ച)

പലപല ചിന്തകൾ എന്റെ മനസ്സിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു. എന്റെ കണ്ണുകൾ അടഞ്ഞിരുന്നു. എല്ലാം ഇരുളിൽ മറയുന്നതായി എനിക്കു തോന്നി. അലാഡിന്റെ വിളക്കിന്റെ ശക്തിയേറിയ ജ്വാലകൾ എന്നെ അന്ധനാക്കി. എനിക്കു വളരെ ക്ഷീണം തോന്നി. എന്റെ മുറിയിലേയ്ക്കു എന്നെ നയിക്കണമെയെന്നു് ഞാൻ പ്രാർത്ഥിച്ചു. ഇത്രയുമായിട്ടും നേരം സന്ധ്യയായിട്ടില്ലായിരുന്നു. കൂടുതൽ സാക്ഷികൾ അകത്തേക്കു കൊണ്ടുവരപ്പെട്ടു. ആ സംഘത്തിൽ അഞ്ചുപേരുണ്ടായിരുന്നു. ടൂങ്ങാനിൽ ചന്തസ്ഥലത്തുവച്ചു് പലപ്പോഴും അവരിൽ രണ്ടുപേരെ ഞാൻ കണ്ടിട്ടുണ്ടു്. എങ്കിലും അവരിലാരുടെയും പേരു് എനിക്കറിയാമായിരുന്നില്ല.

അവരിലൊരാൾ പറഞ്ഞു: "ഇയ്യാൾ എന്റെ കൈവശം ഗറില്ലാകൾക്കു പണം തന്നയച്ചു."

മറ്റൊരാൾ പറഞ്ഞു: "മലമ്പ്രദേശങ്ങളിലെ ഗറില്ലാകൾക്കു് ഈ ആളിൽനിന്നുള്ള സന്ദേശങ്ങൾ ഞാൻ കൊണ്ടുപോയിട്ടുണ്ടു്."

സത്യവിരുദ്ധമായ ഈ കുറ്റാരോപണങ്ങൾ സഹിക്കവയ്യാതെ ഞാൻ ചോദിച്ചു: "ഇതും ലീജിയനുമായി എന്തു ബന്ധമാണുള്ളതു്?" അനന്തരം കമ്മ്യൂണിസ്റ്റു് സൈനികരെ വധിക്കുന്നതിനു് ഞാൻ പണം നൽകിയെന്ന കുറ്റം ഒരാൾ എന്നിലാരോപിച്ചു. അതിനെ നിഷേധിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "എന്റെ ജീവിതത്തിൽ ഈ മനുഷ്യനുമായി ഞാൻ സംസാരിച്ചിട്ടേയില്ല."

ജഡ്ജി എഴുന്നേറ്റു് നിശ്ശബ്ദമായിരിക്കുവാൻ എന്നോടാജ്ഞാപിച്ചു: "ഞാൻ നിങ്ങളുടെ വിധിയാളനാണെന്നുള്ള കാര്യം നിങ്ങളറിയുന്നില്ലേ? നിങ്ങൾക്കതു മനസ്സിലായിട്ടില്ലെന്നു തോന്നുന്നു." പിന്നീടു് ശാന്തമായിട്ടയാൾ തുടർന്നു: "ഞങ്ങൾക്കിവിടെ നല്ല ഓർമ്മശക്തിയുള്ള സാക്ഷികളുണ്ടു്. നിങ്ങളുടെ തെറ്റുകൾ അവർ വെളിച്ചത്തു കൊണ്ടുവരും."

കമ്മ്യൂണിസ്റ്റുദ്യോഗസ്ഥന്മാരെ "പിശാചു"ക്കളെന്നു വിളിച്ചതായി മറ്റൊരാൾ പറഞ്ഞു.

"ഇതു സത്യമാണോ അതോ കള്ളമാണോ?" ജഡ്ജി ചോദിച്ചു.

ഞാൻ പറഞ്ഞു: "ഇവിടെ ടൂങ്ങാനിൽ അതൊരു ശൈലിയായതുകൊണ്ടു് ഒരുപക്ഷെ ഞാനതു പ്രയോഗിച്ചുകാണുമായിരിക്കും."

സ്വയം തൃപ്തിയടയുന്ന തരത്തിൽ വികൃതമായ ഒരു പരിഹാസച്ചിരി അയാളുടെ മുഖത്തു് നിഴലിച്ചു.

അയാൾ വീണ്ടും പറഞ്ഞു: "ഞാൻ നിങ്ങളുടെ ജഡ്ജിയാണു്. എന്നോർത്തുകൊള്ളുക. നിങ്ങൾക്കെന്തെങ്കിലും പറയുവാനുണ്ടെങ്കിൽ അതു മര്യാദയായി പറയൂ."

ഞാൻ പറഞ്ഞു: "ഒരു സ്നേഹിതനോ വക്കീലോ കൂടാതെ ഞാനിവിടെ ഏകാകിയാണു്. എനിക്കുവേണ്ടി സാക്ഷി പറയുവാനോ വാദിക്കുവാനോ ആരുമില്ല."

ജഡ്ജിയുടെ വലതുവശത്തുനിന്നു് ഒരാൾ ചാടിയെണീറ്റുകൊണ്ടു് പറഞ്ഞു: "നിങ്ങൾ കോർട്ടലക്ഷ്യക്കുറ്റം ചെയ്തിരിക്കുന്നു. ഈ ജനകീയ ഗവർമ്മെന്റിന്റെ കോടതിയിൽ ഇക്കാര്യങ്ങൾ പറഞ്ഞുകൂടാ."

ജഡ്ജി പറഞ്ഞു: "ഈ നില്ക്കുന്നവരെല്ലാം നിങ്ങൾക്കുവേണ്ടി സാക്ഷി പറയുവാനുള്ളവരാണു്. അവരുടെ ആരോപണങ്ങളുടെ സത്യാവസ്ഥ ഞങ്ങളറിഞ്ഞുകഴിഞ്ഞു. നിങ്ങൾ ഒരു വൈദികനല്ലെന്നു നിങ്ങൾ സമ്മതിക്കണം. അതാണു് ഞങ്ങൾക്കാവശ്യം. കൂടാതെ അമേരിക്കയുടെ ഒരു മുതലാളി ഏജൻറായി നിങ്ങൾ അയയ്ക്കപ്പെട്ടിരിക്കുകയാണെന്നും സമ്മതിക്കണം."

ഞാൻ കോർട്ടലക്ഷ്യക്കുറ്റം ചെയ്തതായി സമ്മതിച്ചു് ഇംഗ്ലീഷിൽ എഴുതിക്കൊടുക്കണമെന്നു് എന്നോടാവശ്യപ്പെട്ടു. ഞാൻ ഇംഗ്ലീഷിൽ എഴുതിക്കഴിഞ്ഞപ്പോൾ അയാൾ പറഞ്ഞു: "കോർട്ടലക്ഷ്യക്കുറ്റത്തിനുള്ള ശിക്ഷ അഞ്ചുവർഷത്തെ കാരാഗൃഹവാസമാണു്." ഗറില്ലാകളെ സഹായിച്ചുവെന്നുള്ള കുറ്റത്തിനു് ഞാൻ ജീവപര്യന്തം കാരാഗൃഹവാസത്തിനു് ശിക്ഷിക്കപ്പെടുവാൻ പോകയാണു്! അക്കൂട്ടത്തിലാണു് ഇതും!

ഞാൻ ചെയ്തുവെന്നവർ പറഞ്ഞ കുറ്റങ്ങൾക്കു് കുറഞ്ഞതു് ആറു പ്രാവശ്യമെങ്കിലും അന്നു രാത്രിയിൽ ഞാൻ ഒപ്പുവെച്ചുകൊടുക്കേണ്ടതായിവന്നു. അവ എന്താകെയായിരുന്നുവെന്നു് എനിക്കിപ്പോൾ ഓർമ്മയില്ല. ഓരോ പ്രാവശ്യവും ഒപ്പുരേഖപ്പെടുത്തിക്കഴിഞ്ഞപ്പോൾ എന്റെ കരങ്ങൾ സ്വതന്ത്രങ്ങളാക്കുകയും എന്നെ ഇരിക്കുവാൻ അനുവദിക്കുകയും ചെയ്തിരുന്നുവെന്നുമാത്രം ഞാനോർക്കുന്നുണ്ടു്. പക്ഷെ എന്റെ വൈദികത്വത്തെ സംബന്ധിച്ച കാര്യം വന്നപ്പോൾ ഇരിക്കുവാനുള്ള പരീക്ഷയെ ജയിക്കുന്നതിനുള്ള കരുത്തു് എവിടെനിന്നോ എനിക്കു കിട്ടി. ഞാൻ എന്നോടുതന്നെ പറഞ്ഞു: "നിങ്ങൾ ഫാദർ ഗ്രീനാണു്. അതോർത്തുകൊള്ളുക. നിങ്ങൾ ഒരു വൈദികനാണു്. ലീജിയൻ ഓഫ് മേരിയെ യാതൊരു തരത്തിലും അപകടത്തിലാക്കരുതെന്നുള്ള കാര്യം മറക്കരുതു്."

എന്നെ എന്റെ മുറിയിലേയ്ക്കു നയിച്ചപ്പോൾ ഞാൻ എന്നോടുതന്നെ ചോദിച്ചു: "നമ്മുടെ അമ്മയായ മറിയത്തേയും ലീജിയനേയും ഇവർ ഇത്തരത്തിൽ വെറുക്കുന്നതിനു് കാരണമെന്താണു്? എന്റെ പേരിലുള്ള തെറ്റു് ഞാൻ ലീജിയനംഗങ്ങളെ ചാരവൃത്തിയ്ക്കു നിയോഗിച്ചുവെന്നാണു്. അതു ചിരിക്കേണ്ട ഒരു കാര്യമാണു്. ജഡ്ജിയുടെ വെറുപ്പു് നിസ്സാരമായ ഒരു കാര്യമാണു്. ഏറ്റവും അധികം ഭയപ്പെടുന്നതിനെ ഏറ്റവും അധികം വെറുക്കുക, ഇതാണോ കമ്മ്യൂണിസം ജനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ളതു്?"

വിസ്താരം ഓരോ രാത്രിയിലും തുടർന്നുകൊണ്ടിരുന്നു. ഓശാനഞായറാഴ്ച ഉച്ചയോടുകൂടി കന്യകാലയത്തിലേക്കു് ഞാൻ നയിക്കപ്പെട്ടു. ഇത്തവണ സഹോദരികൾ മതപഠനക്ലാസ്സുകൾ നടത്തുന്ന ഒന്നാംനിലയിലെ വിശാലമായ ഹാളിലേക്കാണു് കൊണ്ടുപോകപ്പെട്ടതു്. അവിടെ ഏകദേശം അറുപതോളം വരുന്ന ഒരു ജനക്കൂട്ടം തിങ്ങിക്കൂടിയിരുന്നു. അവരിൽ പലരും എനിക്കു പരിചിതരായിരുന്നു. കുറെപ്പേർ എന്നിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചവരായിരുന്നു. പിമ്പിൽ നിന്നിരുന്നതു് എന്റെ പാചകജോലിക്കാരനായിരുന്നു. ജഡ്ജി കയറിവന്നു് അവിടെ കൂടിയിരുന്നവരെല്ലാം എനിക്കെതിരായി സാക്ഷിപറയുവാൻ വന്നിരിക്കുന്നവരാണെന്നറിയിച്ചപ്പോഴാണു് ഇതിന്റെയെല്ലാം ഉദ്ദേശ്യം എനിക്കു മനസ്സിലാക്കുവാൻ സാധിച്ചതു്.

നീളം കൂടിയ മേശയ്ക്കുപിമ്പിൽ ജഡ്ജിയും അസിസ്റ്റൻറും ഇരിപ്പുറപ്പിച്ചു. ജഡ്ജി എണീറ്റുപറഞ്ഞു: "പുതിയ ജനകീയകോടതിയുടെ ജനാധിപത്യരീതിയനുസരിച്ചു് വിസ്താരം തുടരുവാൻ പോകയാണു്. ചൈനീസു് നിയമങ്ങളെ ഞാൻ ലംഘിച്ചിട്ടുണ്ടോ ഇല്ലയോ എന്നു ജനങ്ങളാണു് തീരുമാനിക്കാൻ പോകുന്നതു്."

എന്റെ നേരെതിരിഞ്ഞു് ജഡ്ജി പറഞ്ഞു: "നിങ്ങളുടെ ക്രിസ്ത്യാനികൾതന്നെ നിങ്ങളെപ്പറ്റി പറയുന്നതു് നിങ്ങൾ കേൾക്കുക."

മുൻനിരയിലിരുന്ന ഒരു ചെറുപ്പക്കാരിയെ കണ്ടപ്പോൾ എന്റെ മനസ്സിൽ ഒരു വല്ലാത്ത വിഷമത അനുഭവപ്പെട്ടു. എന്നെ രക്ഷിക്കണമെന്നു് ഞാൻ ദൈവത്തോടപേക്ഷിച്ചു. ഞാൻ പരിശുദ്ധ കന്യകയോടും പ്രാർത്ഥിച്ചു. മറ്റു വൈദികരോടുചെയ്തതുപോലെ ശുദ്ധതയ്ക്കെതിരായിട്ടുള്ള ചാർജ്ജു് എന്റെമേലും ആരോപിക്കപ്പെടുവാൻ പോകയായിരിക്കാം.

ഒരു ബാലിക മുമ്പോട്ടുവന്നു് എനിക്കു ലീജിയൻ ഓഫ് മേരിയുമായി ഉണ്ടായിരുന്ന ബന്ധത്തെപ്പറ്റി പറഞ്ഞു. പിന്നീടു്, ഓരോരുത്തരായി ഞാൻചെയ്ത കുറ്റങ്ങൾ, അവ ചെയ്ത ദിവസം, സ്ഥലം, ചില സന്ദർഭങ്ങളിൽ മണിക്കൂറുകൾപോലും ഇവ കൃത്യമായി പറഞ്ഞുകൊണ്ടു് മൊഴികൊടുത്തു. "എന്തത്ഭുതകരമായ ഓർമ്മശക്തിയാണിവർക്കു്" ഞാൻ പറഞ്ഞുപോയി. "സാക്ഷികളെപ്പറ്റിയോ അവരുടെ ഓർമ്മശക്തിയെക്കുറിച്ചോ നിങ്ങൾ ഒരഭിപ്രായവും പറയേണ്ട" എന്നായിരുന്നു ജഡ്ജിയുടെ മറുപടി.

ഈയവസരത്തിൽ ഞാൻ ആദ്യം പറഞ്ഞ സ്ത്രീ മുമ്പോട്ടുവന്നു. പക്ഷെ ഞാൻ ഭയപ്പെട്ടിരുന്ന കുറ്റമല്ല എന്റെ മേൽ ആരോപിക്കപ്പെട്ടതു്. ഞങ്ങളുടെ ആശുപത്രിയിൽവച്ചു് അവളുടെ കുട്ടിയെ അന്ധനാക്കിയെന്നായിരുന്നു കുറ്റം. ഞാൻ ഉറപ്പിച്ചുപറഞ്ഞു: "ഈ സ്ത്രീയെ ഞാൻ അറിയുകയില്ല. ഞങ്ങളുടെ ആശുപത്രിയിൽ അവൾ വന്നിട്ടേയില്ല." അവൾ മുമ്പോട്ടു ചാടിവന്നു് എന്റെ മുഖത്തു് അടിക്കുകയും തലമുടിയിൽ ശക്തിയായി പിടിച്ചുലച്ചു് വേദനയുണ്ടാക്കുകയുംചെയ്തു. ഒരു പോലീസുദ്യോഗസ്ഥൻ അവളെ പിടിച്ചുമാറ്റി.

മറ്റൊരാൾ, എന്റെ മുറിയിൽ ഞാൻ തോക്കുകൾ സൂക്ഷിക്കുന്ന വസ്തുത അറിവുണ്ടെന്നു സമർത്ഥിച്ചു. ഒരു സ്ത്രീ ചാടിയെണീറ്റുപറഞ്ഞു, ജോലിയെടുപ്പിച്ചിട്ടു് അവൾക്കു യാതൊരു പ്രതിഫലവും കൊടുത്തിട്ടില്ലെന്നു്. ആ സ്ത്രീയെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടില്ലെന്നും അവളെ അതിനുമുമ്പു് കണ്ടിട്ടേയില്ലെന്നും ഞാൻ പറഞ്ഞു. ദൃഷ്ടികൾ താഴോട്ടായി നിശ്ശബ്ദമായി നില്ക്കുന്നതിനു് ഞാൻ ആജ്ഞാപിക്കപ്പെട്ടു. പിന്നീടു് ചില വ്യാപാരികൾ, അവർക്കു് എന്നിൽനിന്നും പണം കിട്ടുവാനുണ്ടെന്നു പരാതിപ്പെട്ടു. എന്റെ ഉന്മേഷം നശിച്ചുവരികയും എനിക്കു മനസ്സിലാകാത്ത ചില കാര്യങ്ങളിൽ "ഉവ്വ്" എന്നും "സമ്മതിക്കുന്നു" എന്നും പറയുവാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു.

എന്റെ പാചകജോലിക്കാരനായിരുന്ന ആഹിയു (Ah-Hiu) ആയിരുന്നു അടുത്ത സാക്ഷി. ഞാൻ പലപ്പോഴും അവനെ നോക്കിയപ്പോൾ, ദൃഷ്ടികൾ തിരിച്ചു് എന്നെ കാണുവാൻ ഇഷ്ടപ്പെടാത്തതുപോലെ ഭാവിച്ചു. ജഡ്ജി ആംഗ്യം കാണിച്ചപ്പോൾ ദേഷ്യത്തോടെ അവർ തിട്ടകത്തിൽ കടന്നുവന്നു. ഒരു മനുഷ്യനു് ഇത്ര കുറഞ്ഞകാലംകൊണ്ടു് ഇത്ര വലിയ ഒരു മാറ്റം ഞാൻ കാണുന്നതു് ആദ്യമായിട്ടായിരുന്നു. എന്നെ നോക്കി അവജ്ഞയോടെ എന്റെ ചൈനീസു് നാമം വിളിച്ചിട്ടു് അയാൾ പറഞ്ഞു: "താൻ ഒരു വൈദികനല്ലെന്നും ദൈവത്തിന്റെ സകല കല്പനകളേയും ലംഘിച്ചിരിക്കുന്നുവെന്നും ഈ ജനങ്ങൾക്കു ഞാൻ തെളിവുകൊടുക്കുവാൻ പോകയാണു്."

എന്റെ മുഖത്തു തുപ്പിക്കൊണ്ടും കവിളുകളിൽ മുഷ്ടിചുരുട്ടി ഇടിച്ചുകൊണ്ടും ദൈവകല്പനകളുടെ ലിസ്റ്റു് അയാൾ വിവരിച്ചപ്പോൾ എനിക്കെന്റെ കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഒരു വൈദികനാണെന്നു" പറയുന്ന ഇയാൾ ഒരു വൈദികനല്ല. ഒരു ചാരനാണു്. ഇയാൾ ദൈവത്തിന്റെ ഒന്നാംകല്പനയെ ലംഘിച്ചിരിക്കുന്നു. ഇയാളുടെകൂടെ താമസിച്ചിട്ടുള്ള ഞാൻ ഇയാൾ പ്രാർത്ഥിക്കുന്നതായി ഒരിക്കലും കണ്ടിട്ടില്ല. ചൈനാക്കാരെ ദുഷിച്ചു സംസാരിച്ചും ഈശ്വരനാമം തുടർച്ചയായി ആവശ്യമില്ലാതെ ഉപയോഗിച്ചും ഇയാൾ രണ്ടാംപ്രമാണത്തെ ലംഘിച്ചിരിക്കുന്നു. ഞായറാഴ്ച ദിവസം ജോലി എടുത്തുകൊണ്ടും പൂജ അർപ്പിക്കാതിരുന്നും മൂന്നാംപ്രമാണം ലംഘിച്ചിരിക്കുന്നു. മാതാപിതാക്കന്മാരെ അനുസരിക്കുവാൻ വിസമ്മതിച്ചുകൊണ്ടും മരണാസന്നയായികിടക്കുന്ന മാതാവിന്റെ അടുക്കലേക്കു മടങ്ങിപ്പോകാതെയും നാലാംപ്രമാണം ലംഘിച്ചിരിക്കുന്നു. അയാളുടെ ഡിസ്പൻസറിയിൽ ജനങ്ങളെ കൊല്ലുന്നതിനു വിഷംകൊടുത്തും ചൈനീസു് ഭടന്മാരെ വധിക്കുന്നതിനു നിർദ്ദേശം നൽകിയും അഞ്ചാംപ്രമാണം ലംഘിച്ചിരിക്കുന്നു."

ശ്വാസം വിടുവാൻപോലും സമയമെടുക്കാതെ അയാൾ ഇത്രയും പറഞ്ഞുകഴിഞ്ഞു. ആറാംപ്രമാണത്തെപ്പറ്റി അയാൾ എന്തുപറയുമെന്നു് ഞാൻ അത്ഭുതപ്പെട്ടു. "അനിയന്ത്രിതമായ ജഡികാഗ്രഹങ്ങളാൽ ആറാംപ്രമാണം ലംഘിച്ചു"വെന്നു് ഒഴുക്കൻ മട്ടിൽ അയാൾ പറഞ്ഞൊഴിഞ്ഞു. ഞാൻ ജനങ്ങളോടു് ചതികാണിച്ചിട്ടുണ്ടെന്നും ശരിയായ വേലക്കൂലി കൊടുത്തിട്ടില്ലെന്നും അയാൾ പറഞ്ഞു. ജനകീയ ഗവമ്മെണ്ടിലെ ഉദ്യോഗസ്ഥന്മാരെപ്പറ്റി പതിനായിരം നുണകൾ ഞാൻ പറഞ്ഞിട്ടുണ്ടെന്നും അയാൾ പറയാൻ മടിച്ചില്ല.


അതിനുശേഷം നിയന്ത്രണാതീതമായ ദേഷ്യത്തോടുകൂടി എ

(ശേഷം 10-ാം പേജിൽ)


# കോൺഗ്രസ് വാർഷികം

## അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ 36-ാമതു വാർഷികം

മേയ് 27 മുതൽ 30 വരെ തീയതികളിൽ മുട്ടുചിറ സെൻറ് തോമസ് നഗറിൽവച്ചു വാർഷികം സാഘോഷം നടത്തപ്പെടുന്നു. അത്യുന്നതകർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനി ഉൽഘാടനകർമ്മം നിർവ്വഹിക്കുന്നതും പല മെത്രാന്മാരുടേയും പ്രശസ്താതിഥികളുടേയും സാന്നിദ്ധ്യത്തിൽ വിപുലമായ പരിപാടികൾ നടക്കുന്നതുമായിരിക്കും. ചരിത്രപ്രസിദ്ധങ്ങളായ മുട്ടുചിറപള്ളിക്കും കടുത്തുരുത്തിപള്ളിക്കും ഇടയ്ക്കു് ഏറ്റുമാനൂർ-വൈക്കം റോഡിനെ അഭിമുഖീകരിച്ചു പതിനായിരത്തിൽപരം ആളുകൾക്കു സമ്മേളിക്കത്തക്കവണ്ണം പണിതീർത്തിട്ടുള്ള രണ്ടു നില പന്തലിലാണു് സമ്മേളനങ്ങൾ നടക്കുന്നതു്.



ചരിത്രപ്രസിദ്ധമായ മുട്ടുചിറ ഫൊറോനാപ്പള്ളി



ചരിത്രപ്രസിദ്ധമായ കടുത്തുരുത്തി ഫൊറോനാപ്പള്ളി

Reg. No. M. 2293

# Sathya Deepam

Vol. 27 Ernakulam, May 26, 1954 No. 38

# —വിവിധവൃത്താന്തങ്ങൾ—

## ആശീർവദിച്ച അഗ്നി യൂറോപ്പുമുഴുവനും പ്രചരിപ്പിക്കുന്നു

മേയ്മാസം ഒന്നാംതീയതി ലൂർദിൽവച്ച് 13 രാജ്യപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ "വിശുദ്ധ അഗ്നി"യുടെ ആശീർവ്വാദം നിർവ്വഹിക്കപ്പെട്ടു. ആശീർവ്വദിച്ച ഈ അഗ്നി അതിവേഗത്തിൽ യൂറോപ്പുമുഴുവൻ പ്രചരിപ്പിക്കുന്നതാണ്.

ബസ്ലിക്കായിലെ ആഘോഷമായ ദിവ്യബലിയപ്പണം കഴിഞ്ഞ് ബിഷപ്പ് തിയാസ് തിരുമനസ്സുകൊണ്ടാണ് ഗ്രോട്ടോയിലെ തിരികളിൽനിന്നും കത്തിച്ചെടുത്ത പന്തങ്ങൾ മുറപ്രകാരം ആശീർവ്വദിച്ചതു് കാറുകൾവഴിയും തീവണ്ടിവഴിയും മററു വാഹകന്മാർ വഴിയും ഈ പന്തങ്ങളെല്ലാം ആദ്യമായി ജെനീവായിലെത്തിക്കുന്നു. അവിടെവച്ച് മൂന്നുഭാഗമായി തിരിഞ്ഞ് ഒരു ഗ്രൂപ്പ് മിലാൻ, റോം, നേപ്പിൾസ് ഈ സ്ഥലങ്ങളിൽക്കൂടി സിസിലിയിലുള്ള പലേർമോ എന്ന സ്ഥലത്തെത്തും. രണ്ടാമത്തെ ഗ്രൂപ്പ് വിയന്നായെ ലക്ഷ്യമാക്കിയാണ് യാത്രചെയ്യുന്നതു്. മൂന്നാമത്തേതു് ബേൺ, ഫ്രാങ്ക്ഫർട്ട്, കൊളോൺ മുതയായ സ്ഥലങ്ങൾ കടന്നുപോകും. കൊളോണിൽവച്ച് അവർ രണ്ടായി തിരിഞ്ഞ് ഒരു ഭാഗം ഹാംബർഗ്ഗ്, കോപ്പൻ ഹേഗൻ, സ്റ്റോക്ക്ഹോം മുതലായ സ്ഥലങ്ങളിൽക്കൂടി ഓസ്ലോയിലെത്തും. മറേറഭാഗം ആംസ്റ്റർഡാം, ലിവർപ്പൂൾ മുതലായ സ്ഥലങ്ങൾ വഴി ഡബ്ളിനിൽ എത്തിച്ചേരും. പിരണീസ്മലകൾ കടത്തി അഗ്നി സ്പെയിനിലും പോർട്ടുഗലിലും എത്തിക്കുന്നതാണ്.

കിഴക്കെ ജർമ്മനിയിൽനിന്നും രഹസ്യമായി അതു് കമ്മ്യൂണിസ്റ്റധീനസ്ഥലങ്ങളിലേക്കു് കൊണ്ടുപോകുന്നതാണ്. ഈ അഗ്നിയുടെ സൂചന ക്രിസ്തീയവിശ്വാസം, ഭക്തിതീക്ഷ്ണത, വേദപ്രചാരം ഇവയാണ്. കത്തോലിക്കാ യുവാക്കന്മാരുടെ വിശ്വാസസംഘടനയാണ് ഈ പ്രകടനപരിപാടി ആസൂത്രണം ചെയ്തിട്ടുള്ളതു്.

## പോളണ്ടിൽ കമ്മ്യൂണിസം തകരും

കമ്മ്യൂണിസം പോളണ്ടിൽ ശക്തിപ്രാപിച്ച ഉടനെ അവിടത്തെ പള്ളികൾ അടച്ചുപൂട്ടുകയും വിദ്യാലയങ്ങളിൽനിന്നു കുരിശുരൂപങ്ങൾ എടുത്തുമാററുകയുംചെയ്തു. പക്ഷെ ജനങ്ങൾ അതു ശക്തിയായി പ്രതിഷേധിച്ചു. അവർ ആയിരമായിരമായി എല്ലാ ദിവസവും വൈകിട്ട് പള്ളികളുടെ പുറത്തു് ഒന്നിച്ചുകൂടുകയും അവിടെ പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. ഒടുവിൽ കമ്മ്യൂണിസ്റ്റുകൾതന്നെ പരാജയപ്പെട്ടു. പള്ളികൾ തുറന്നുകൊടുക്കുകയും വിദ്യാലയങ്ങളിലെ ക്രൂശുരൂപങ്ങൾ വീണ്ടും സ്ഥാപിക്കപ്പെടുകയുംചെയ്തു. വാർസായിലെ പ്രതിരോധകനേതാവായ ജനറൽ ബോർകൊമൊറോവ്സ്കി ഈയിടെ കത്തോലിക്കാസംഘടനയുടെ ആഭിമുഖ്യത്തിൽ പ്രസംഗിക്കുന്നതിനു് അയർലണ്ടു് സന്ദർശിച്ച അവസരത്തിലാണ് ഈ വസ്തുത വെളിപ്പെടുത്തിയതു്.

പോളണ്ടിൽ പൊതുവെ കമ്മ്യൂണിസം വെറുക്കപ്പെട്ടിരിക്കയാണെന്നും, ഇപ്പോഴും രഹസ്യപ്പോലീസിന്റെ ഭീകരനടപടികൾ ഊർജ്ജിതത്തിലിരിക്കുന്നതുകൊണ്ടാണ്, 1944 ൽ അദ്ദേഹം ജർമ്മൻകാർക്കെതിരായി സംഘടിപ്പിച്ചതുപോലെ ഒരു അണ്ടർഗ്രൗണ്ടു് പ്രവർത്തനം നടപ്പിലാക്കാൻ സാധിക്കാത്തതെന്നും അദ്ദേഹം പ്രസ്താവിച്ചു.

## ചൈനാക്കാർ വൈദികനെ വിട്ടുകിട്ടുവാൻ പോലീസിനെ നിർബന്ധിക്കുന്നു

ചൈനയിൽ സലേഷ്യൻ സഹോദരികളുടെ ഒരു മഠം മാത്രമെ ഇനിയും ഒളിവിൽ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുള്ളു എന്നാണറിയുന്നതു്. അവരുടെ ഒരു കത്തു് ഈയിടെ റോമയിൽ ലഭിച്ചതിൽ ചൈനയിലെ മർദ്ദനപരിപാടികളെപ്പററി വിവരിച്ചിട്ടുണ്ടു്. പല സ്ഥലത്തായി ഒരു രാത്രികൊണ്ടു് കമ്മ്യൂണിസ്റ്റുകൾ 23 വൈദികരെ അറസ്റ്റുചെയ്തു. പിറേറദിവസം ജനങ്ങളെല്ലാം കാലത്തെ കർബാനയ്ക്കു വന്നുകൂടിയപ്പോഴാണ് വൈദികരെല്ലാം പോലിസ്ബന്ധവസ്സിലാണെന്നു മനസ്സിലാക്കിയതു്. കൂട്ടമായി അവർ പോലീസുസ്റ്റേഷനിലെത്തുകയും ദിവ്യബലിയപ്പിക്കുന്നതിനു് ഒരു വൈദികനെയെങ്കിലും വിട്ടുകൊടുക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. രണ്ടു പോലീസുകാരുടെ കാവലിൽ ഒരു വൈദികനെ മോചിപ്പിക്കുന്നതിനു് അധികാരികൾ നിർബന്ധിതരായി. അവരെല്ലാവരും പള്ളിയിലേക്കുപോയി കർബാനനടത്തുകയും അതിനുശേഷം വിശ്വാസികൾ ഭക്തിപൂർവ്വം അദ്ദേഹത്തിന്റെ അനുഗ്രഹം സ്വീകരിക്കുകയുംചെയ്തു. കാവൽഭടന്മാരോടുകൂടി വൈദികൻ വീണ്ടും തടങ്കലിലേക്കു മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ സ്വന്തം മാതാവും ഈ കൂട്ടത്തിൽ ഉണ്ടായിരുന്നു. വിശ്വാസസ്ഥൈര്യമുള്ള വിശ്വാസികൾ അദ്ദേഹത്തെ അഭിനന്ദിക്കുകയും അനുമോദിക്കുകയുംചെയ്തു.

## സിനിമായുടെ സമയം കൊന്തജപിച്ചു

പ്രസ്തുത കത്തിൽ വേറൊരു സംഭവം രേഖപ്പെടുത്തിയിട്ടുള്ളതിപ്രകാരമാണ്. മഠംവക വിദ്യാലയത്തിൽ പഠിച്ചിരുന്നവരും അക്കാലത്തു മരിയസഖ്യത്തിന്റെ അംഗങ്ങളായിരുന്നവരുമായ രണ്ടു യുവതികൾ ഒരു ആശുപത്രിയിൽ പരിശീലനം നടത്തിക്കൊണ്ടിരുന്നു. ആശുപത്രിജോലിക്കാരൊന്നിച്ച് എല്ലാ ഞായറാഴ്ചയും സിനിമകാണാൻ പോകണമെന്നുള്ളതു് അവർക്കു നിർബന്ധമായിരുന്നു. ഈ അവസരങ്ങളിലെല്ലാം അവർ എന്തുചെയ്തിരുന്നുവെന്നു് 8 മാസത്തെ പരിശീലനസമയംകഴിഞ്ഞ് മടങ്ങിവന്നപ്പോൾ മഠാധിപയോടു് പറയുകയുണ്ടായി. ഈ സമയം മുഴുവനും അവർ ഒരിക്കൽപ്പോലും കണ്ണുയർത്താതെ കീഴ്പോട്ടു് നോക്കിയിരിക്കുകയും ജപമാല തുടർച്ചയായി ജപിച്ചുകൊണ്ടിരിക്കുകയും ചെയ്തുപോന്നു. അതുകൊണ്ടു് അവരുടെ ഹൃദയനൈർമ്മല്യത്തെ അല്പംപോലും കളങ്കപ്പെടുത്താതിരിക്കാൻ പരിശുദ്ധ കന്യക സഹായിച്ചു.

## ജർമ്മനിയിൽ മതമർദ്ദനം അതിദാരുണം

ജർമ്മനിയിലുള്ള മെത്രാന്മാർ അവിടത്തെ സഭയുടെ കഴിഞ്ഞ കൊല്ലത്തെ റിപ്പോർട്ടു പരിശുദ്ധ മാർപ്പാപ്പാക്കു സമർപ്പിച്ചതിനെ പ്രത്യവലോകനം ചെയ്തുകൊണ്ടയച്ച മറുപടിസന്ദേശം കൊളോണിൽ പരസ്യപ്പെടുത്തിയിരിക്കുന്നു. അതിൽ പരിശുദ്ധ പിതാവു പറഞ്ഞിരിക്കുന്നതു്, ലോകചരിത്രത്തിൽ നടന്നിട്ടുള്ളതിൽ ഏററവും ദാരുണമായ മർദ്ദനമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നതു് എന്നാണ്. തിരുസഭയെ ഉൻമൂലനാശം വരുത്തണമെന്നു ദൃഢവ്രതരായിരിക്കുന്ന ഗവമ്മേണ്ടുകിങ്കരന്മാർക്കു സാങ്കേതികജ്ഞാനത്തിന്റെ അമാനുഷികമായ കഴിവുകളും നിയമത്തിന്റെ പിൻബലവും ഒത്തിണങ്ങി സ്വാധീനത്തിലുണ്ടു്. സന്ദേശത്തിൽ തിരുമേനി പശ്ചിമജർമ്മനിയിലുള്ളവർ സോവ്യററധീനതയിൽ നരകിക്കുന്ന അവരുടെ സഹോദരങ്ങൾക്കുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന സഹായങ്ങൾക്കു നന്ദിപ്രകാശിപ്പിച്ചിരിക്കുന്നു.

## മാർപ്പാപ്പായുടെ പ്രതിനിധിക്കു കൊറിയായിൽ സ്വീകരണം

നാലുകൊല്ലം മുമ്പു ഉത്തരകൊറിയായിൽവച്ചു ബന്ധനസ്ഥനാക്കപ്പെടുകയും തടങ്കലിൽനിന്നു രക്ഷപെട്ടു മഞ്ചൂറിയായിൽ അഭയം പ്രാപിക്കുകയും ചെയ്ത മാർപ്പാപ്പായുടെ പ്രതിനിധി മോൺസിഞ്ഞോർ തോമസ് കവിൻലൻ അത്യാഡംബരപൂർവ്വം കൊറിയായിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നു. ടോക്കിയോയായിൽനിന്നു സിയോളിലേക്കു പറന്നെത്തിയ പേപ്പൽ ഡലഗേഷൻ റീജൻറുതിരുമേനിയെ വിമാനത്താവളത്തിൽവച്ചു കൊറിയൻ ബാലകഗായകസംഘം പേപ്പൽഗാനം ആലപിച്ചു സ്വീകരിച്ചു. പൂച്ചെണ്ടുകളും പുഷ്പഹാരങ്ങളുംകൊണ്ടു ദീർഘകായനായ തിരുമേനി മൂടപ്പെട്ടു എന്നു പറയാം. കൊറിയൻ രാഷ്ട്രപതാകകളും പേപ്പൽ പതാകകളും ആകാശമണ്ഡലത്തിൽ പാറിക്കളിച്ചു. തിരുമേനിയോടുകൂടി ബന്ധനത്തിൽ കഴിഞ്ഞുകൂടിയിരുന്നവരുടെ ആനന്ദപ്രകടനങ്ങൾക്കു അതിരില്ലായിരുന്നു. കൊറിയൻ ഗവമ്മേണ്ടിനേയും വിദേശ കാര്യസ്ഥാപനങ്ങളേയും പ്രതിനിധീകരിച്ചു പ്രമുഖോദ്യോഗസ്ഥന്മാർ വിമാനത്താവളത്തിൽവച്ചു തിരുമേനിയെ സ്വീകരിച്ചു. നിരവധി കാറുകളുടേയും ജീപ്പുകളുടേയും അലങ്കരിച്ച ലോറികളുടേയും അകമ്പടിയോടുകൂടി അദ്ദേഹം സിയോൾ കത്തീഡ്രലിലേക്കാനയിക്കപ്പെട്ടു. വൈദികകർമ്മങ്ങൾക്കുശേഷം തിരുമേനി തന്റെ പൂർവ്വകാലസ്മരണകളെ ആസ്പദമാക്കി ഹൃദയസ്പൃക്കായി കൊറിയൻ ഭാഷയിൽ ജനങ്ങളോടു പ്രസംഗിച്ചു. നാലുകൊല്ലങ്ങൾക്കുശേഷം വീണ്ടും അവിടെ മടങ്ങിവന്നതിലുള്ള സന്തോഷവും മാർപ്പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ ആഘോഷമായി അദ്ദേഹത്തെ സ്വീകരിച്ചതിലുള്ള കൃതജ്ഞതയും അദ്ദേഹം രേഖപ്പെടുത്തി. അദ്ദേഹം അവസാനമായി സിയോൾ കത്തീഡ്രലിൽ ഒരു ദിവ്യകർമ്മത്തിൽ സംബന്ധിച്ചതു അന്നു മാർപ്പാപ്പായുടെ പ്രതിനിധിയായിരുന്ന ബിഷപ്പു ബയറൻ തിരുമനസ്സിലെ മെത്രാഭിഷേകചടങ്ങിലായിരുന്നു എന്നും, അതുകഴിഞ്ഞു പതിനേഴുമാസങ്ങൾക്കുശേഷം ഉത്തരകൊറിയായിലെ മരവിപ്പിക്കുന്ന മഞ്ഞിൽ തടങ്കൽപാളയപരിസരങ്ങളിൽ അദ്ദേഹത്തിന്റെ ശവസംസ്കാരം നടത്തുകയുണ്ടായെന്നും അദ്ദേഹം പ്രസ്താവിച്ചപ്പോൾ ജനഹൃദയങ്ങളിൽ ഒരു മരവിപ്പുതന്നെ ഉളവായി. മോൺസിഞ്ഞോർ കവിൻലൻ ഇന്നു അദ്ദേഹത്തിന്റെ സ്ഥാനത്താണു് പേപ്പൽ പ്രതിനിധിയായി നിയമിക്കപ്പെട്ടിരിക്കുന്നതു്.

## പള്ളിപുതുക്കിപ്പണിയുന്നു പക്ഷെ ആരാധനയ്ക്കല്ല

മോസ്കോവിലെ ഏററവും പ്രസിദ്ധപ്പെട്ട പള്ളിയായ സെൻറ് ബേസിൽസ് കത്തീഡ്റൽ "പുതുക്കിപ്പണിയുന്നതിനും പുനഃസംവിധാനം ചെയ്യുന്നതിനും" സോവ്യററ് ഗവർമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടെന്നു് ന്യൂയോർക്ക് ടൈംസിന്റെ മോസ്കോ ലേഖകൻ പ്രസ്തുതപത്രത്തിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

പക്ഷെ, സെൻറ് ബേസിൽസ് പള്ളി, മതകാര്യങ്ങൾക്കല്ല, പ്രത്യുത ഒരു ശില്പകലാസ്മാരകമായിട്ടാണു് ഉപയോഗിക്കപ്പെടാൻ പോകുന്നതെന്നതു് വളരെ ശ്രദ്ധേയമാണ്. ബോൾഷെവിക്കുകൾ അധികാരം പിടിച്ചെടുത്തപ്പോൾ, അവർ ഈ കത്തീഡ്റൽ ഒരു മതവിരുദ്ധമ്യൂസിയമാക്കുകയാണുണ്ടായതു്.

പതിനാറാം ശതകത്തിൽ നിർമ്മിക്കപ്പെട്ട പെട്രോവ്സ്കി സന്യാസിമന്ദിരം നന്നാക്കുന്നതിനും സോവ്യററ് ഗവമ്മെൻറിനു് ഉദ്ദേശമുണ്ടെന്നു് റിപ്പോർട്ടിൽ പറയുന്നു. സെൻറ് ബേസിൽസ്പോലെ ഈ സന്യാസിമന്ദിരവും ബോൾഷെവിക്കു് ഭരണകാലത്തു് മതകാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടില്ല. സന്യാസമന്ദിരത്തിന്റെ ഒരു ഭാഗം ഒരു "ചരിത്രസ്മാരക"മായി മാററുമെന്നു് ടൈംസ് ലേഖകൻ പറയുന്നു. പക്ഷേ, എന്തിന്റെ ഓർമ്മയെ നിലനിർത്താനാണ് ഈ "ചരിത്രസ്മാരക"മെന്നു് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല.

15-ാംതീയതി മുതൽ "കാളൻ'സ് ബുള്ളറിൻ" സ്കൂൾ ലൈബ്രറികൾക്കു സൗജന്യമായി കൊടുക്കുന്നതാണ്. ഉടനെ വിലാസങ്ങൾ അറിയിക്കുക.

കാളൻ, നെല്ലായി

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Pres
Ernakulam—1

